മൗലിക സത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 13 മെയ് 2015 ലക്കം 5



## സഭയെ നിങ്ങൾ എങ്ങനെ കാണുന്നു?

സാക് പുന്നൻ

## ക്രിസ്തു ഉള്ളവനായ ക്രിസ്ത്യാനി

സാധു സുന്ദർ സിംഗ്

JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 13 മെയ് 2015 ലക്കം 5

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും
കൂടിവരവുകൾ സംബന്ധിച്ചും
കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| നെല്ലിപ്പൊയ്യിൽ (കോഴിക്കോട്) | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

# പീഡനത്തിൽ അത്ഭുതമെന്തിന്?



ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിൽ എന്തിനത്ഭുതപ്പെടണം? അവരല്ലേ പീഡിപ്പിക്കപ്പെടേണ്ടത്? പീഡനത്തെ ഉൾക്കൊള്ളാനും അതിനോടു ശരിയായി പ്രതികരിക്കാനും ക്രിസ്ത്യാനികൾക്കല്ലേ കഴിയൂ?... സത്യം മാത്രമേ പീഡിപ്പിക്കപ്പെടുകയുള്ളു. അസത്യം വിട്ടുവീഴ്ചകളിലൂടെ, ഒത്തു തീർപ്പുകളിലൂടെ, സ്വയരക്ഷ കണ്ടെത്തും.

***- സി.എസ്. ലൂയിസ്***

## ധൈര്യമുള്ളവരായിരിക്കുവിൻ!




ബലവും ധൈര്യവുമുള്ളവരായിരിപ്പിൻ; അവരെ പേടിക്കരുത്, ഭ്രമിക്കയുമരുത്;
നിന്റെ ദൈവമായ യഹോവ തന്നേ നിന്നോടുകൂടെ പോരുന്നു;
അവൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല. ആവ. 31:6.

എഡിറ്റോറിയൽ

# വെളിപ്പാടിന്മേൽ പണിയപ്പെടുന്ന സഭ



**സഭ** പണിയപ്പെടുന്നത് ഉപദേശങ്ങളുടെ മേൽ അല്ല, ഒരു വെളിപ്പാടിലാണ്. ഉപദേശങ്ങളുടെ പിന്നിൽ വാക്കുകളേ ഉള്ളു. വെളിപ്പാടിനു പിന്നിൽ ദൈവം തന്നെയാണുള്ളത്.

വെളിപ്പാട് (revelation) - സഭ അതിന്മേലാണു പണിയപ്പെടുന്നതെന്നു യേശുക്രിസ്തു തന്നെയാണു പറഞ്ഞത്. "നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്ന് അവൻ ചോദിച്ചതിനു ശിമോൻ പത്രൊസ്: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് ഉത്തരം പറഞ്ഞു. യേശു അവനോട്... സ്വർഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇതു വെളിപ്പെടുത്തിയത്... ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (മത്താ. 16:15-18).

തങ്ങളോടൊപ്പം നടന്ന, സഹവസിച്ച, നസറേത്തിലെ തച്ചൻ ജീവനുള്ള ദൈവത്തിന്റെ പുത്രൻ എന്ന വെളിപ്പാടാണു പത്രൊസിനു ലഭിച്ചത്. അതു സർഗസ്ഥനായ പിതാവ് തന്നെ വെളിപ്പെടുത്തിക്കൊടുത്തതു കൊണ്ടാണു പത്രൊസിനു ലഭിച്ചതും. ഈ വെളിപ്പാടിന്മേലാണു സഭ പണിയപ്പെടുന്നതെന്നു യേശു പറഞ്ഞു.

സഭയുടെ പണിയിൽ തുടർന്നു ദൈവം ഏറ്റവും കൂടുതൽ ഉപയോഗിച്ച പൗലൊസും തനിക്കു ലഭിച്ച വെളിപ്പാടിന്മേലാണു സഭയെ പണിയുന്നത്. 'യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനത്തിന്മേൽ ഞാൻ ജ്ഞാനമുള്ളോരു പ്രധാന ശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നുവെന്നും മറ്റൊരുത്തൻ മീതെ പണിയുന്നുവെങ്കിൽ താൻ എങ്ങനെ പണിയുന്നു എന്ന് ഓരോരുത്തനും നോക്കിക്കൊള്ളട്ടെ' എന്നുമാണു പൗലൊസ് താൻ നിർവഹിക്കുന്ന സഭയുടെ പണിയെക്കുറിച്ചു പറയുന്നത് (1 കൊരി. 3:10,11). എന്നാൽ ഈ വലിയ പണിയുടെ തുടക്കം, സ്രോതസ്സ്, നാം അന്വേഷിച്ചു പോയാൽ നാം എത്തുന്നതു പൗലൊസിനു ലഭിച്ച ഒരു വെളിപ്പാടിലാണ്. ആ വെളിപ്പാടിനെക്കുറിച്ചു പൗലൊസ് വിവരിക്കുന്നു: - 'അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ' എന്നു ഗലാത്യ ലേഖനത്തിലും (1:16), 'ഞാൻ സ്വർഗീയ ദർശനത്തിന് അനുസരണക്കേടു കാണിക്കാതെ' എന്ന് അപ്പൊസ്തല പ്രവൃത്തികളിലും (26:19).

പൗലൊസിനു ലഭിച്ച ഈ വെളിപ്പാടും പത്രൊസിന്റെ കാര്യത്തിലെന്ന പോലെ സ്വർഗം തന്നെ അദ്ദേഹത്തിനു വെളിപ്പെടുത്തിക്കൊടുത്തതാണ് എന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുന്നതു ശ്രദ്ധിക്കുക. അല്ലെങ്കിൽ പൗലൊസിനു യേശുവിന്റെ ദൈവത്വത്തിൽ ഒരിക്കലും

വിശ്വസിക്കാൻ സാധ്യമല്ല. ഗമാലിയേലിന്റെ പാദപീഠത്തിലിരുന്നു യെഹൂദാ ന്യായപ്രമാണം മുഴുവൻ ഉരുക്കഴിച്ചു പഠിച്ചവനാണവൻ. അങ്ങനെയൊരുവൻ 'യഹോവയല്ലാതെ മറ്റൊരു ദൈവവും നിനക്കുണ്ടാകരുത്' എന്ന ഒന്നാം കല്പന തന്നെ ലംഘിച്ചു നസറേത്തിലെ തച്ചൻ ദൈവമാണെന്നു വിശ്വസിക്കണമെങ്കിൽ വെളിപ്പാടില്ലാതെ കഴിയുമോ? 'യിസ്രായേലേ കേൾക്ക നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്' (ഷെമാ യിസ്രായേൽ, യാഹ്വേ എലോഹേനു യാഹ്വെ എഖഡ്) – എന്നു ദിവസം തോറും ഏറ്റു പറഞ്ഞു വിശ്വാസപ്രമാണം ഉള്ളിൽ ഉറപ്പിച്ചിരുന്നവന് 'ദൈവം ത്രിത്വമാണെന്നും ദൈവപുത്രനാണു യേശുവെന്നും' ഒരു സ്വർഗീയ ദർശനം കൂടാതെ അംഗീകരിക്കുവാൻ കഴിയുമോ?

ആട്ടെ, ദൈവത്തെക്കുറിച്ച് ഒരു വെളിപ്പാടു ലഭിച്ചു കഴിയുമ്പോൾ അതു പ്രാഥമികമായും ഒരുവനെ എന്തിലേക്കാണു നടത്തുന്നത്? അതിനെക്കുറിച്ചു മോശെയോടു ദൈവം തന്നെ പറയുന്നത് ഇങ്ങനെയാണ്: "ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല" (പുറ.33:20). ദൈവത്തെ ദൈവമായിരിക്കുന്ന നിലയിൽ കണ്ടു കഴിഞ്ഞാൽ, തന്നെ തന്റെ തേജസ്സിലും മഹത്വത്തിലും ദർശിച്ചാൽ, ഒരു മനുഷ്യനും പിന്നെ പഴയതുപോലെ ആയിരിക്കാൻ കഴികയില്ല. അവൻ പിന്നെ 'ജീവനോടെ ഇരിക്കുകയില്ല' എന്നു പറഞ്ഞാൽ അവന്റെ പ്രാണൻ പോകും എന്നല്ല അതിനപ്പുറത്ത് അവന്റെ സ്വന്തജീവനിൽ (sef life) ഒരു വലിയ തകർച്ച നേരിടും എന്നാണു ദൈവത്തെ കണ്ട ഭക്തന്മാരുടെ അനുഭവങ്ങളിൽ നിന്നു നാം മനസ്സിലാക്കുന്നത്. അവരുടെ സ്വയബലം വലിയൊരളവിൽ നുറുങ്ങിപ്പോകും. സ്വന്തം കുറവുകളെക്കുറിച്ച് ഏറെ ബോധ്യം ലഭിക്കും. ദൈവിക വെളിച്ചത്തിനു മുന്നിൽ പൊടുന്നനെ നഗ്നനായി പോയതുപോലെ. താൻ ഒന്നുമില്ല എന്ന് തിരിച്ചറിവിലേക്കും വലിയ അനുതാപത്തിലേക്കും അത് അവനെ നയിക്കും. അവന്റെ സ്വയം (self) പഴയതുപോലെ പിന്നെ 'ജീവിച്ചിരിക്കുകയില്ല.'

ആദിമ ഭക്തൻ ഇയ്യോബിന്റെ അനുഭവം കാണുക: തന്റെ സ്വയനീതിയെക്കുറിച്ചുള്ള പ്രശംസയുടെയും അർഹിക്കുന്നതു ലഭിച്ചില്ല എന്ന പരാതികളുടെയും നാല്പതിൽ പരം അധ്യായങ്ങൾ പിന്നിട്ട് ഒടുവിലത്തെ അധ്യായത്തിലേക്കു വരുമ്പോൾ ഇയ്യോബിന്റെ ഏറ്റു പറച്ചിൽ ഇങ്ങനെ: 'ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ ഞാൻ എന്നെത്തന്നെ വെറുത്തു പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു' (42:5,6).

യാക്കോബിനു യാബ്ബോക്കു കടവിൽ ദൈവവുമായി ഒരു മുഖാമുഖം ഉണ്ടായതിന്റെ ഫലം എന്തായിരുന്നു? സ്വാഭാവിക ബലം തകർന്ന് അക്ഷരാർഥത്തിൽ തന്നെ അവൻ മുടന്തനായിത്തീർന്നു (ഉൽപ. 32:31).

പുതിയ നിയമ സഭയുടെ നിഴലായ 'മരുഭൂമിയിലെ സഭ'യായ (പ്രവൃ. 7:38) യിസ്രായേലിന്റെ മുഖ്യ നടത്തിപ്പുകാരനായ മോശെയ്ക്കും ഇതേ അനുഭവം ഉണ്ടായതായി നാം കാണുന്നു. നേരത്തെ 'മിസ്രയീമ്യരുടെ സകല ജ്ഞാനവും അഭ്യസിച്ചു വാക്കിലും പ്രവൃത്തിയിലും സമർത്ഥനായി'രുന്ന (പ്രവൃ. 7:22) അവൻ യിസ്രയേലിനെ നയിക്കാൻ

▶ *ശേഷം പേജ് 41*

സന്ദേശം

# സഭയെ നിങ്ങൾ എങ്ങനെ കാണുന്നു?

സാക് പുന്നൻ

"ക്രിസ്തു സഭയെ സ്നേഹിച്ചു. തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു" (എഫെ. 5:25,27).

നാം നമ്മുടെ ജീവിതം ആർക്കെങ്കിലും വേണ്ടിയോ എല്ലാവർക്കും വേണ്ടിയോ കൊടുക്കുകയില്ല. എന്നാൽ ചിലർക്കുവേണ്ടി നാം നമ്മുടെ സ്വന്ത ജീവൻ പോലും കൊടുക്കും.

ഉദാഹരണത്തിന് നിങ്ങളുടെ കുഞ്ഞ് മരിക്കാൻ പോകുകയാണ്. നിങ്ങളുടെ വൃക്ക കൊടുക്കേണ്ട ആവശ്യം വന്നാൽ ജീവൻ അപകടത്തിലാകാൻ സാധ്യത ഉണ്ടെങ്കിലും തീർച്ചയായും നിങ്ങൾ വൃക്ക കൊടുക്കാൻ തയ്യാറാകും. കുഞ്ഞിന്റെ ജീവൻ രക്ഷിക്കുവാൻ സന്തോഷത്തോടെ സ്വന്ത ജീവൻ നിങ്ങൾ ത്യജിക്കും. എന്നിരുന്നാലും ഒരു

*ഭൂമിയിൽ മഹത്തായ മൂല്യമുള്ളതൊന്നും സ്വർഗത്തിൽ വിലയുള്ളതല്ല എന്നു നാം ഓർക്കേണ്ടതാണ്.*



അപരിചിതനു വേണ്ടി ഒരുപക്ഷേ നിങ്ങൾ അങ്ങനെ ചെയ്യുകയില്ല. നിങ്ങളുടെ ഏറ്റവും അടുത്ത അയൽക്കാരനാണെങ്കിൽ പോലും അങ്ങനെ ചെയ്യുമോ? നാം ആർക്കെങ്കിലും വേണ്ടി എന്തെങ്കിലും ചെയ്യുന്നത് നാം അവരെ വിലമതിക്കുന്നതിന്റെ അളവിന് അനുസരിച്ചാണ്.

മുകളിൽ കൊടുത്ത വാക്യത്തിൽ നാം വായിക്കുന്നത് ക്രിസ്തു സഭയെ സ്നേഹിച്ചു- അത് ഞാനും നിങ്ങളുമാണ്- അവിടുത്തെ ജീവനും നമുക്കു വേണ്ടി തന്നു. നാം അവിടുത്തേക്ക് വിലയേറിയവരായി തോന്നിയതിനാൽ അവിടുന്ന് അവിടുത്തെ മുഴു ജീവനും നമുക്കു വേണ്ടി നല്കുവാൻ മനസ്സുള്ളവനായിരുന്നു.

നാമെല്ലാം പറയാറുണ്ട് നമുക്കു യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹമുണ്ടെന്ന്. എന്നാൽ നാം എങ്ങനെയാണ് തന്നെ അനുഗമിക്കുന്നത്? നിത്യത മുഴുവൻ യേശുവിനോടു കൂടെ വസിക്കുവാൻ സ്വർഗത്തിലേക്കു പോകുന്നതു മാത്രമാണോ നാം ചിന്തിക്കുന്നത്? ഒന്നാമതായി അവിടുത്തെ സഭയിലുള്ള ഓരോരുത്തരെയും സ്നേഹിച്ച് അവർക്കുവേണ്ടി സ്വന്ത ജീവൻ പോലും കൊടുക്കുവാൻ തയ്യാറാകുന്ന തരത്തിൽ ഭൂമിയിൽ യേശുവിനെ അനുഗമിക്കാൻ നമുക്കു തുടങ്ങരുതോ? തെക്കേ അമേരിക്കയോ റഷ്യയോ പോലുള്ള വിദൂര സ്ഥലങ്ങളിലെ സഹോദരന്മാരെയും സഹോദരികളെയും സ്നേഹിക്കുന്നത് വളരെ എളുപ്പമാണ്. എന്തുകൊണ്ടെന്നാൽ നാം അവരെ ഒരിക്കലും കാണുന്നില്ല. അവരിലാരും നമ്മുടെ ക്ഷമയെ പരീക്ഷിക്കുകയുമില്ല!! നമുക്കവരെ കാണാൻ സാധിക്കാത്തതുകൊണ്ട് അവർക്കുവേണ്ടി നമ്മുടെ ജീവനെ വെച്ചുകൊടുക്കുവാൻ കഴിയുകയില്ല.

നമ്മെ അളവു കൂടാതെ താൻ സ്നേഹിക്കുന്നു എന്നൊരു സന്ദേശം യേശു സ്വർഗ്ഗത്തിൽ ഇരുന്നു കൊണ്ട് അയച്ചു തരികയായിരുന്നില്ല. അവിടുന്നു ഭൂമിയിലേക്കു വന്നു തന്റെ ജീവൻ വച്ചുകൊണ്ട് തന്റെ സ്നേഹം നമ്മെ കാണിക്കുകയായിരുന്നു. സഭയോടുള്ള നമ്മുടെ സ്നേഹം, വാക്കുകളാലല്ല നാമും പ്രകടിപ്പിക്കേണ്ടത്. മറിച്ചു നമ്മോടുകൂടെ അവിടുന്ന് ആക്കി വച്ചിട്ടുള്ളവർക്കുവേണ്ടി നമ്മുടെ ജീവനെ വെച്ചു കൊടുക്കുന്നതിൽക്കൂടിയാണതു കാണിക്കുവാൻ കഴിയുക.

നമ്മുടെ ബഹുമാനം, അന്തസ്, അവകാശങ്ങൾ, പ്രതീക്ഷകൾ തുടങ്ങിയവയെല്ലാം പ്രാദേശിക സഭയിൽ നമ്മോടു കൂടെ ദൈവം ആക്കിയിരിക്കുന്ന സഹോദരന്മാർക്കും സഹോദരിമാർക്കും വേണ്ടി ത്യജിക്കുവാൻ നാം തയ്യാറാണോ? നാം അങ്ങനെ ആണെങ്കിൽ മാത്രമേ യേശു കർത്താവിന് നമ്മിൽ കൂട്ടായ്മയും ആത്മാവിലുള്ള ഐക്യതയും കാണുവാൻ കഴിയുകയുള്ളു.

മാനസാന്തരപ്പെട്ടു എങ്കിലും കർത്താവിനു വേണ്ടി പൂർണ്ണ ഹൃദയത്തോടെ ജീവിക്കാതിരുന്ന ഒരു ചെറുപ്പക്കാരനെപ്പറ്റി ഞാൻ വായിച്ചിട്ടുണ്ട്. ഒരു ദിവസം അവനുണ്ടായ സ്വപ്നത്തിൽ അവൻ മരിക്കുന്നതും സ്വർഗത്തിൽ പ്രവേശിക്കുന്നതുമായി അവൻ കണ്ടു. അവിടെ അവന്റെ ജീവിതത്തിന്റെ പുസ്തകത്തിൽ 'ക്ഷമിച്ചിരിക്കുന്നു' എന്നു എഴുതിയിരിക്കുന്നതു കണ്ടു. തന്നോട് ക്ഷമിച്ചിരിക്കുന്നതിലും സ്വർഗത്തിൽ ആയിരിക്കുന്നതിലും അവൻ വളരെ സന്തോഷിച്ചു.

എന്നാൽ അവിടെ ചില വിശ്വാസികളെ തേജസ്സിന്റെ ഒരു പ്രത്യേക പരിവേഷത്തോടു കൂടി അവൻ കണ്ടു. അവർ ഭൂമിയിൽ കർത്താവിനു വേണ്ടി തങ്ങളുടെ ജീവൻ വെച്ച രക്തസാക്ഷികൾ ആയിരുന്നു. അവർ കർത്താവിനു വേണ്ടിയും തങ്ങളുടെ സഭയ്ക്കു വേണ്ടിയും എല്ലാം ഉപേക്ഷിച്ചവരായിരുന്നു. അവർ പണവും സ്ഥാനവും മാനവും ലോകം വിലമതിച്ചിരുന്നതെല്ലാം കർത്താവിനു വേണ്ടി ത്യജിച്ചവരായിരുന്നു.

സ്വർഗത്തിൽ അവരുടെ വലിയ തേജസ് കണ്ട് ഈ ചെറുപ്പക്കാരൻ അസൂയപ്പെട്ടു. അപ്പോൾ സ്വപ്നത്തിൽ യേശു അവന്റെ അടുത്തു വന്നു പറഞ്ഞു: അവൻ ഇപ്പോൾ കണ്ട ഈ തേജസ്സേറിയ മനുഷ്യരുമായി ചേർന്നു പോകുവാൻ അവനു അസാധ്യമായിരിക്കും. എന്തുകൊണ്ടെന്നാൽ അവരെപ്പോലെ അല്ല മറിച്ച് അവൻ ഭൂമിയിൽ അവന് വേണ്ടി മാത്രമാണ് ജീവിച്ചത്. ഇതു കേട്ട് അവൻ ഹൃദയം തകർന്നു. അവന്റെ സ്വാർത്ഥത നിറഞ്ഞ ജീവിതത്തിന്റെ ഓർമ്മയിൽ നിത്യത മുഴുവൻ ജീവിക്കേണ്ടി വരും എന്നു തിരിച്ചറിഞ്ഞു. ഒരു രണ്ടാം അവസരം നല്കാനായി അവൻ കർത്താവിനോട് അഭ്യർത്ഥിച്ചു. എന്നാൽ കർത്താവ്, മരണശേഷം രണ്ടാമതൊരു അവസരമില്ല എന്ന് അവനോടു പറഞ്ഞു.

അപ്പോൾ അവൻ ഉണർന്നു. അവൻ ജീവനോടിരിക്കുന്നതിനു നന്ദി പറയുകയും താൻ കണ്ടതെല്ലാം സ്വപ്നമായിരുന്നു എന്നു തിരിച്ചറിയുകയും ചെയ്തു. അതിനുശേഷം തന്റെ ശേഷിച്ച ജീവിതം മുഴുവനായി, കർത്താവിനായി ജീവിച്ച് ഒരു വലിയ ദൈവമനുഷ്യനായിത്തീരുവാനും അവൻ തീരുമാനിച്ചു.

നാം മരിക്കുമ്പോൾ പെട്ടെന്ന് യേശുവിന്റെ ഒരു പൂർണ്ണഹൃദയ ശിഷ്യനായി രൂപാന്തരം പ്രാപിക്കുവാൻ നമുക്കു കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ ദൈവം ആരെയും അവന്റെ ഇഷ്ടത്തിനെതിരായി രൂപാന്തരപ്പെടുത്തുകയില്ല. ആത്മാവിന്റെ പ്രവൃത്തിയുമായി ഇപ്പോൾ ഹൃദയത്തിൽ അവിടുത്തോടു സഹകരിക്കുവാൻ തയ്യാറാണെങ്കിൽ മാത്രമേ അവിടുന്നു നമ്മിൽ മാറ്റം വരുത്തുകയുള്ളു. പരിശുദ്ധാത്മാവ് വന്നത് ദിവ്യസ്വഭാവത്തിനു നമ്മെ കൂടുതൽ കൂടുതൽ പങ്കാളികളാക്കുവാനാണ്.

നാം മരിക്കുമ്പോൾ പെട്ടെന്ന് യേശുവിന്റെ ഒരു പൂർണ്ണഹൃദയ ശിഷ്യനായി രൂപാന്തരം പ്രാപിക്കുവാൻ നമുക്കു കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ ദൈവം ആരെയും അവന്റെ ഇഷ്ടത്തിനെതിരായി രൂപാന്തരപ്പെടുത്തുകയില്ല. ആത്മാവിന്റെ പ്രവൃത്തിയുമായി ഇപ്പോൾ ഹൃദയത്തിൽ അവിടുത്തോടു സഹകരിക്കുവാൻ തയ്യാറാണെങ്കിൽ മാത്രമേ അവിടുന്നു നമ്മിൽ മാറ്റം വരുത്തുകയുള്ളു. പരിശുദ്ധാത്മാവ് വന്നത് ദിവ്യസ്വഭാവത്തിനു നമ്മെ കൂടുതൽ

കൂടുതൽ പങ്കാളികളാക്കുവാനാണ്.

ഭൂമിയിൽ മഹത്തായ മൂല്യമുള്ള തൊന്നും സ്വർഗത്തിൽ വിലയുള്ള തല്ല എന്നും നാം ഓർക്കേണ്ടതാണ്. ഭൂമിയിൽ മൂല്യമുള്ള എന്തെങ്കിലും നഷ്ടപ്പെട്ടാൽ അതു നിത്യതയിൽ സാരമില്ലാത്ത കാര്യമാണ്. അതു പോലെ ഭൂമിയിൽ വളരെ വിലപ്പെട്ട തായ എന്തെങ്കിലും നിങ്ങൾ നേടി യാൽ അത് സ്വർഗത്തിൽ ഒരു പ്രയോ ജനവും ചെയ്യുന്നതല്ല.

പ്രത്യേകിച്ചു യുവാക്കളോടു ഞാൻ പറയട്ടെ. നിങ്ങളുടെ സ്നേഹി തരുടെ ഇടയിൽ നിങ്ങൾക്കുള്ള ജന പ്രീതി സ്വർഗത്തിൽ ഒരു വിലയും ഉള്ളതല്ല.

നിങ്ങളുടെ പരീക്ഷകൾക്കു വേണ്ടി നിങ്ങൾ കഠിനമായി പഠിച്ചേ പറ്റുകയുള്ളു. എന്നാൽ നല്ല മാർക്ക് നിത്യതയിൽ നിങ്ങളുടെ തേജസ്സ് വർദ്ധിപ്പിക്കുകയില്ല. നിങ്ങൾ പൂർണ ഹൃദയത്തോടെ ദൈവത്തിനായി ജീവിക്കുവാൻ ആഗ്രഹിക്കുന്നുവെ ങ്കിൽ, നിങ്ങളുടെ മാർക്കുകൾ എന്തു തന്നെ ആയിരുന്നാലും നിങ്ങളുടെ യോഗ്യതകൾ എന്തു തന്നെ ആയി രുന്നാലും ഒരു ജോലിക്കു വേണ്ടി ഏറ്റവും ശരിയായ വാതിൽ തന്നെ കർത്താവ് നിങ്ങൾക്കു വേണ്ടി തുറ ക്കും.

നിങ്ങൾ കണക്കിനു മിടുക്കന്മാര ല്ലായിരുന്നതുകൊണ്ട് ദൈവഹിതം കൈവിട്ടു പോകുക അസാധ്യമാണ്. എന്നാൽ നിങ്ങൾക്കു മറ്റുള്ളവരോടു ക്ഷമിക്കാൻ കഴിയുമെങ്കിൽ, നിങ്ങൾക്കു ദോഷം ചെയ്യുന്നവർക്കു നന്മ ചെയ്യുമെങ്കിൽ നിങ്ങളെ ശപി ക്കുന്നവരെ അനുഗ്രഹിക്കുമെങ്കിൽ, യേശുവിനെ അനുഗമിക്കുകയും അവിടുത്തെ സഭ പണിയുവാൻ ശ്രമി ക്കുകയും ചെയ്യുമെങ്കിൽ നിങ്ങളുടെ ഭൂമിയിലെ ജീവിതത്തിനാവശ്യമായ ഭൗതികമായ എല്ലാ വസ്തുക്കളും അവിടുന്നു നിങ്ങൾക്കു നൽകുന്ന തായി കാണാൻ കഴിയും.

വർഷങ്ങളായി സഭയിൽ നിന്നു നിങ്ങൾക്കു ലഭിച്ച ആത്മീയ ഭക്ഷ ണത്തെ നിങ്ങൾ വിലമതിക്കുന്നു ണ്ടെങ്കിൽ സഭയെ നിങ്ങൾ വളരെയ ധികം പ്രശംസിക്കും. നിങ്ങളെ ഒരു ഭക്ഷണത്തിനു ക്ഷണിച്ച ഒരുവനോട് നിങ്ങൾ എത്ര നന്ദിയുള്ളവനാ ണെന്ന് ആലോചിച്ചു നോക്കുക. ഒരു സഭയിൽ നിന്നു വർഷങ്ങളായി സ്ഥിരമായി ലഭിച്ചുകൊണ്ടിരുന്ന ആത്മീയ ഭക്ഷണത്തിനു നിങ്ങൾ എത്രയധികം നന്ദിയുള്ളവരായിരി ക്കണം!

അല്ലെങ്കിൽ ഈ കാര്യം വേറൊരു വഴിയിൽ ചിന്തിക്കുക. ഇങ്ങനെ സങ്കൽപിക്കുക: നിങ്ങളുടെ കുഞ്ഞു ങ്ങളെ നോക്കിയിരുന്ന ഒരാൾ, എല്ലാ ആപത്തുകളിൽ നിന്നും അവരെ കാത്തു സൂക്ഷിച്ചു. അവർ രോഗിക ളായിരുന്നപ്പോൾ അവരെ ശുശ്രൂ ഷിച്ചു. അവർ നിരാശരായിരുന്ന പ്പോൾ അവരെ ഉത്സാഹിപ്പിച്ചു. അവ രുടെ പഠിത്ത കാര്യങ്ങളിൽ അവരെ സഹായിച്ചതുകൊണ്ട് നല്ല മാർക്കു കൾ കിട്ടി. ഈ മനുഷ്യൻ ഇതെല്ലാം ചെയ്തത് ഒന്നോ രണ്ടോ ദിവസത്തേ ക്കല്ല. എന്നാൽ അനേക വർഷങ്ങൾ ഇങ്ങനെ ചെയ്ത ആളോട് നിങ്ങൾ നന്ദിയുള്ളവനായിരിക്കയില്ലയോ?

നിങ്ങളുടെ കുഞ്ഞുങ്ങളെ സംര ക്ഷിച്ചതിന് ഉള്ള അത്രയുമെങ്കിലും നന്ദി നിങ്ങൾക്കു സഭയോട് ഇല്ലേ? അനേക വിശ്വാസികളും ആത്മീയ മായി വളരാത്തതിന്റെ കാരണം അവർ സഭയിൽ നിന്നു ലഭിച്ചവ യ്ക്കായി സഭയോടു നന്ദിയുള്ളവരാ യിരിക്കുന്നില്ല എന്നതാണ്. സഭയിൽ

നിന്നു വിട്ടുപോയ പലരും അനേക വർഷങ്ങളായി സഭയിൽ നിന്നു സൗജന്യമായി ലഭിച്ചതിനെല്ലാം പൂർണമായ നന്ദികേടു കാണിച്ചവരാണ്.

ലൂക്കൊസ് 17:15ൽ സൗഖ്യം പ്രാപിച്ച 10 കുഷ്ഠരോഗികളെപ്പറ്റി നാം വായിക്കുന്നു. എന്നാൽ അവരിൽ ഒരുവൻ മാത്രമേ കർത്താവിന്റെ അടുത്തേക്കു നന്ദി പറയാനും ദൈവത്തെ മഹത്വപ്പെടുത്താനും മടങ്ങി വന്നുള്ളു. അവർക്ക് ആവശ്യം ഉണ്ടായിരുന്നപ്പോൾ അവരെല്ലാവരും ശബ്ദമുയർത്തി കരുണയ്ക്കു വേണ്ടി യാചിച്ചിരുന്നു. എന്നാൽ അവർ സൗഖ്യമായ ശേഷം ഒൻപതു പേർ അവർക്കു ലഭിച്ച നന്മയ്ക്കു നന്ദിയില്ലാത്തവരായി. ഒരാൾ മാത്രം നന്ദി പറയാൻ എത്തി. അന്നു പലസ്തീനിൽ മറ്റുള്ള ആയിരക്കണക്കിന് ആളുകളും സൗഖ്യം പ്രാപിച്ചിട്ടുണ്ട്. എന്നാൽ അവരിൽ മിക്കവരും ഒരിക്കലും കർത്താവിന് നന്ദി പറഞ്ഞിട്ടില്ല.

എന്നാൽ ഈ ശമര്യക്കാരൻ തിരികെ വന്നു കർത്താവിനു നന്ദി പറഞ്ഞു. അവൻ കർത്താവിനോട് ഇങ്ങനെ പറഞ്ഞു കാണും: “കർത്താവേ, അവിടുന്ന് ഇപ്പോൾ എന്നെ സൗഖ്യമാക്കിയതുമൂലം എന്തു വ്യത്യാസപ്പെട്ട ജീവിതമായിരിക്കും എനിക്ക് ഭാവിയിൽ ഉണ്ടാകാൻ പോകുന്നത്! എനിക്ക് പട്ടണത്തിനുള്ളിൽ പോകാം. എനിക്ക് എന്റെ കൂടുംബത്തിലേക്കു മടങ്ങിപ്പോകാം. അവിടുന്ന് എന്റെ ജീവിതത്തിലേക്കു സന്തോഷം കൊണ്ടുവന്നു. ഈ അനുഗ്രഹങ്ങൾ ഒന്നും താനെ സംഭവിച്ചതായി ഞാൻ എടുക്കുന്നില്ല. ഞാൻ എല്ലാം അങ്ങേയ്ക്ക് കടപ്പെട്ടിരിക്കുന്നു. എന്റെ ജീവിതത്തിലെ എല്ലാ അനുഗ്രഹങ്ങൾക്കായും കർത്താവേ ഞാൻ ആഴമായി നന്ദിയുള്ളവനാണ്.”

അവനിൽ പ്രകടമായ നന്ദിയുടെ ആത്മാവിനെ യേശു അഭിനന്ദിച്ചു. അപ്പോൾ യേശു ചിലതു കൂടി അവനു കൊടുത്തു. അവിടുന്ന് അവനോട് ‘നിന്റെ വിശ്വാസമാണ് നിന്നെ രക്ഷിച്ചത്’ എന്നു പറഞ്ഞു. സൗഖ്യമായ ആ കുഷ്ഠരോഗിക്ക് സൗഖ്യത്തേക്കാൾ കൂടിയ എന്തോ കർത്താവിൽ നിന്നു ലഭിച്ചു. അവന് സൗഖ്യം ലഭിച്ചു കഴിഞ്ഞിരുന്നു. എന്നാൽ അവൻ നന്ദിയുള്ളവൻ ആയിരുന്നതു കൊണ്ട് അവന് രക്ഷയും ലഭിച്ചു. സ്വർഗത്തിൽ ചെല്ലുമ്പോൾ ഈ ശമര്യക്കാരനെ ഞാൻ അവിടെ കാണുമെന്ന് എനിക്ക് നിശ്ചയമുണ്ട്. എന്നാൽ മറ്റേ ഒൻപതു പേരിൽ ആരെയെങ്കിലും അവിടെ കാണുമോ എന്നെനിക്കു നിശ്ചയമില്ല. നിങ്ങൾ കർത്താവിനു നന്ദി പറയുവാൻ വരുമ്പോൾ മറ്റുള്ളവർക്കു ലഭിക്കുന്നതിൽ അധികം നിങ്ങൾക്കു ലഭിക്കുന്നു.

കർത്താവ് തന്റെ സഭയുടെ മദ്ധ്യേയുണ്ട്. അതവിടുത്തെ ഭൂമിയിലെ ശരീരമാണ്. നാം കർത്താവിനോടുള്ള അഭിനന്ദനം കാണിക്കുന്നത് അവിടുത്തെ ശരീരത്തെ വിലമതിക്കുന്നതിനാലാണ്.

നിങ്ങൾ സഭയെ വിവേചിച്ചറിയുകയും വിലമതിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കായിരിക്കാം നഷ്ടം. സഭയ്ക്കല്ല. സഭയെ വിലമതിച്ചിട്ടുള്ളവരെയും സഭയിൽ നിന്നു ലഭിച്ചവയ്ക്കായി നന്ദി പറഞ്ഞവരെയും ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചിട്ടുണ്ട്.

നമ്മുടെ കുഞ്ഞുങ്ങളെ ലോകത്തിൽ നിന്നും സംരക്ഷിച്ചതിനായി

നാം സഭയോട് എത്രമാത്രം നന്ദിയുള്ളവരായിരിക്കണമെന്ന് ചിന്തിച്ചു നോക്കുക! വ്യക്തിപരമായി എനിക്കിത് സാക്ഷ്യം പറയുവാൻ കഴിയും. എന്റെ മൂത്ത മകന് ആറു വയസ്സായപ്പോൾ മുതൽ എന്റെ നാലു മക്കളും സഭയിലെ ചെറുപ്പക്കാരായ സഹോദരന്മാരുടെ മദ്ധ്യത്തിലാണു വളർന്നു വന്നത്. ഈ വിശേഷ ഭാഗ്യത്തിനായി ദൈവത്തോടു നന്ദി പ്രകടിപ്പിക്കുവാൻ എനിക്കു വാക്കുകളില്ല. ഈ ചെറുപ്പക്കാരായ സഹോദരന്മാർ പൂർണരല്ലായിരുന്നു. അവർക്ക് അനേക ബലഹീനതകളുണ്ടായിരുന്നു. എന്നാൽ ഇങ്ങനെയൊക്കെ ആയിരുന്നിട്ടും എന്റെ മക്കളെല്ലാം അവരാൽ സഹായിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ ആ സഹോദരന്മാർ ആത്മാർത്ഥത ഉള്ളവരായിരുന്നു. മാതാപിതാക്കൾക്കു തനിയെ ആ ജോലി ചെയ്യുവാൻ കഴിയുകയില്ല. കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടു വരുന്നതിനു സഭയിലെ സഹോദരന്മാരുടെയും സഹോദരികളുടെയും സഹായം നമുക്കാവശ്യമാണ്.

നിർഭാഗ്യവശാൽ ആനേകരും തങ്ങളുടെ സ്ഥലം സഭയെ വിലമതിക്കുന്നത് അവർ അതു വിട്ടു പോകുമ്പോൾ മാത്രമാണ്. ദാവീദ് ഒരിക്കൽ തന്റെ സ്വന്ത പട്ടണമായ ബെത്‌ലഹേമിലെ കിണറ്റിൽ നിന്നും കുറച്ചു വെള്ളം കുടിക്കുവാൻ ആഗ്രഹിച്ചു. മറ്റേതെങ്കിലും സ്ഥലത്തെ വെള്ളത്തിനില്ലാത്ത ഒരു പ്രത്യേകരുചി അതിനുണ്ടായിരുന്നു (2ശമു. 23:5). അതേ രീതിയിൽ അനേകരും സഭയിലെ യോഗങ്ങൾക്കു വേണ്ടി ആഗ്രഹിക്കുന്നത് അവിടെ നിന്നു സ്ഥലം മാറിപ്പോയ ശേഷമോ ദൂരെയുള്ള സ്ഥലത്തേക്ക് പോകേണ്ടി വരുമ്പോഴോ ആണ്. സഭയിലുള്ള സഹോദരന്മാരെയും സഹോദരികളെയും വിലമതിക്കുന്നതിനും വിവേചിച്ചറിയുന്നതിനും പഠിക്കാനായി നിങ്ങൾ ഭവനത്തിൽ നിന്നും ദൂരെ പോകുന്നതു വരെ കാത്തിരിക്കേണ്ട ആവശ്യമില്ല. നിങ്ങൾക്ക് അത് ഇപ്പോൾ തന്നെ ചെയ്യാം.

എന്തുകൊണ്ടാണ് നിങ്ങളുടെ പ്രാദേശിക സഭയിലെ സഹോദരീ സഹോദരന്മാരെ വിലമതിക്കാൻ നിങ്ങൾക്കു പ്രയാസം തോന്നുന്നത്? അവരിൽ അനേക തെറ്റുകൾ കാണുന്നു എന്നു നിങ്ങൾ പറഞ്ഞേക്കാം.

ആളുകൾക്ക് സ്വന്തം കണ്ണിൽ എന്തെങ്കിലും പ്രശ്നമുള്ളപ്പോൾ അവരുടെ കണ്ണിനു മുമ്പിൽ എല്ലാ സമയത്തും പാടുകൾ ഉള്ളതായി അവർ കാണും. ചില ആളുകളുടെ കണ്ണിൽ എല്ലാ സഹോദരന്മാരുടെയും സഹോദരിമാരുടെയും മുഖം പാടുള്ളതാണ്. നിങ്ങളുടെ കാര്യം അങ്ങനെ ആണെങ്കിൽ പ്രശ്നം ആ സഹോദരന്മാരുടെയും സഹോദരിമാരുടെയും ആയിരിക്കുകയില്ല. പ്രശ്നം നിങ്ങളുടെ സ്വന്ത കണ്ണുകളിൽ ആയിരിക്കും. യേശു നിങ്ങളുടെ കണ്ണു സൗഖ്യമാക്കുന്നതു വരെ നിങ്ങളുടെ കാഴ്ച തെളിവുള്ളതായിരിക്കുകയില്ല.

യേശു തന്റെ ശിഷ്യന്മാരുടെ കൂറ് വളരെ ഉന്നതമായ രീതിയിൽ വിലമതിച്ചിരുന്നു. ഒരിക്കൽ അവിടുന്നു തന്റെ ശിഷ്യന്മാരോടു പറഞ്ഞു അവരെല്ലാവരും തന്നെ തള്ളിക്കളഞ്ഞാലും അവിടുന്നു തനിയെ ആയിരിക്കുകയില്ല എന്ന്. എന്തുകൊണ്ടെന്നാൽ തന്റെ പിതാവ് തന്നോടു കൂടെ ഉണ്ടാകുമായിരുന്നു (യോഹ. 16:32). വാസ്തവത്തിൽ യേശുവിന് ആ ശിഷ്യന്മാരുടെ, ആവശ്യമില്ലായിരുന്നു.

എന്നിട്ടും ലൂക്കൊസ് 22:28ൽ അവിടുന്നു പറഞ്ഞു. അവർ അദ്ദേഹത്തോടു കൂടെ നിന്നതിനായി അവിടുന്ന് നന്ദിയുള്ളവനാണെന്ന്. അവിടുന്നു മഹത്വത്തിന്റെ കർത്താവായിരുന്നു. അദ്ദേഹത്തിന് തന്നോടുകൂടെ ആരും നില്ക്കേണ്ട ആവശ്യം ഇല്ലായിരുന്നു. എന്നാൽ അവരുടെ സഹായം ആവശ്യമില്ലായിരുന്നെങ്കിൽ പോലും അവിടുന്ന് അവരുടെ കൂറിനെ അഭിനന്ദിച്ചു. അവിടുന്ന് അവരോട് ഇങ്ങനെ പറയുമായിരുന്നു: "നിങ്ങൾ ഈ പഴയ യഹൂദ സമ്പ്രദായത്തിൽ നിന്നു പുറത്തു വരികയും പഴയ തുരുത്തി ഉപേക്ഷിക്കുകയും ചെയ്തു. മണവാട്ടിയുടെ ആത്മാവും വേശ്യയുടെ ആത്മാവും തമ്മിലുള്ള വ്യത്യാസം നിങ്ങൾ കണ്ടു. നിങ്ങൾ പുറത്തു വന്ന് എന്നോടുകൂടെ നിന്നു. എന്തു വിലയും കൊടുക്കാൻ നിങ്ങൾ മനസുള്ളവരുമായിരുന്നു."

നാം കർത്താവിനോടു കൂടെ നിന്നു എന്നും അവിടുത്തെപ്പറ്റി ലജ്ജിച്ചില്ല എന്നും നമ്മെ ആക്കിവച്ചിരുന്ന സഭയെ നാം സ്നേഹിച്ചെന്നും അതിനുവേണ്ടി നമ്മെത്തന്നെ ഏല്പിച്ചു കൊടുത്തെന്നും മറ്റ് അനേകരെപ്പോലെ സഭയെ കുറ്റം പറയുന്നവർ അല്ലായിരുന്നു എന്നും അവസാന ദിവസം കർത്താവിന് നമ്മെപ്പറ്റിയും പറയുവാൻ കഴിയും എന്നു ഞാൻ പ്രത്യാശിക്കുന്നു.

സഹോദരീ സഹോദരന്മാരെ, നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും ലഭിച്ച വിലയേറിയ കരുതലിനെ നമുക്കു വിവേചിച്ചറിയാം.

യുവാക്കളേ, സഭ നിങ്ങളെ എത്ര മാത്രം ആപത്തുകളിൽ നിന്നും അപകടങ്ങളിൽ നിന്നും പാപത്തിൽ നിന്നും സംരക്ഷിച്ചു എന്നു നിങ്ങൾ ഒരിക്കലും തിരിച്ചറിയുന്നില്ല. കർത്താവിന്റെ മുമ്പിൽ നില്ക്കുമ്പോൾ മാത്രമേ സഭയിലെ കർശനമായ നിലവാരം എങ്ങനെ നിങ്ങളെ ലോകത്തിലേക്കു വഴിതെറ്റി പോകുന്നതിൽ നിന്നും നിങ്ങളെത്തന്നെ നശിപ്പിക്കുന്നതിൽ നിന്നും സൂക്ഷിച്ചു എന്ന് തിരിച്ചറിയുകയുള്ളു.

വളരെ വർഷങ്ങൾക്കു മുമ്പ് സഭയിൽ കേട്ട ചില കാര്യങ്ങൾ പിന്നീട് ആപത്തിൽ നിന്നു സംരക്ഷിച്ചത് എങ്ങനെ എന്ന് ആ ദിവസത്തിലേ നമുക്ക് മനസ്സിലാകയുള്ളു. എത്ര ആപത്തുകളിൽ നിന്നാണ് നിങ്ങളുടെ കുഞ്ഞുങ്ങളെ അവരുടെ സഭയിൽ കേട്ട കാര്യങ്ങൾ കാത്തു സൂക്ഷിക്കുകയും രക്ഷിക്കുകയും ചെയ്തത്! ആ ദിവസം കർത്താവ് നിങ്ങളെ അതു കാണിക്കും.

നിങ്ങൾ മറ്റുള്ളവർക്ക് അനുഗ്രഹമാകുന്ന സ്ഥാനം വരെ പുരോഗതി നേടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഒന്നാമതായി കർത്താവു നിങ്ങൾക്കു ചെയ്തതിനും നിങ്ങൾക്കു തന്ന സഭ ചെയ്തതിനും അവിടുത്തോടു നന്ദി നിറഞ്ഞവരായിരിക്കുവാൻ പഠിക്കുക. സഭയെ സ്വാഭാവികമായി ലഭിച്ചതെന്ന് വില കുറച്ചു കാണരുത്.

നമ്മിൽ പലരും കുട്ടികളെപ്പോലെയാണ്. അവരുടെ മാതാപിതാക്കളുടെ മരണശേഷം മാത്രമേ അവരുടെ യഥാർത്ഥ വില കുട്ടികൾ തിരിച്ചറിയുന്നുള്ളു. സഭയിൽ ഒരാൾ മറ്റൊരാളോട് ഇപ്പോൾ നന്ദി നിറഞ്ഞവരാകുവിൻ. വൈകിപ്പോകുന്നതിനു മുമ്പ് നന്ദി കാണിക്കുവാൻ കർത്താവു നമ്മെ പഠിപ്പിക്കട്ടെ. ■

ചിന്തയ്ക്ക്

# പാപത്തിൽ വിശ്വാസി വീഴുന്നത് എന്തുകൊണ്ട്?

*(കഴിഞ്ഞ ലക്കം തുടർച്ച)*

*(ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത വിശ്വാസത്താൽ നമുക്ക് ഒരു യാഥാർത്ഥ്യമായിത്തീരുമ്പോൾ ആ പഴയ മനുഷ്യനെ ഉരിഞ്ഞു കളയുവാനും പരിശുദ്ധാത്മാവിനാൽ പുതുക്കം പ്രാപിച്ചു പുതിയ മനുഷ്യനെ ധരിച്ചുകൊൾവാനും ഒരു വിശ്വാസിക്കു കഴിവുണ്ടാകുന്നു. ഈ അവസ്ഥയിൽ നാം ദൈവകൃപയ്ക്ക് അധീനരാകയാൽ പാപം നമ്മുടെ മേൽ കർത്തൃത്വം നടത്തുകയില്ല (റോമ.6:14). ഇപ്രകാരം ബോധപൂർവ്വം പാപം ചെയ്യാത്ത ഒരവസ്ഥയിൽ നാമെത്തിയാലും പിന്നെയും ജഡത്തിന്റെ ബലഹീതയാൽ നാം പാപത്തിൽ വീണു പോകാൻ സാധ്യതയുണ്ട്. ഇത് പാപം ചെയ്യുന്നതിനെ അപേക്ഷിച്ചു താരതമ്യേന ഗൗരവം കുറഞ്ഞ ഒരു കാര്യമാണെങ്കിലും ഫലത്തിൽ ഇതും ആത്മീയ മരണത്തിന് കാരണമായിത്തീരുന്നു. അതിനാൽ ഇപ്രകാരം വീഴാതെ നമ്മെ സൂക്ഷിപ്പാൻ കഴിയുന്ന കർത്താവിൽ വിശ്വാസമർപ്പിച്ചു നാം സമ്പൂർണ്ണമായ വിജയജീവിതത്തിലേക്കു പ്രവേശിക്കേണ്ടത് ആവശ്യമായിരിക്കുന്നു. പാപത്തിൽ വീഴാനിടയാക്കുന്ന മൂന്നു കാരണങ്ങൾ കഴിഞ്ഞ ലക്കത്തിൽ വിവരിച്ചു:- (1) ദൈവഭയമില്ലായ്മ (2) പാപത്തിന്മേൽ പരിപൂർണ്ണ വിജയം നൽകുവാൻ യേശുക്രിസ്തുവിനു കഴിയും എന്ന വിശ്വാസത്തിന്റെ അഭാവം. (3) ജഡത്തിന്റെ ബലഹീനത മനസ്സിലാക്കി പാപത്തെ വിട്ടോടുവാനും അതിൽ നിന്നു നമ്മെ വിടുവിപ്പാൻ കഴിയുന്ന ദൈവത്തെ നോക്കി നിലവിളിക്കുവാനും നാം ശ്രദ്ധിക്കാത്തത്. ഇവയ്ക്കു പുറമേ നാലു കാരണങ്ങൾ കൂടി ഓരോന്നായി താഴെ വിവരിക്കുന്നു)*

**4. കഷ്ടം സഹിക്കുവാൻ മനസ്സില്ലായ്മ**

പാപം ചെയ്യുന്നതിൽ ഒരു സന്തോഷമുണ്ട്. എന്നാൽ അതു വഞ്ചനാത്മകവും താൽകാലികവുമാണ് (എബ്രാ. 3:13; 11:24). ഈ സന്തോഷത്തിന്റെ വിപരീത ഭാവമാണ് കഷ്ടാനുഭവം. പാപത്തിന്റെ സന്തോഷം നമ്മുടെ

ജഡത്തിനു നാം നിരസിക്കുമ്പോൾ ഒരു കഷ്ടത നമുക്ക് അനുഭവപ്പെടുന്നു. ക്രിസ്തു ജഡത്തിൽ ഈ കഷ്ടം സഹിച്ചു. നാമും ആ ഭാവം തന്നെ ആയുധമായി ധരിക്കുന്ന പക്ഷം നമുക്കും ജീവിതകാലം മുഴുവൻ പാപം വിട്ടൊഴിഞ്ഞ് ദൈവഹിതം ചെയ്തുകൊണ്ട് ജീവിക്കുവാൻ സാധിക്കുമെന്ന് ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നു (1 പത്രൊ. 4:1). ജഡത്തിൽ കഷ്ടം സഹിക്കുക എന്നു പറഞ്ഞാൽ ഭൗതികമോ ശാരീരികമോ ആയ പീഡനം സഹിക്കുക എന്നല്ല അതിന്റെ അർത്ഥം. എന്തെന്നാൽ ആ വഴിയിലൂടെ ആരും പാപം വിട്ടൊഴിഞ്ഞവരായിത്തീർന്നിട്ടില്ല. ജഡത്തിന് അതിന്റെ മോഹങ്ങളെ നാം നിരസിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന പീഡനത്തെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. യേശു ഒരിക്കലും തന്നെത്തന്നെ പ്രസാദിപ്പിക്കാതിരുന്നതു പോലെ നാമും നമ്മെത്തന്നെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നില്ല (റോമ. 15:1-3). ഇപ്രകാരം നാം ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കുള്ളവരായിത്തീരുന്നു.

ജഡത്തിൽ കഷ്ടം സഹിക്കുവാനുള്ള ഒരു ദൃഢനിശ്ചയം യുദ്ധ ദിവസത്തിൽ നമ്മുടെ ആയുധമായിരിക്കും എന്ന പത്രൊസ് പറയുന്നു. എന്നാൽ യുദ്ധമാരംഭിക്കുന്നതിനു മുമ്പ് ആ ആയുധം നാം കൈവശമാക്കിയിരിക്കണം. പാപം ചെയ്യുവാനുള്ള പ്രലോഭനം (പരീക്ഷ) ആരംഭിച്ചതിനു ശേഷം ഈ ആയുധം തേടിപ്പോവുക എന്നത് നിഷ്പ്രയോജനമാണ്. എന്തെന്നാൽ ആ സമയത്ത് അതു കണ്ടെത്തുവാൻ സാധ്യമല്ല. നേരേമറിച്ചു യുദ്ധമാരംഭിക്കുന്നതിനു മുമ്പ് ആയുധം സജ്ജീകരിച്ചിരിക്കണം. ഈ ആയുധം-അതായത് ഒരു പാപകരമായ ചിന്തയിൽ നിന്നു ലഭിക്കാവുന്ന ചെറിയ സന്തോഷം പോലും സ്വീകരിക്കാതെ തന്നെ ത്താൻ ത്യജിക്കുന്നതു മൂലം കഷ്ടമനുഭവിക്കുവാനുള്ള ഈ ദൃഢനിശ്ചയം - ഒരുവൻ സ്വായത്തമാക്കിയിട്ടില്ലെങ്കിൽ, അയാൾ പരീക്ഷയുടെ സന്ദർഭത്തിൽ പിന്മാറുകയും പാപത്തിൽ വീണുപോകയും ചെയ്യാനിടയാകും (എബ്രാ. 10:38).

എന്നാൽ പാപം ചെയ്യുന്നതിനേക്കാൾ മരണമാണ് എനിക്കു കൂടുതൽ സ്വീകാര്യമെന്ന ഉറച്ച നിലപാടു നമുക്കുണ്ടെങ്കിൽ, അങ്ങനെ മരണത്തോളം അനുസരണമുള്ളവരായി നാം തീരുന്നുവെങ്കിൽ, അപ്പോൾ പോരാട്ടത്തിന്റെ ദിവസത്തിൽ ഈ ആയുധം നമുക്കു ബലം നൽകുകയും നമ്മെ സംരക്ഷിക്കുകയും ചെയ്യും.

ഉദാഹരണമായി നാം ഭൗതിക വസ്തുക്കളെ സ്നേഹിക്കുന്നവരാണെങ്കിൽ നമുക്കു ഭൗതികമായി ചില നഷ്ടങ്ങളുണ്ടാകുകയോ നമ്മുടേതായ വസ്തുവകകളിലേതെങ്കിലും ഒരാൾ കേടു വരുത്തുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യുമ്പോൾ, പെട്ടെന്ന് നമ്മുടെ സമാധാനം നഷ്ടമാവുകയും നാം പാപത്തിൽ വീഴുകയും ചെയ്യും. നേരെമറിച്ച് ദൈവം സകലവും നമ്മുടെ നന്മയ്ക്കായി ക്രമീകരിക്കുന്നുവെന്നു വിശ്വസിച്ചുകൊണ്ട് (റോമ. 8:28) ജഡത്തിൽ കഷ്ടമനുഭവിക്കുക എന്ന മാർഗ്ഗമാണു നാം തിരഞ്ഞെടുത്തിട്ടുള്ളതെങ്കിൽ, നമ്മുടെ വസ്തുവകകളുടെ അപഹാരം പോലും സന്തോഷത്തോടെ സഹിക്കുന്നവരായി നാം തീരും (എബ്രാ. 10:34).

**5. ലക്ഷ്യത്തിലേക്കു മുന്നേറുവാൻ ജാഗ്രത കാണിക്കാത്ത അവസ്ഥ**

നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നാം ഒന്നിനോടൊന്നു കൂട്ടിച്ചേർത്തു കൊണ്ടു മുന്നോട്ട്, മുന്നോട്ടുതന്നെ, നീങ്ങുന്ന പക്ഷം നാം ഒരിക്കലും ഇട റിപ്പോകയില്ല എന്നു പത്രോസ് പറയുന്നു (2 പത്രോ. 1:5-10). ഇപ്രകാരം, വീണ്ടും മുന്നോട്ടു പൂർണ്ണതയിലേക്കു നീങ്ങുന്നതിനു പകരം തങ്ങളുടെ ആത്മീയ വളർച്ചയിൽ സംതൃപ്തി പൂണ്ടു കഴിഞ്ഞു കൂടുന്നതു കൊണ്ടാണ് പല ക്രിസ്ത്യാനികളും ഇടറി വീണു പോകുന്നത്. "ഒന്നു ഞാൻ ചെയ്യുന്നു" എന്നതായിരുന്നു പൗലൊസിന്റെ മുദ്രാവാക്യം.. യേശുവിനെപ്പോലെയായിത്തീരുക എന്ന ലക്ഷ്യത്തിലേക്കു മുന്നേറുക എന്നതായിരുന്നു അദ്ദേഹം ചെയ്തുപോന്ന ആ ഒന്ന് (ഫിലി. 3:13,14). കെട്ടിക്കിടന്നു ദുഷിക്കുന്ന അവസ്ഥയിൽ നിന്നും പാപത്തിൽ നിന്നും ഇത് അദ്ദേഹത്തെ സംരക്ഷിച്ചു. പരീക്ഷയെ വിട്ട് ഓടുവാൻ മാത്രമല്ല, ദൈവഭക്തി, സ്നേഹം, സൗമ്യത തുടങ്ങിയവയെ പിന്തുടരുവാനും കൂടി അദ്ദേഹം തിമൊഥെയോസിനെ പ്രബോധിപ്പിച്ചു (1 തിമൊ. 6:11; 2 തിമൊ. 2:22).

പലരും പാപം ചെയ്യാതിരിക്കുന്ന ഒരവസ്ഥയിൽ ചെന്നെത്തുന്നുണ്ടെങ്കിലും പിന്നെയും ചിലപ്പോൾ പാപത്തിൽ വീണു പോകുന്നു. ഇതും കൂടി നീങ്ങിക്കിട്ടുവാൻ സ്വയം സംതൃപ്തി അവർക്കു തടസ്സമായിരിക്കുന്നു. അതിനാൽ പാപത്തിൽ വീഴുന്ന അവസ്ഥ അവരുടെ ജീവിതത്തിൽ തുടരുകയും ചെയ്യുന്നു.

നമ്മുടെ ജഡത്തിൽ കുടികൊള്ളുന്ന ഗാഢമായ തിന്മയെ കണ്ടെത്തുന്നതിൽ നമുക്കു പുരോഗതിയുണ്ടാകണമെങ്കിൽ ജീവിതത്തിലെ ഓരോ സാഹചര്യത്തിലും ദൈവത്തിന്റെ വെളിച്ചത്തിൽ നാം നമ്മെത്തന്നെ വിധിക്കേണ്ടത് ആവശ്യമാണ്. ജഡത്തെ തുടരെ മരിപ്പിക്കുന്ന പക്ഷം ദൈവസ്വഭാവത്തിൽ അധികമധികം പങ്കാളികളായിത്തീരുവാൻ നമുക്കു സാധിക്കും.

അങ്ങനെ നമ്മുടെ വിശ്വാസത്തോടു ധാർമ്മിക മഹത്വം, സഹോദരപ്രീതി, സ്നേഹം തുടങ്ങിയവ മേല്ക്കുമേൽ കൂട്ടിച്ചേർത്തുകൊണ്ട് നമുക്കു മുമ്പോട്ടു പോകാം. ആ വിധത്തിൽ എല്ലായ്പ്പോഴും നമ്മുടെ മനസ്സുകളെ ഉൽകൃഷ്ട ചിന്തകളാൽ നിറച്ചു കൊണ്ടിരിക്കുന്ന പക്ഷം (ഫിലി. 4:8) പാപം നിഷ്പ്രയാസം നമ്മുടെ മനസ്സിൽ പ്രവേശിക്കുകയില്ല. ഒഴിഞ്ഞ മനസ്സാണ് പലപ്പോഴും പരീക്ഷകൾക്കിരയായി വീണു പോകുന്നത്.

**6. ദേഹിയുടെ ജീവിതത്തെ സിംഹാസനത്തിൽ നിന്നിറക്കാതെയിരിക്കുക**

ആദാമിന്റെ എല്ലാ മക്കളിലും മാനുഷിക ദേഹിയുടെ ജീവിതമാണ് ഭരണം നടത്തുന്നത്. അവർ തങ്ങളുടെ യുക്തിക്കനുസരിച്ചും സ്വന്ത വികാരങ്ങളുടെ വഴിയിലും ജീവിക്കുന്നു. നാം മാനസാന്തരപ്പെട്ടു ജഡത്തിന്റെ പാപ പ്രവൃത്തികളെ വിട്ടൊഴിയുമ്പോൾ നമ്മുടെ ദേഹിയുടെ ജീവിതത്തെക്കൂടി - അതായത് മാനുഷികമായ ചിന്താഗതി, യുക്തിബോധം, വികാരങ്ങൾ എന്നിവയെക്കൂടി- സിംഹാസനത്തിൽ നിന്നിറക്കേണ്ടതാണെന്ന കാര്യം നാം സാധാരണ മനസ്സിലാക്കുന്നില്ല. ഈ കാര്യങ്ങൾ നിഷ്കളങ്കവും നിർദ്ദോഷവുമാണെന്നു നാം കരുതുന്നു. എന്നാൽ ഇപ്രകാരം സിംഹസനത്തിൽക്കയറിയിരിക്കുന്ന ദേഹിയുടെ ജീവിതമാണ് അനേകം ക്രിസ്ത്യാനികളെയും

പാപത്തിൽ വീഴിക്കുന്നത്.

ഉദാഹരണമായി ക്രിസ്ത്യാനികളുടേതായ ഒരു യോഗത്തിൽ കടിഞ്ഞാണില്ലാതെ ആർത്തിരമ്പുന്ന വികാരത്തിന്റെ വേലിയേറ്റം അസ്വഭാവികമായ പല പെരുമാറ്റങ്ങൾക്കും, പാപത്തിനു തന്നെയും, വഴി തെളിക്കുന്നു. വികാരങ്ങളിൽ ജീവിക്കുക എന്നതും ആത്മാവിൽ ജീവിക്കുക എന്നതും ഒന്നല്ല. ഭൂമിയും സ്വർഗ്ഗവും പോലുള്ള വ്യത്യാസം ഇവ തമ്മിലുണ്ട്. വികാര തീക്ഷ്ണതയുള്ള ഒരു യോഗം ആത്മീയ തീക്ഷ്ണതയുള്ള യോഗമായിരിക്കണമെന്നില്ല. കാരണം, അത്തരമൊരന്തരീക്ഷത്തിൽ നിന്നും പുറത്തേക്കു പോകുന്ന പല യാളുകളും തൊട്ടടുത്ത സന്ദർഭങ്ങളിൽ പാപം ചെയ്യുവാൻ പ്രേരിതരായിത്തീരുന്നത് പതിവാണ്.

ഇതുപോലെ നമ്മുടെ ബുദ്ധിയും നമ്മെ വഞ്ചിക്കുവാനിടയുണ്ട്. ഭൂരിപക്ഷം ക്രിസ്ത്യാനികളും തങ്ങളുടെ ബുദ്ധിയെ ജീവിതത്തിന്റെ സിംഹാസനത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നതു മൂലം ദൈവിക കാര്യങ്ങളെ തങ്ങളുടെ മാനുഷിക ചിന്തയിലും യുക്തിബോധത്തിലും കൂടെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നു. തൽഫലമായി ഒരുതരം നിർജ്ജീവമായ വേദപരിജ്ഞാനം മൂലം നിഗളം പൂണ്ടവരായി അവർ പാപത്തിൽ വീണു പോകുന്നു (1 കൊരി. 8:1). ഒരാൾ വ്യഭിചാരത്തിൽ വീഴുന്നതിനെ നാം ഹീനമായിക്കരുതുന്നതുപോലെ ഒരുവൻ നിഗളത്തിൽ വീഴുന്നതിനെ അത്ര ഹീനമായ ഒരു കാര്യമായി നാം കരുതാറില്ല. തന്മൂലം ഇവരുടെ വീഴ്ച പലപ്പോഴും പ്രകടമായിരിക്കുകയില്ല. എന്നാൽ യഥാർത്ഥത്തിൽ അത് വ്യഭിചാരത്തിൽ വീഴുന്നതിനെക്കാൾ ഭയാനകമായ ഒരു പതനമാണ്. മാത്രമല്ല, മറ്റു പല പതനങ്ങൾക്കും അതു മുന്നോടിയായിത്തീരുകയും ചെയ്യുന്നു.

ആഴ്ചയിൽ രണ്ടുവട്ടം ഒരാൾ സഭായോഗത്തിനു പോകുന്നതുകൊണ്ടു മാത്രം മതിയാവുകയില്ല. മറ്റ് അംഗങ്ങളുമായുള്ള കൂട്ടായ്മയെ നാം വില മതിക്കുകയും ഒരേ ശരീരമായി നാം സംയോജിപ്പിക്കപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിൽ സജീവമായി പ്രവർത്തിക്കുന്ന ഒരവയമായി ഞാൻ തീരുമ്പോൾ മാത്രമാണ് ശിരസ്സായ ക്രിസ്തുവിന്റെ വിജയത്തിൽ ഞാൻ പങ്കാളിയായിത്തീരുന്നത്. എനിക്കു തനിയേ നേരിടുവാൻ സാധിക്കാത്തവിധം പ്രതികൂല സാഹചര്യങ്ങളുടെ സമ്മർദ്ദം വർദ്ധിക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരത്തിൽ എന്റെ സഹപ്രവർത്തകരായ മറ്റ് അംഗങ്ങൾ എനിക്കൊരാവരണമായിത്തീർന്ന് എന്നെ സംരക്ഷിക്കുന്നു

**7. കൂട്ടായ്മയെ വിലപ്പെട്ടതായി കരുതാതിരിക്കുക**

വ്യക്തിനിഷ്ഠമായ ക്രിസ്തീയ ജീവിതം എന്നൊന്ന് പുതിയ നിയമത്തിൽ കാണുന്നില്ല. ഏലിയാവ്, യോഹന്നാൻ സ്നാപകൻ തുടങ്ങിയ

പഴയ നിയമ പ്രവാചകന്മാർ ഏകാന്ത ജീവിതം നയിച്ചിട്ടുണ്ടായിരിക്കും. പക്ഷേ അത് ശരീരം നിലവിൽ വരാതെ നിഴൽ മാത്രം ഉണ്ടായിരുന്ന കാലത്തായിരുന്നു (കൊലൊ. 2:17). എന്നാലിപ്പോൾ നമുക്കു ക്രിസ്തുവിന്റെ ശരീരമുണ്ട്. അതിൽ നാം നമ്മുടെ സ്ഥാനം കണ്ടെത്തുമ്പോഴാണ് ശിരസ്സായ ക്രിസ്തു നമ്മെ വീഴാതെ സൂക്ഷിച്ചു കൊള്ളുന്നത്. നാം തലയെ മുറുകെപ്പിടിച്ചു കൊണ്ടും ശരീരത്തിലെ മറ്റവയവങ്ങൾക്കു പോഷകരസം ലഭിക്കുന്നതിനുള്ള വഴികൾ തുറന്നിട്ടുകൊണ്ടും ജീവിക്കുമ്പോൾ മാത്രമാണ് പാപത്തിൽ നിന്നുള്ള സംരക്ഷണവും ക്രിസ്തീയ വളർച്ചയും നമുക്കു ലഭ്യമാകുന്നതെന്ന് പൗലൊസ് വ്യക്തമായി പ്രസ്താവിക്കുന്നുണ്ട് (കൊലൊ. 2:19).

പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന് യേശു പറഞ്ഞിട്ടുള്ളത് സഭയെപ്പറ്റിയാണ് (മത്താ. 16:18). സ്വന്ത നിലയിൽ മാത്രം ജീവിക്കുവാൻ ശ്രമിക്കുന്ന ഏകാകിയായ ഒരു ക്രിസ്ത്യാനിയെ സാത്താന് തീർച്ചയായും തോല്പിക്കാൻ കഴിയും. എന്നാൽ ആഴ്ചയിൽ രണ്ടുവട്ടം ഒരാൾ സഭായോഗത്തിനു പോകുന്നതു കൊണ്ടു മാത്രം മതിയാവുകയില്ല. മറ്റ് അംഗങ്ങളുമായുള്ള **കൂട്ടായ്മയെ നാം വില മതിക്കുകയും** ഒരേ ശരീരമായി നാം സംയോജിപ്പിക്കപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിൽ **സജീവമായി പ്രവർത്തിക്കുന്ന** ഒരവയമായി ഞാൻ തീരുമ്പോൾ മാത്രമാണ് ശിരസ്സായ ക്രിസ്തുവിന്റെ വിജയത്തിൽ ഞാൻ പങ്കാളിയായിത്തീരുന്നത്. എനിക്കു തനിയേ നേരിടുവാൻ സാധിക്കാത്തവിധം പ്രതികൂല സാഹചര്യങ്ങളുടെ സമ്മർദ്ദം വർദ്ധിക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരത്തിൽ എന്റെ സഹപ്രവർത്തകരായ മറ്റ് അംഗങ്ങൾ എനിക്കൊരാവരണമായിത്തീർന്ന് എന്നെ സംരക്ഷിക്കുന്നു (സഭാപ്രസംഗി 4:9-12). വഞ്ചിക്കപ്പെടാതെയും പാപത്തിൽ വീഴാതെയും നമ്മെ സൂക്ഷിക്കുവാൻ ദൈവം വച്ചിട്ടുള്ള മാർഗ്ഗമാണ് ശരീരത്തിൽ അംഗങ്ങൾ പരസ്പരം നൽകുന്ന പ്രബോധനവും പ്രോത്സാഹനവും (എബ്രാ. 3:13). അപ്രകാരമുള്ള ഒരു കൂട്ടായ്മയെ വിലപ്പെട്ടതായി കരുതുക. അപ്പോൾ പല ഹൃദയ നൊമ്പരങ്ങളിൽ നിന്നും വീഴ്ചകളിൽ നിന്നും നിങ്ങൾ വിടുതൽ പ്രാപിക്കും.

ഇതിൽ നിന്നെല്ലാം നാം മനസ്സിലാക്കുന്ന വസ്തുത ഇതാണ്:- നാം ഇനി ഒരിക്കലും വീഴുകയില്ല എന്ന് ഉറപ്പു പറയത്തക്കവണ്ണം ആത്യന്തികമായ നിർണ്ണയം പ്രാപിക്കുന്ന ഒരനുഭവം ക്രിസ്തീയ ജീവിത്തിൽ ഇല്ല തന്നെ. എന്നാൽ ആത്മാവിന്റെ ഈ നിയമങ്ങളെ നാം അനുസരിക്കുന്ന പക്ഷം അവ നമ്മെ പാപത്തിന്റെ ശക്തിയിൽ നിന്നു സ്വതന്ത്രരാക്കുകയും വീഴാതെ നാം സൂക്ഷിക്കപ്പെടുകയും ചെയ്യും (റോമ. 8:2). അപ്പോൾ - "ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുന്ന ദൈവത്തിനു സ്തോത്രം" എന്ന അപ്പൊസ്തലന്റെ വിജയോൽഘോഷണത്തിന്റെ പ്രതിധ്വനി നമ്മുടെ ഹൃദയങ്ങളിൽ നിന്നു സ്വാഭാവികമായി ഉയർന്നു വരികയും ചെയ്യും. *(അവസാനിച്ചു)*

അനുഭവം

# ക്രിസ്തു ഉള്ളവനായ ക്രിസ്ത്യാനി

സാധു സുന്ദർസിംഗ്

**യഥാർത്ഥ** ക്രിസ്ത്യാനികൾ ക്രിസ്തുവിനോടു കൂടിയാണ് എന്നു തന്നെയല്ല അവർ അവനിലും അവൻ അവരിലും വസിക്കുന്നു. മരണത്തിൽക്കൂടി മരണത്തെ ജയിച്ചവനായ ക്രിസ്തു എല്ലാക്കാലവും ജീവിക്കുന്നതിനാൽ അവരും അവനോടു കൂടി എല്ലാക്കാലവും ജീവിക്കുന്നു (യോഹ. 14:19). ഈ പുതിയ ജീവനിൽ അവർ അവർക്കു വേണ്ടിയല്ല പിന്നെയോ മറ്റുള്ളവർക്കു വേണ്ടിയാണ് ജീവിക്കുന്നത്. ദൈവവുമായുള്ള കൂട്ടായ്മ കൂടാതെ സഹജീവികളുമായി രമ്യതയിൽ സഹവാസം നേടുന്നതിനും മനുഷ്യന്റെ ജന്മവാസന അവനെ പ്രേരിപ്പിക്കുന്നുണ്ട്. അന്യോന്യമുള്ള ക്ഷേമാഭിവൃദ്ധിയിൽ മനുഷ്യനുള്ള താത്പര്യത്തിലധിഷ്ഠിതമാണു മനുഷ്യരുടെ പരസ്പരബന്ധിതമായ സൗഭാഗ്യം. മനുഷ്യന്റെ സ്വാർഥത, പൊതു സന്തുഷ്ടിയെ വിഷലിപ്തമാക്കുന്നു. 'നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണമെന്ന്' അതുകൊണ്ടാണു കർത്താവു പറഞ്ഞിട്ടുള്ളത്. ഇതിന്റെയർത്ഥം, ഒരാൾക്കു യഥാർത്ഥ സ്നേഹമുള്ളപ്പോൾ ആ സ്നേഹം മറ്റുള്ളവരുടെ ക്ഷേമാഭിവൃദ്ധിക്കു വേണ്ടി ജാഗ്രതപ്പെടുന്നു എന്നത്രേ. അങ്ങോട്ടു നാം എങ്ങനെ പെരുമാറുന്നുവോ അതേ പെരുമാറ്റമാണു നാമും ആഗ്രഹിക്കേണ്ടത്. ഈ രീതിയിൽ സ്വർഗ്ഗസ്ഥ പിതാവിന്റെ സാന്നിദ്ധ്യത്തിൽ അവന്റെ മക്കളുടെ പരസ്പര സൗഹാർദ്ദം നിലനിർത്തിപ്പോരുന്നു.

**സ്വാർത്ഥത**

നമ്മുടെ ആത്മാവിന്റെ അസ്വസ്ഥതയുടെയും എല്ലാ തിന്മയുടെയും വേര് സ്വാർത്ഥതയാകുന്നു. സ്വാർത്ഥമതിയായ ഒരു മനുഷ്യൻ അവന് അന്യരിൽ നിന്നു ലഭിച്ച ആയിരം നന്മ പ്രവൃത്തികൾ മറന്ന്, അവർ ചെയ്തിട്ടുള്ളതായ ഒരു തിന്മ പ്രവൃത്തി ഓർമിച്ചുകൊണ്ടിരിക്കും. തന്റെ ഒരായിരം കൃത്യവിലോപങ്ങൾ വിസ്മരിച്ചശേഷം, അവൻ മറ്റുള്ളവരുടെ ഒരു ചെറിയ പാളിച്ച പർവതീകരിച്ചു കാണിക്കും. ഈ കാരണം കൊണ്ടാണ് ക്രിസ്തു ഇങ്ങനെ പറഞ്ഞത്:

'... എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും

തന്റെ ക്രൂശെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ...' (ലൂക്കൊ. 9:23).

ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നതിനു വേണ്ടി തന്നെത്താൻ ത്യജിക്കുന്ന ഒരാൾ തന്നെ സൃഷ്ടിച്ചവനായ ദൈവത്തിന്റെ ഇഷ്ടം ചെയ്യുമ്പോൾ തന്റെ സ്വന്തം ഇഷ്ടം കൂടിയാണു നിർവഹിക്കുന്നത്. ഒരു ഉദാഹരണം പറയാം. എന്റെ അറിവുകേടിനാൽ എന്റെ സ്വന്തം വഴിയാണേറ്റവും നല്ലതെന്നു ഞാൻ വിശ്വസിക്കുന്നുവെന്നു വിചാരിക്കുക. എന്നാൽ ദൈവം ചൂണ്ടിക്കാണിക്കുന്ന വഴിയല്ലാതെ വേറെ വഴിയില്ലെന്നു ഞാൻ മനസ്സിലാക്കുന്നു. ദൈവത്തിന്റെ വഴിക്കു വിപരീതമായുള്ള എന്റെ എതിർപ്പുകൾ ഞാൻ അവസാനിപ്പിച്ച് അവന്റെ ഹിതത്തിനു കീഴ്വഴങ്ങുമ്പോൾ, ഞാൻ അവനുമായി രമ്യപ്പെടുകയാൽ എനിക്കു ഹൃദയസമാധാനം ലഭിക്കുന്നു. ഞാൻ സ്വയം കീഴടങ്ങുമ്പോൾ, ദൈവഹിതം ചെയ്യുന്നതു മൂലമുള്ള സമാധാനം ഞാൻ അനുഭവിക്കുന്നു. നേരെമറിച്ച്, എന്റെ തന്നിഷ്ടം നടത്തണമെന്നു ഞാൻ ശാഠ്യം പിടിക്കുന്ന പക്ഷം എന്റെ ആഗ്രഹം നിർവഹിക്കുവാൻ സാധിക്കുകയില്ലെന്നു മാത്രമല്ല, ദൈവവുമായി രമ്യതയില്ലാത്തതിനാൽ എന്റെ ആഗ്രഹം നിർവഹിക്കുവാനുള്ള ത്രാണിയെ തന്നെ ഞാൻ നശിപ്പിക്കുന്നു. മറ്റു വിധത്തിൽ പറഞ്ഞാൽ തന്നെത്താൻ ത്യജിക്കുന്നവൻ അവനെയും ദൈവത്തെയും മറ്റെല്ലാത്തിനെയും കണ്ടെത്തുന്നു. തന്നെത്താൻ ത്യജിക്കുന്നില്ലെങ്കിൽ അവൻ ദൈവഹിതത്തെ തന്നെ എതിർക്കുന്നതിനാൽ, അവന്റെ ആത്മാവിനെത്തന്നെ ആത്മഹത്യ ചെയ്യിക്കുകയാണ്.

**സമ്പത്തിലുള്ള ആശ്രയം**

ആകാശത്തിലെ പറവകളെ നോക്കുക. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകളിൽ ധാന്യം കൂട്ടി വയ്ക്കുന്നതുമില്ല. പക്ഷേ, അവയുടെ കുഞ്ഞുങ്ങൾക്കുവേണ്ടി കൂടുകൾ മെനഞ്ഞുണ്ടാക്കുന്നു. വിതയ്ക്കുകയും കൊയ്യുകയും കൂട്ടിവയ്ക്കുകയും ചെയ്യുന്ന മനുഷ്യൻ അടുത്ത ലോകത്തിൽ തനിക്കു വേണ്ടിയോ തന്റെ സന്താനങ്ങൾക്കു വേണ്ടിയോ യാതൊന്നും കരുതിവയ്ക്കുന്നില്ല. അവൻ കൂട്ടി വച്ചതായ ലൗകിക സമ്പത്തുകളോടൊപ്പം അവൻ തീർച്ചയായും നശിപ്പിക്കപ്പെടും. അവന്റെ ഹൃദയം സമ്പത്തുകളിലേക്കു തിരിക്കുകയും, സമ്പത്തുകൾ ദൈവനാമ മഹത്ത്വത്തിനും മനുഷ്യരുടെ നന്മയ്ക്കും വേണ്ടി ഉപയോഗിക്കാതിരിക്കുകയും ചെയ്കയാൽ അവൻ സ്വയം പരാജയപ്പെട്ടു പോകും (ലൂക്കൊ. 16:9; 18:22). സ്വർണത്തിനോ വെള്ളിക്കോ ഈ ലോകത്തിലെ സമ്പത്തുകൾക്കോ നമ്മുടെ വിശപ്പിനും ദാഹത്തിനും ഉപശമനം വരുത്തുവാൻ സാധ്യമല്ല. ഇവയെല്ലാം നമ്മുടെ ക്ഷുത്പിപാസാദികൾ ഉപശമിപ്പിക്കുന്നതിനുള്ള മധ്യവർത്തികളായി തീരുന്നുവെന്നേയുള്ളു. നാം സമ്പത്തുകൾ ശരിയായി വിനിയോഗിക്കുന്ന പക്ഷം, 'നമ്മുടെ നിത്യവാസസ്ഥലങ്ങളി'ലേക്കു സ്നേഹിതന്മാരെ സമ്പാദിക്കുവാൻ അവ മൂലം സാധിക്കുന്നു.

**മറഞ്ഞിരിക്കുന്ന രത്നങ്ങൾ**

സ്വർണവും വെള്ളിയും വിലപിടിച്ച രത്നങ്ങളും മണ്ണിനടിയിൽ കിടക്കുന്ന കാലത്തോളം അവകൊണ്ടു പ്രയോജനമില്ല. അതുപോലെ തന്നെ മനുഷ്യനു ദൈവദത്തമായി ലഭിച്ചി

ട്ടുള്ള ശക്തികളും കഴിവുകളും ത്രാണികളും പ്രയോഗക്ഷമമാക്കിയി ല്ലെങ്കിൽ അവയ്ക്കു യാതൊരു വില യുമില്ല. ക്രിസ്തു ഒരു ക്രിസ്ത്യാനി യുടെ ജീവിതത്തിൽ പ്രവേശിക്കു മ്പോൾ, മറഞ്ഞു കിടക്കുന്ന ഈ സമ്പത്തുകൾ പുറത്തു കൊണ്ടു വന്നു ലോകത്തിൽ അവന്റെ ഹിതം നടപ്പിലാക്കുന്നതിനുവേണ്ടി അവയെ ഉപയോഗിക്കുന്നു. 'മീൻപിടിത്തക്കാ രിൽ' നിന്ന് 'അവൻ മനുഷ്യരെ പിടി ക്കുന്നവരെ' നിർമിക്കുകയും മനുഷ്യ ജാതിയുടെ രക്ഷ എന്ന അവന്റെ നിത്യലക്ഷ്യം അവരിൽക്കൂടി സാക്ഷാത്ക്കരിക്കയും ചെയ്തിരിക്കു ന്നു. ഖനിയിൽ നിന്നു നേരിട്ടു കിട്ടുന്ന സ്വർണം ശുദ്ധമല്ലാത്തതി നാൽ അതു തീയിലുരുക്കി ശുദ്ധീക രിക്കുന്നു. പ്രാകൃത നിലയിലുള്ള വജ്രക്കല്ല് ആകാര ഭംഗിയില്ലാത്ത താകയാൽ അതു ഘർഷണം ചെയ്തു സുന്ദരമാക്കുന്നു. പരിശുദ്ധാ ത്മാവു ക്രിസ്ത്യാനികളെ ഉരുക്കി ത്തെളിച്ച് അവരിൽ നിന്നു കീടം മാറ്റി ക്കളയും. കുരിശു ക്രിസ്ത്യാനികളെ ഉരുക്കി അവരെ ദൈവമഹത്ത്വമായ ജ്യോതിസ് പ്രതിബിംബിക്കുന്ന ഉജ്ജ്വല രത്നങ്ങളാക്കിത്തീർക്കുന്നു.

**വിദേശ ബിസിനസുകാരൻ**

അമേരിക്കയിൽ ഒരു ബിസിനസ്സു കാരൻ എന്നോടു പറഞ്ഞു: 'ഞാനൊരു ക്രിസ്ത്യാനിയാണ്. എന്നെക്കൊണ്ടു കഴിയാവുന്ന തെല്ലാം ചെയ്യുന്നുണ്ടെങ്കിലും എന്നെ സംബന്ധിച്ചു ദൈവം പ്രതീക്ഷിക്കു ന്നത്ര പൂർണനല്ല ഞാൻ. എനിക്കു രക്ഷ ലഭിക്കുന്ന കാര്യത്തിൽ ഈ സ്ഥിതി ഒരു തടസ്സമായിരിക്കുമെന്ന് അങ്ങു കരുതുന്നുണ്ടോ?'

ഞാൻ: നാം സ്വർഗത്തിലെത്തു മ്പോൾ മാത്രമേ നമ്മുടെ സ്വർഗസ്ഥ പിതാവിനെപ്പോലെ പൂർണരാകയു ള്ളു. എന്നാൽ ദൈവകൃപയിൽ ക്കൂടെ മർത്ത്യനായ മനുഷ്യന് എത്തിച്ചേരാവുന്നത്ര പൂർണതയിലെ ത്താൻ നമുക്കു കഴിയും. നാമിപ്പോൾ പൂർണതയുള്ളവരാണോ എന്നുള്ള തിനെ ആശ്രയിച്ചല്ല രക്ഷ ഇരിക്കുന്ന ത്. നാം രക്ഷിക്കപ്പെട്ട ശേഷം ആത്യ ന്തികമായി നാം പൂർണതയിലെത്തി ച്ചേരും. 'മരണമുള്ള ഈ ശരീരത്തിൽ നാം തടവുകാരായി തീർന്നിരിക്കുന്ന തിനാൽ' നാം നിരുത്സാഹപ്പെടേണ്ട. നമ്മുടെ ശരീരത്തിന്മേൽ എപ്പോഴും കുറെ മാലിന്യമുണ്ട്. എന്നാൽ ദിവ സവും നാം കുളിക്കുന്ന പക്ഷം ഈ മാലിന്യം മൂലം ആപത്തൊന്നുമില്ല. നമ്മുടെ ജീവിന്റെ ജീവനും ആത്മാ വിന്റെ ആത്മാവുമായ ദൈവാത്മാവു നമ്മിൽ വസിക്കുകയും ദിവസവു മുള്ള പ്രാർത്ഥനകൊണ്ടു നമ്മുടെ ജീവിതം വിശുദ്ധമാക്കുകയും ചെയ്യു ന്നപക്ഷം, നമ്മുടെ കൃത്യവിലോപ ങ്ങളും ബലഹീനതകളുമുണ്ടെ ങ്കിൽപ്പോലും അതുകൊണ്ടു വലിയ ദോഷം വരാനില്ല. എന്നാൽ എത്ര തവണ കഴുകിയാലും ജീവൻ പോയ ജഡം അഴുകിപ്പോകുന്നതു തടയു വാൻ നമുക്കു സാധ്യമല്ല. നമ്മുടെ അനുസരണക്കേടു നിമിത്തം ദൈവ ത്തിന്റെ ആത്മാവു നമ്മിൽ നിന്നു വിട്ടുപോയാൽ, പിന്നീടു ദ്രവത്വവും ആത്മീയ മരണവും തീർച്ചയായും സംഭവിക്കുന്നതാണ് (റോമ. 8:9–11).

**ലോകത്തിലെ സാധനങ്ങളുടെ ശരിയായ ഉപയോഗം**

ദൈവം സൃഷ്ടിച്ചതായ സാധന ങ്ങൾ ഉപയോഗത്തിൽ വരുത്തുന്ന തിൽ തെറ്റൊന്നുമില്ല. അർഹിക്കുന്ന വില മാത്രം അവയ്ക്കു നൽകുകയും, കൃതജ്ഞതയോടെ അത് ഉപയോഗ ക്ഷമമാക്കുകയും ചെയ്യണമെന്നേയു

ള്ളു. സ്രഷ്ടാവിന്റെ സ്ഥാനം നമ്മുടെ ഹൃദയത്തിൽ സൃഷ്ടിക്കു നൽകുന്ന പക്ഷം അത് അപകടകരമാണ്. സ്രഷ്ടാവിനുള്ള സ്ഥാനം സ്രഷ്ടാവിനും സൃഷ്ടിക്കുള്ള സ്ഥാനം സൃഷ്ടിക്കും കൊടുക്കണം. വെള്ളം കൂടാതെയോ വെള്ളത്തിനുള്ളിലോ നമുക്കു ജീവിക്കുവാൻ സാധ്യമല്ല. നാം വെള്ളം കുടിക്കണം. പക്ഷേ, വെള്ളത്തിൽ മുങ്ങിപ്പോകരുത്. വെള്ളം കുടിച്ചില്ലെങ്കിൽ ദാഹം കൊണ്ടു മരിച്ചുപോകും. വെള്ളത്തിൽ താണുപോയാൽ വെള്ളം കുടിച്ചു ചാകും. ലോകത്തിൽ നമുക്കു ഉപയോഗയോഗ്യമായി കാണപ്പെടുന്ന സാധനങ്ങൾ ദേഹസന്ധാരണത്തിനുതകിയ വിധത്തിൽ മാത്രം ഉപയോഗിക്കണം. നമ്മുടെ ജീവന്റെ അന്തസത്തയായ പ്രാർത്ഥനയെ ശ്വാസം മുട്ടിക്കത്തക്ക വിധത്തിൽ ലൗകിക സാധനങ്ങൾക്കു പ്രാബല്യം നൽകിക്കൂടാ.

**നമ്മുടെ പൂർണത**

'നാം ഈ ലോകത്തിൽ വേണം; എന്നാൽ നാം ലോകത്തിന്റേതായിരിക്കരുത്' എന്നു ദൈവം ആഗ്രഹിക്കുന്നു. നാം ലോകത്തിൽ ജീവിക്കുമ്പോൾ നമ്മെത്തന്നെയും മറ്റുള്ളവരെയും നാം സംരക്ഷിക്കേണ്ടതാണ്. ഒരു വള്ളത്തിന്റെ സ്ഥാനം വെള്ളത്തിലാണ്. വള്ളത്തിനകത്തു വെള്ളം പാടില്ല. വള്ളം നിറയെ വെള്ളം കയറിയാൽ വള്ളം മുങ്ങിപ്പോകും. വള്ളത്തിലുള്ളവർ മുങ്ങി മരിക്കും. ക്രിസ്ത്യാനികൾ ലോകത്തിലുള്ളവരാണ്. എന്നാൽ ലോകം അവരിലായിരിക്കരുത്. ഈ രീതിയിൽ മാത്രമേ അവരെയും അവരോടു കൂടെയുള്ള മറ്റുള്ളവരെയും അവരുടെ സ്വർഗീയ ലക്ഷ്യത്തിലേക്കു സുരക്ഷിതമായി കൊണ്ടുവരുവാൻ സാധിക്കയുള്ളു.

ഞാൻ തുടർന്നു പറഞ്ഞു: 'ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും വേണ്ടി സമയം നൽകാതെ നിങ്ങളുടെ സമയമത്രയും ബിസിനസ്സിനുവേണ്ടി ചെലവഴിക്കരുത്. ലോകവും അതിനോടുള്ള മോഹവും, നിങ്ങളുടെ ഹൃദയത്തെ അധീനപ്പെടുത്തുകയുമരുത്. അങ്ങനെയായാൽ അവ നിങ്ങളുടെമേൽ വിജയം പ്രാപിക്കും. അവയുടെമേൽ നിങ്ങൾ വിജയം പ്രാപിക്കത്തക്കവിധം അവയ്ക്കു മുകളിലായി നിങ്ങൾ ജീവിക്കണം. നാം പരിപൂർണരല്ലാത്തതിനാൽ നമ്മുടെ ചിന്തകളും പ്രവൃത്തികളും അപൂർണമായിരിക്കും. നമ്മുടെ തെറ്റുകൾ നമ്മെ നിരുത്സാഹപ്പെടുത്താനിടയാകരുത്. ഭാവി പരിപൂർണതയുടെ അടിസ്ഥാനം ഏതൊന്നിനെ ആഗ്രഹിച്ചിരിക്കുന്നുവോ ആ പൂർണതയുടെ ബീജം നമ്മിലുണ്ടല്ലോ. നമ്മെ പുത്രസ്ഥാനത്തേക്കുയർത്തിയവൻ കാലയളവിൽ നമ്മെ പരിപൂർണരാക്കും.'

**പ്രാർത്ഥനയും ജോലിയും**

ഒരു വൈദികൻ എന്നോടു ചോദിച്ചു: 'നാം പ്രാർത്ഥിക്കുകയാണോ അതോ ജോലി ചെയ്യുകയാണോ കൂടുതലായി വേണ്ടത്? അതോ രണ്ടിനും വെവ്വേറെ സമയം പകുത്തു വയ്ക്കുകയാണോ വേണ്ടത്?

ഞാൻ: പ്രാർത്ഥനയും ജോലിയും – രണ്ടും ഒന്നുപോലെ ആവശ്യമാണ്. ജോലി ചെയ്യാതിരിക്കെ പ്രാർത്ഥിക്കുന്നതും പ്രാർത്ഥിക്കാതെ ജോലി മാത്രം ചെയ്യുന്നതുപോലെ അനുചിതമാണ്. മുട്ടയിടുന്ന കോഴി, അതിട്ട മുട്ട എടുത്തു മാറ്റിയ ശേഷവും അതിന്റെ സഹജ വാസനയനുസരിച്ച് ഒരു ഇരുളടഞ്ഞ കോണിൽ കുറെ

നേരം കൂടിയിരിക്കും. ജോലിത്തിരക്കിൽ നിന്ന് അപ്പാടെ മാറി മുഴുവൻ സമയവും പ്രാർത്ഥനയിൽ കഴിക്കുന്നതു കോഴിയുടെ ഈ പ്രവൃത്തി പോലെ ഫലശൂന്യമാണ്.

## ക്രിസ്തുവിന്റെ വെളിപ്പെടുത്തൽ

വൈദികൻ വീണ്ടും ചോദിച്ചു: 'വിശുദ്ധ പൗലൊസിനു വെളിപ്പെട്ടതു പോലെ ക്രിസ്തു നമ്മുടെ കാലത്തു വെളിപ്പെടാത്തതെന്തുകൊണ്ടാണ്?

ഞാൻ: 'ഇക്കാലത്തുപോലും ക്രിസ്തു ചിലപ്പോൾ ആവശ്യക്കാർക്കു സ്വയം വെളിപ്പെടുത്തിക്കൊടുക്കാറുണ്ട്. മാനുഷികാവശ്യങ്ങൾ എല്ലായിടത്തും ഒന്നു തന്നെയാണ്. എന്നാൽ ഓരോരുത്തരുടെയും നിലയും അവസ്ഥയും തമ്മിൽ വളരെ വ്യത്യാസമുണ്ടല്ലോ. ഓരോ മനുഷ്യ ഹൃദയത്തെയും അറിയുന്നവനായ ദൈവം ഓരോ സത്യാന്വേഷിക്കും - അവന്റെ നിലയും അവസ്ഥയുമനുസരിച്ചു- തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുന്നു.'

സ്വർഗത്തിലും ഭൂമിയിലും ദൈവം തന്റെ ശക്തിയും ജ്ഞാനവും മഹത്ത്വവും തന്റെ കൈവേലകളിൽക്കൂടെ പ്രഖ്യാപനം ചെയ്യുന്നു. എന്നാൽ ഒരു പ്രകാരത്തിൽ പറഞ്ഞാൽ പ്രകൃതിയുടെ നാവായ മനുഷ്യൻ നിശ്ശബ്ദനാണുതാനും. ദൈവത്തിന്റെ ജ്ഞാനവും ശക്തിയും അവൻ സൃഷ്ടികളിൽക്കൂടെ വെളിപ്പെടുത്തുന്നു. ദൈവം സ്വയം വെളിപ്പെടുത്തുവാൻ ഇച്ഛിച്ചപ്പോൾ താൻ മനുഷ്യനായി അവതരിക്കുന്നതു മൂലം മാത്രമേ അതു സാധിച്ചുള്ളു. എന്നാൽ നഷ്ടപ്പെട്ട മനുഷ്യജാതിക്കു ദൈവം ഇന്നത്തെ കാലഘട്ടങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്, അവന്റെ സാന്നിദ്ധ്യത്തിൽ ജീവിക്കുന്നതുമൂലം അവൻ തന്നിൽ വസിക്കുന്നവരായ വ്യക്തികളിൽക്കൂടെയാണ്.

പലപ്പോഴും നമ്മുടെ ഇംഗിതങ്ങളുടെയും ആഗ്രഹങ്ങളുടെയും അടിഭാഗത്ത്, 'ഇതു ചെയ്യണം... അല്ലെങ്കിൽ ഇതു ചെയ്യരുത്...' എന്നൊരു ശബ്ദം കേൾക്കാം. ദൈവത്തിൽ നിന്നുള്ള ശബ്ദമാണ്. ദൈവത്തോടടുത്തു ജീവിക്കുന്നവർ ഈ ശബ്ദം പെട്ടെന്നു കേൾക്കുന്നു. അല്ലാത്തവർ കുറെ കഷ്ടിച്ചാണതു കേൾക്കുന്നത്. നാം ഈ ശബ്ദം കേൾക്കുകയും അതനുസരിക്കുകയും ചെയ്യുന്ന പക്ഷം ദൈവവും അവന്റെ ഹിതവും നമുക്കു വെളിപ്പെടുത്തിത്തരും. നേരെ മറിച്ച് ആ ശബ്ദം നമ്മിൽ എത്തിച്ചേരുകയും നാമതിനെ അനുസരിക്കാതിരിക്കയും ചെയ്യുന്ന പക്ഷം സ്വാർത്ഥതയും സ്വേച്ഛയുമാണ് നാം വെളിപ്പെടുത്തുന്നത്.

മനുഷ്യാത്മാവ് അതിസൂക്ഷ്മമായ മറ്റൊരു യഥാർത്ഥ്യമാകയാൽ, തലച്ചോറു പോലെ അതിസൂക്ഷ്മമായ മറ്റൊരു ഉപകരണത്തിൽക്കൂടി മാത്രമേ അതിനു സ്വയം വെളിപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ചിന്ത, സംഭാഷണം, പ്രവൃത്തി എന്നിവയിൽക്കൂടിയാണു തലച്ചോറു പ്രവർത്തനം നടത്തുന്നത്. ഇതേ രീതിയിൽത്തന്നെ സ്വച്ഛവും ശുദ്ധീകരിക്കപ്പെട്ടുതമായ ഒരു ജീവിത മാധ്യമത്തിൽക്കൂടിയാണു പരിശുദ്ധാത്മാവു സ്വയം വെളിപ്പെടുത്തുന്നത്. ദൈവമഹത്ത്വത്തിന്റെ പ്രകാശം ഈ വിധത്തിൽ ദൈവത്തിന്റെ ദാസന്മാരിൽക്കൂടി പ്രശോഭിക്കുന്നതു മൂലം അവൻ ലോകത്തിനു സ്വയം വെളിപ്പെടുത്തി കൊടുക്കുന്നു. *(തുടരും)*



## ബൈബിളിലൂടെ...
# ഗലാത്യർ

## മറ്റൊരു സുവിശേഷത്തിനെതിരെ...

**'ന്യായപ്രമാണത്തിൽ** നിന്നുള്ള സ്വാതന്ത്ര്യം' എന്നതാണ് ഗലാത്യ ലേഖനത്തിന്റെ പ്രതിപാദ്യ വിഷയം. അപ്പൊസ്തലന്മാർ പ്രസംഗിച്ചതിന് വിപരീതമായ 'മറ്റൊരു സുവിശേഷ'ത്തെക്കുറിച്ച് പൗലൊസ് ഇവിടെ പ്രസ്താവിക്കുന്നു (1:8). പ്രത്യേകമായ ചില നിയമങ്ങൾ പാലിച്ച് അങ്ങനെ 'ദൈവത്തെ പ്രസാദിപ്പിച്ചു'കൊണ്ട് ന്യായപ്രമാണ ത്തിന്റെ ആത്മാവിനോട് ക്രിസ്ത്യാനികളെ ബന്ധിപ്പിച്ചു നിറുത്തുന്നതാണ് തെറ്റായ ഈ സുവിശേഷം. വിശുദ്ധരായിത്തീരണം എന്നാഗ്രഹിക്കുന്ന ക്രിസ്ത്യാനികൾ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിനു

*നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന വ്യക്തി ബാഹ്യമായി നിർമ്മലനായിരിക്കാം - എന്നാൽ ആന്തരികമായി മാറ്റം വരാതെ പന്നിയെപ്പോലെ ആയിരിക്കും.*



പകരം പരീശ മനോഭാവമുള്ളവരാകുന്നതിനുള്ള അപകട സാധ്യതയിലാണ്. തങ്ങളുടെ പ്രസംഗങ്ങളിൽ കൃപയ്ക്കു കൂടുതൽ പ്രാധാന്യം നൽകിയാൽ ജനങ്ങൾ തങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ തന്നെ ജീവിക്കുന്നതിനോ പാപം ചെയ്യുന്നതിനോ ഇടയാകുമെന്ന് സഭയിലെ മൂപ്പന്മാർ കരുതിയേക്കാം.

അതുകൊണ്ടു തങ്ങളുടെ ആളുകളെ നിയന്ത്രണത്തിൽ നിർത്താനായി, ദൈവവചനത്തിലില്ലാത്ത ചില നിയമങ്ങൾ സഭയിൽ അംഗത്വം നൽകുന്നതിനായി മൂപ്പന്മാർ കൊണ്ടുവരുന്നു. ജനങ്ങളെ അടിമത്വത്തിലേക്ക് നയിക്കുന്ന ആ പാത ദൈവത്തിന്റേതല്ല. അതുകൊണ്ടു ന്യായപ്രമാണവും കൃപയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നതു വളരെ പ്രധാനപ്പെട്ട കാര്യമാണ്.

ന്യായപ്രമാണം ഒരു വ്യക്തിയെ ബാഹ്യമായി വെടിപ്പാക്കുന്നു. ഒരു പന്നിയെ ബന്ധിച്ചിരിക്കുന്ന 10 ചങ്ങലകളോട് പത്തു കല്പനകളെ താരതമ്യപ്പെടുത്താം. രണ്ടു കിലോമീറ്റർ വൃത്തിഹീനവും മലിനവും ആയ വഴിയിലൂടെ യാത്ര ചെയ്തതിനു ശേഷവും താൻ വൃത്തിയുള്ളവനാണെന്ന് പന്നിക്ക് അവകാശപ്പെടാം. എന്നാൽ ചങ്ങലകളാൽ നിയന്ത്രിക്കപ്പെടുന്നതു കൊണ്ടാണ് അതു വൃത്തിയായിരിക്കുന്നത്! നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന വ്യക്തി ബാഹ്യമായി നിർമ്മലനായിരിക്കാം – എന്നാൽ ആന്തരികമായി മാറ്റം വരാതെ പന്നിയെപ്പോലെ ആയിരിക്കും. എന്നാൽ ഒരു പൂച്ചയെ ആ രണ്ടു കിലോമീറ്റർ ദൂരെ ചെളിയിലൂടെ നടത്തിയാലും അതു വെടിപ്പായി തന്നെ വെളിയിൽ വരും – ചങ്ങലകൾ ഇല്ലെങ്കിലും വൃത്തിഹീനമായതൊക്കെയും അത് ഒഴിവാക്കുന്നു. ന്യായപ്രമാണത്തിന്റെ കീഴിലുള്ള വ്യക്തിയും കൃപയ്ക്കധീനനായ വ്യക്തിയും തമ്മിലുള്ള വ്യത്യാസം അതാണ്. പൂച്ചയുടെ ഉള്ളിലുള്ള സ്വഭാവമാണ് അതിനെ പന്നിയിൽ നിന്നും വ്യത്യസ്തനാക്കുന്നത്. കൃപ ഉള്ളിലുള്ള സ്വഭാവമാണ് അതിനെ പന്നിയിൽ നിന്നും വ്യത്യസ്തനാക്കുന്നത്. കൃപ നമ്മെ ദിവ്യ സ്വഭാവത്തിന് പങ്കാളികളാക്കുന്നു. ദൈവം നമ്മെ ചങ്ങലകളാൽ നിയന്ത്രിക്കുന്നതിന് പകരം, നമ്മുടെ സ്വഭാവത്തിന് തന്നെ വ്യത്യാസം വരുത്തുന്നു.

താൻ പ്രസംഗിച്ചതിൽ നിന്നു വ്യത്യസ്തമായി പരീശ മനോഭാവത്തിലുള്ള സുവിശേഷത്തിലേക്കു ഗലാത്യയിലെ വിശ്വാസികൾ എങ്ങനെയാണ് മാറിപ്പോയതെന്നു പൗലൊസ് ഗലാത്യ ലേഖനത്തിന്റെ പ്രാരംഭ വാക്യങ്ങളിൽ വ്യക്തമാക്കുന്നു. മനുഷ്യനെ പ്രസാദിപ്പിക്കുവാനുള്ള ആഗ്രഹത്തോട് ഇതിനു ബന്ധമുള്ളതായി പൗലൊസ് പറയുന്നു: "ഞാൻ ദൈവത്തെയോ മനുഷ്യരെയോ പ്രസാദിപ്പിക്കുന്നത്" (1:10).

ന്യായപ്രമാണത്തിൻ കീഴ് ജീവിക്കുന്നവർ തീർച്ചയായും മനുഷ്യരെ പ്രസാദിപ്പിക്കുന്നവരാണ്. അതാണ് യഥാർത്ഥ പ്രശ്നം. "നമ്മുടെ പാപങ്ങൾ നിമിത്തം ഈ ദുഷ്ടലോകത്തിൽ നിന്നു വിടുവിക്കേണ്ടതിന് (ഈ ലോകത്തിന്റ അഭിപ്രായം, അംഗീകാരം, നിയമങ്ങൾ എന്നിവയിൽ നിന്നൊക്കെ വിടുവിക്കേണ്ടതിന്) ക്രിസ്തു തന്നെത്താൻ നമുക്കായി ഏല്പിച്ചു കൊടുത്തു" എന്ന് 1:4ൽ വായിക്കുന്നു. ദൈവത്തിന്റെ ഹിതം അനുസരിച്ചു ജീവിക്കേണ്ടതി

നായി ദൈവം നമ്മെ വിടുവിച്ചു. അപ്പോൾ ക്രിസ്തു മരിച്ചത് (1) നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നതിന് മാത്രമല്ല, (2) നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെടേണ്ടിനും (3) സാത്താനെ ക്രൂശിന്മേൽ തോൽപ്പിക്കേണ്ടതിനും (4) നാം നമുക്കായി തന്നെ ജീവിക്കാതെ അവനു വേണ്ടി ജീവിക്കേണ്ടതിനും കൂടിയാണ്. കർത്താവ് മരിച്ചതിന് മറ്റൊരു കാരണം കൂടിയുണ്ട്: നാം ഈ ലോക വ്യവസ്ഥിതിയുടെ പങ്കാളികളാകാതിരിക്കുന്നതിനും കൂടി വേണ്ടിയാണ്. താങ്കൾ ഇതു മനസ്സിലാക്കിയിട്ടുണ്ടോ? പരീശ മനോഭാവക്കാർ ഈ ലോക വ്യവസ്ഥയ്ക്ക് അനുസരിച്ചു ക്രിസ്ത്യാനികൾ എന്ന പേരിൽ ജീവിക്കുന്നു. ഇത്തരത്തിലുള്ള പരീശന്മാരായ ക്രിസ്ത്യാനികൾ പണത്തെ സ്നേഹിക്കുന്നവരും ലൗകികന്മാരുമാണ്. പുറമെ അഥവാ ബാഹ്യമായി അവർ ലൗകികന്മാരായിരിക്കയില്ല. അവരുടെ വസ്ത്രധാരണം ലളിതമായേക്കാം. എങ്കിലും ഹൃദയത്തിലും മനസ്സിലും ലൗകികതയുള്ളവരായിരിക്കും. എന്നാൽ യഥാർത്ഥ കൃപയ്ക്ക് അധീനനരായവർ പൂർണ്ണമായും സ്വാതന്ത്ര്യമുള്ളവരാണ്. ഈ ലോകത്തിന്റെ വ്യവസ്ഥിതിയിൽ നിന്നും നമ്മെ വിടുവിക്കുന്നതിനാണ് യേശു മരിച്ചത്.

ഈ ലോകത്തിലെ എല്ലാ മതങ്ങൾക്കും നിയമങ്ങളും ചട്ടങ്ങളും ഉണ്ട്. നമ്മുടെ പ്രവൃത്തികൾ വേണ്ടാത്ത സൗജന്യമായ പാപക്ഷമയെക്കുറിച്ച് ഒരു മതവും പ്രസംഗിക്കുന്നില്ല. ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, നമ്മെ സ്വീകരിക്കുന്നതിനായി നാം ദൈവ മുമ്പാകെ ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് എല്ലാ മതങ്ങളും പഠിപ്പിക്കുന്നു. ക്രിസ്തീയതയും ഇതുപോലെ എവിടെല്ലാം പഠിപ്പിക്കുന്നുവോ അത് 'തെറ്റായ സുവിശേഷം' തന്നെ ആണെന്ന് തീർച്ചയാണ്.

പരീശ മനോഭാവത്തിലുള്ള സുവിശേഷം ദൈവത്തെക്കാൾ മനുഷ്യനെയാണ് പ്രസാദിപ്പിക്കുവാൻ നോക്കുന്നത്. എന്തുകൊണ്ടെന്നാൽ ന്യായപ്രമാണത്തിന്റെ നീതി ബാഹ്യമായിട്ടുള്ളതാണ്. നാം വളരെ വിശുദ്ധരാണെന്നുള്ള മതിപ്പു മറ്റുള്ളവരിൽ ഉളവാക്കുന്നതിനു പുറമെയുള്ള നീതി നാം ആഗ്രഹിക്കുന്നു. എന്നാൽ ദൈവത്തിൽ നിന്നു കൃപ മൂലം ലഭിക്കുന്ന നീതി പ്രാഥമികമായും ആന്തരികമാണ്. നാം മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നവരാണെങ്കിൽ ആന്തരിക വിശുദ്ധിക്കു നാം പ്രാധാന്യം നൽകുകയില്ല. യേശു പരീശന്മാരോട് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ കിണ്ടി കിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു. അകമെയോ അഴുക്കു നിറഞ്ഞിരിക്കുന്നു." പരീശന്മാരായ എല്ലാവരെയും സംബന്ധിച്ചും ഇതു ശരിയാണ്. അവർ പുറമെ വിശുദ്ധിയുള്ളവരും അകമെ ശുദ്ധിയില്ലാത്തവരും ആയിരിക്കും. പരീശ മനോഭാവത്തിലുള്ള ക്രിസ്ത്യാനിത്വത്തിൽ നിന്നും വാസ്തവമായും സ്വതന്ത്രരാകണമെങ്കിൽ, അതിന്റെ മൂലകാരണം നാം കണ്ടെത്തണം. ദൈവത്തെ അല്ലാതെ മറ്റൊരു മനുഷ്യനെയും പ്രസാദിപ്പിക്കുകയില്ല എന്നു നാം ഉറച്ച തീരുമാനം എടുക്കണം.

കർത്താവിനെ സേവിക്കുവാൻ ആഗ്രഹിക്കുന്നവരെ സംബന്ധിച്ചു വളരെ പ്രധാനപ്പെട്ട ഒരു വാക്യമാണ് ഗലാത്യർ 1:10 – "ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല." ഇതു വളരെ വ്യക്തമായ പ്രസ്താവനയാ

ണ്. നിങ്ങളുടെ ബന്ധുക്കളെയോ, സഹപ്രവർത്തകരെയോ, കൂട്ടു സഹോദരന്മാരെയോ മറ്റൊരു മനുഷ്യനെയോ നിങ്ങൾ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന നിമിഷം, നിങ്ങൾക്കു കർത്താവിനെ സേവിക്കാൻ കഴിയുകയില്ല. നിങ്ങൾ എടുക്കുന്ന ഓരോ തീരുമാനത്തിലും ചെയ്യുന്ന ഓരോ കാര്യത്തിലും നിങ്ങളോടു തന്നെ ഇപ്രകാരം ചോദിക്കണം – ഞാൻ മനുഷ്യരെയാണോ അതോ ദൈവത്തെയാണോ പ്രസാദിപ്പിക്കുന്നതെന്ന്. വിശ്വാസികൾ താഴെ കാണുന്ന പല ചോദ്യങ്ങളും ചോദിക്കാറുണ്ട്. "ഈ ടെലിവിഷൻ പരിപാടി കാണാമോ?, ആഭരണം ധരിക്കാമോ?" എന്നിങ്ങനെ. ഇതിനുള്ള ഉത്തരം കണ്ടെത്താൻ തങ്ങളോടു തന്നെ ഒരു ചോദ്യം ചോദിക്കാവുന്നതാണ്. – "ഞാൻ ഈ കാര്യം ചെയ്യുന്നതു മൂലം എന്നെത്തന്നെയോ മറ്റുള്ളവരെയോ പ്രസാദിപ്പിക്കുന്നുവോ അതോ ദൈവത്തെ പ്രസാദിപ്പിക്കുന്നവോ?" ഈ കാര്യത്തിൽ നാം മറ്റുള്ളവരെ വിധിക്കരുത്. പകരം നമ്മെത്തന്നെ വിധിക്കാം.

മനുഷ്യരെ പ്രസാദിപ്പിക്കുക എന്നാൽ നമ്മെത്തന്നെ സംതൃപ്തിപ്പെടുത്തുക എന്നതും അതിൽ ഉൾപ്പെടും. നാം നമ്മെത്തന്നെ പ്രസാദിപ്പിക്കുന്നുവെങ്കിൽ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല.

എപ്പോഴെല്ലാം നമ്മെത്തന്നെയോ മറ്റുള്ളവരെയോ പ്രസാദിപ്പിക്കുവാൻ പരീക്ഷിക്കപ്പെടുന്നുവോ ആ സന്ദർഭങ്ങളിലെല്ലാം നമ്മെത്തന്നെ ത്യജിച്ചു ദൈവത്തെ മാത്രം പ്രസാദിപ്പിക്കുവാൻ ഉറച്ചു തീരുമാനിക്കുമ്പോൾ, പരീശ ക്രിസ്ത്യാനിത്വത്തിൽ നിന്നു വിടുതൽ ലഭിക്കുന്നു. അങ്ങനെയായാൽ ജീവിതം മുഴുവനും കർത്താവിന്റെ സന്തോഷത്താൽ നിറയുകയും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മറ്റുള്ളവരെ സേവിക്കുന്നതിന് കഴിയുകയും ചെയ്യും.

മനുഷ്യരെ പ്രസാദിപ്പിക്കുക എന്നാൽ നമ്മെത്തന്നെ സംതൃപ്തിപ്പെടുത്തുക എന്നതും അതിൽ ഉൾപ്പെടും. നാം നമ്മെത്തന്നെ പ്രസാദിപ്പിക്കുന്നുവെങ്കിൽ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല. എപ്പോഴെല്ലാം നമ്മെത്തന്നെയോ മറ്റുള്ളവരെയോ പ്രസാദിപ്പിക്കുവാൻ പരീക്ഷിക്കപ്പെടുന്നുവോ ആ സന്ദർഭങ്ങളിലെല്ലാം നമ്മെത്തന്നെ ത്യജിച്ചു ദൈവത്തെ മാത്രം പ്രസാദിപ്പിക്കുവാൻ ഉറച്ചു തീരുമാനിക്കുമ്പോൾ, പരീശ ക്രിസ്ത്യാനിത്വത്തിൽ നിന്നു വിടുതൽ ലഭിക്കുന്നു. അങ്ങനെയായാൽ ജീവിതം മുഴുവനും കർത്താവിന്റെ സന്തോഷത്താൽ നിറയുകയും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മറ്റുള്ളവരെ സേവിക്കുന്നതിന് കഴിയുകയും ചെയ്യും.

പൗലൊസ് തുടർന്നു തന്റെ ശുശ്രൂഷയുടെ ആധികാരികത ഉറപ്പിച്ചു പറയുന്നു. പുതിയ നിയമം എഴുതപ്പെട്ടിട്ടില്ലാത്ത കാലം. പൗലൊസിന്റെ മരണ ശേഷമാണ് ഒട്ടേറെ പുതിയ

**ദൈവത്തിന് പൗലൊസിന്റെ അപ്പൊസ്തലത്വം അടയാളങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും ഉറപ്പാക്കേണ്ടതുണ്ടായിരുന്നു. എന്നാൽ ഇന്ന് അത് ആവശ്യമായി വരുന്നില്ല. അതിനാലാണ് പൗലൊസിന്റെയും പത്രൊസിന്റെയും കാലത്തെപ്പോലെ അത്ഭുതങ്ങൾ കാണുവാൻ സാധിക്കാത്തത്. അപ്പൊസ്തല പ്രവൃത്തികളിലുട നീളം, ആദ്യമായി സുവിശേഷത്തിന്റെ സന്ദേശം പ്രസംഗിക്കപ്പെട്ടപ്പോഴെല്ലാം, ദൈവം അടയാളങ്ങളാൽ അതു ഉറപ്പിച്ചു പോന്നു. അപരിഷ്കൃത പ്രദേശങ്ങളിൽ ഇന്നും, ആദ്യമായി സുവിശേഷം പ്രസംഗിക്കപ്പെടുന്ന സ്ഥലങ്ങളിൽ, ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു.**

നിയമ പുസ്തകങ്ങളും എഴുതിയത്. ചുരുക്കത്തിൽ പൗലൊസ് ഇതു എഴുതുമ്പോൾ പല സ്ഥലങ്ങളിലും പുതിയ നിയമം ലഭ്യമല്ലായിരുന്നു. പുതിയ നിയമം എഴുതപ്പെട്ടതിനു ശേഷവും വളരെ കുറച്ചു പ്രതികൾ മാത്രമേ ലഭ്യമായിരുന്നുള്ളു. ആതു കൊണ്ടു ദൈവവചനത്തിന്റെ ആധികാരികത അംഗീകരിക്കാത്തവരോട് വേദപുസ്തകം ദൈവത്തിന്റെ വചനമാണെന്ന് ഉറപ്പിച്ചു പറയുന്നതു പോലെ പൗലൊസിനും തന്റെ അപ്പൊസ്തലത്വത്തെ ന്യായീകരിക്കേണ്ടി വന്നു.

തങ്ങൾ പഠിപ്പിക്കുന്ന കാര്യങ്ങൾ ദൈവത്തിന്റെ വചനം എന്ന നിലയിൽ കൈക്കൊള്ളേണ്ടതിന് അപ്പൊസ്തലന്മാർക്കു തങ്ങളുടെ അപ്പൊസ്തലത്വം ഉറപ്പിക്കേണ്ടി വന്നു. എന്നാൽ ഇന്നു നമുക്ക് അപ്രകാരം ചെയ്യേണ്ട ആവശ്യം ഇല്ല. കാരണം നാം നമ്മുടെ വാക്കുകൾ അല്ല, പകരം തിരുവെഴുത്തിലെ വചനങ്ങൾ ആണ് നാം പറയുന്നത്. “നാം ക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു” എന്നു പൗലൊസ് പറയുമ്പോൾ, തിരുവെഴുത്തിലെ ഒരു വചനം ഉദ്ധരിച്ചായിരുന്നില്ല താൻ അപ്രകാരം പറഞ്ഞത്. ന്യായപ്രമാണം ഇല്ലാതാക്കണം എന്നു പഠിപ്പിക്കുന്ന ഒരു വാക്യവും പഴയ നിയമത്തിലില്ല. പൗലൊസ് തിരുവെഴുത്ത് എഴുതുന്നതു കൊണ്ട് തന്റെ അപ്പൊസ്തലത്വത്തിന്റെ ആധികാരികത ഉറപ്പിക്കേണ്ടിയിരുന്നു. ആയതിനാൽ ദൈവത്തിന് പൗലൊസിന്റെ അപ്പൊസ്തലത്വം അടയാളങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും ഉറപ്പാക്കേണ്ടതുണ്ടായിരുന്നു. എന്നാൽ ഇന്ന് അത് ആവശ്യമായി വരുന്നില്ല. അതിനാലാണ് പൗലൊസിന്റെയും പത്രൊസിന്റെയും കാലത്തെപ്പോലെ അത്ഭുതങ്ങൾ കാണുവാൻ സാധിക്കാത്തത്. അപ്പൊസ്തല പ്രവൃത്തികളിലുടനീളം, ആദ്യമായി സുവിശേഷത്തിന്റെ സന്ദേശം പ്രസംഗിക്കപ്പെട്ടപ്പോഴെല്ലാം, ദൈവം അടയാളങ്ങളാൽ അത് ഉറപ്പിച്ചു പോന്നു. അപരിഷ്കൃത പ്രദേശങ്ങളിൽ ഇന്നും, ആദ്യമായി സുവിശേഷം പ്രസംഗിക്കപ്പെടുന്ന സ്ഥലങ്ങളിൽ, ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു.

താൻ മനുഷ്യരിൽ നിന്നല്ല,

ക്രിസ്തുവിൽ നിന്നു നേരിട്ടു പ്രാപിച്ച ദർശനത്തിലൂടെയാണ് സുവിശേഷം സ്വീകരിച്ചതെന്നു പൗലൊസ് (1:12) തുടർന്നു പറയുന്നു. പൗലൊസ് ഒരു കാലത്തു ന്യായപ്രമാണത്തെക്കുറിച്ചു വളരെ എരിവുള്ളവനും അതിന്റെ പ്രചാരകനും ആയിരുന്നു. എന്നാൽ ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള ദർശനം ഹൃദയത്തിൽ നൽകിയപ്പോൾ താൻ മനുഷ്യരോട് അഭിപ്രായം ചോദിക്കാതെ, അറേബ്യയിലേക്കും അതിനുശേഷം യെരുശലേമിലേക്കും മൂന്നു വർഷത്തേക്കു പോയി (1:1,17). തന്റെ കാലഘട്ടത്തിലെ ജനങ്ങളെക്കാൾ പൗലൊസ് വളരെ തീക്ഷ്ണതയുള്ളവനായിരുന്നു. പരമ്പരാഗതമായ ആചാരങ്ങളിലൂടെ ന്യായപ്രമാണം പോഷിപ്പിക്കുകയും (1:14) പ്രചരിപ്പിക്കുകയും ചെയ്തു. എന്നാൽ ദമസ്ക്കോസ് റോഡിൽ ക്രിസ്തു വെളിപ്പെട്ടപ്പോൾ മൂന്നു വർഷം അറേബ്യയിൽ പോയി താമസിച്ചു.

പൗലൊസ് മൂന്നു വർഷത്തേക്ക് അറേബ്യയിൽ പോകുവാനുള്ള കാരണം എന്തായിരുന്നു? അതിനു മുമ്പുള്ള മൂന്നു വർഷം താൻ യെരുശലേമിലെ ഗമാലിയെലിന്റെ ബൈബിൾ സ്കൂളിൽ, ദൈവത്തെക്കുറിച്ചു തെറ്റായ ധാരണകളും ന്യായപ്രമാണത്താൽ എങ്ങനെ രക്ഷ പ്രാപിക്കും എന്നും മറ്റും പഠിച്ചു. അപ്രകാരമുള്ള എല്ലാ പതിരുകളെയും തന്റെ അറിവിൽ നിന്നു മാറ്റി, പുതിയ നിയമ സുവിശേഷത്തിന്റെ ദർശനം തനിക്ക് നൽകേണ്ടതിനായിരുന്നു ദൈവം മൂന്നു വർഷത്തേക്ക് പൗലൊസിനെ മരുഭുമിയിലേക്ക് (അറേബ്യയിലേക്ക്) അയച്ചത്. പരിശുദ്ധാത്മാവിന്റെ വെളിപ്പാടു കൂടാതെ ഇന്നു ബൈബിൾ സ്കൂളിൽ നിന്നുള്ള ജ്ഞാനം മാത്രം നേടുന്ന ആളുകളോടും ദൈവത്തിന് അപ്രകാരം തന്നെയാണ് ചെയ്യുവാനുള്ളത്.

നമുക്കറിവുള്ളിടത്തോളം ഗമാലിയേൽ ദൈവഭയമുള്ള മനുഷ്യനായിരുന്നു (അപ്പൊ. പ്ര. 5:34-39). എന്നാൽ അദ്ദേഹത്തിനു പരിശുദ്ധാത്മാവിന്റെ വെളിപ്പാട് ഇല്ലായിരുന്നു. ആയതിനാൽ തന്റെ ബൈബിൾ സ്കൂളിലെ വിദ്യാർത്ഥികളെ ദൈവികമായ സത്യങ്ങളിലേക്കു നടത്താൻ കഴിഞ്ഞില്ല. ന്യായപ്രമാണത്തെക്കുറിച്ചുള്ള ബുദ്ധിപരമായ അറിവു മാത്രമേ തനിക്കുണ്ടായിരുന്നുള്ളു. അതുകൊണ്ട് ആത്മാവിന്റെ ദർശനം ലഭിക്കുന്നതിനു വേണ്ടി അദ്ദേഹത്തിന്റെ വിദ്യാർത്ഥിയായ പൗലൊസിന് ദൈവവുമായുള്ള ഏകാന്തതയിൽ മൂന്നു വർഷം ആയിരിക്കേണ്ടി വന്നു.

'വെളിപ്പാട്' എന്ന വാക്ക് നാം പലപ്പോഴും കണ്ടിട്ടുണ്ട്. പഴയ നിയമത്തിൽ ഒരിടത്തും ഈ വാക്ക് നമുക്കു കാണാൻ കഴിയില്ല. കാരണം അക്കാലത്തെ ജനങ്ങളിൽ പരിശുദ്ധാത്മാവ് ഇല്ലായിരുന്നു. പഴയ ഉടമ്പടിയിൽ ധ്യാനത്തിനായിരുന്നു ഊന്നൽ നൽകിയിരുന്നത്. ആത്മാവിന്റെ ദർശനം കൂടാതെ നാം തിരുവചനം ധ്യാനിക്കുകയാണെങ്കിൽ, ദൈവത്തിൽ നിന്നു നമുക്കു പ്രാപിക്കാനുള്ളത് നഷ്ടമാകുവാൻ സാധ്യതയുണ്ട്. യേശുവിനെ ദൈവപുത്രൻ എന്നു പത്രൊസ് തിരിച്ചറിഞ്ഞപ്പോൾ, നിനക്ക് ഈ ദർശനം ലഭിച്ചതിനാൽ ഭാഗ്യവാനാണെന്ന് യേശു പത്രൊസിനോടു പറഞ്ഞു (മത്താ. 16:17). തനിക്കും അതേ ദർശനം ലഭിച്ചെന്ന് പൗലൊസ് പറയുന്നു. തിരുവെഴുത്തുകൾ പഠിക്കുമ്പോൾ പരിശുദ്ധാത്മാവിൽ നിന്നു വെളിപ്പാടു ലഭി

ക്കേണ്ടതുണ്ട്. അതു മനസ്സിലാക്കിയാൽ മാത്രം പോരാ. ബൈബിൾ മനസ്സിലാക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്ന അനേകരുണ്ട്. പിശാചും അപ്രകാരം വിശ്വസിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നെങ്കിലും അത് അവനെ രൂപാന്തരത്തിലേക്കു നടത്തുന്നില്ല., നിങ്ങൾക്കും മാറ്റം വരാതിരിക്കാൻ സാധ്യതയുണ്ട്. ദൈവവചനം വിശ്വസിക്കയും മനസ്സിലാക്കുകയും മനഃപാഠം പഠിക്കുകയും (ഹൃദിസ്ഥമാക്കുക) ചെയ്യുമ്പോൾ തന്നെ, യാതൊരു രൂപാന്തരവും കൂടാതെ ഇരിക്കുവാനും സാധ്യമാണ്.

നിങ്ങളുടെ ജീവിതത്തിലും, അഭിലാഷങ്ങളിലും പണം, ശത്രുക്കൾ, പാപം എന്നിവയോടുള്ള നിങ്ങളുടെ മനോഭാവത്തിലും മാറ്റങ്ങൾ സംഭവിക്കുന്നുവെങ്കിൽ തിരുവചനത്തിലുള്ള വെളിപ്പാടു നിങ്ങൾക്കു ലഭിച്ചു എന്നു നിങ്ങൾക്ക് അറിയുവാൻ കഴിയും. എന്നാൽ അപ്രകാരമുള്ള മാറ്റമൊന്നും സംഭവിക്കുന്നില്ലെങ്കിൽ, തിരുവെഴുത്തിനെക്കുറിച്ചുള്ള നിങ്ങളുടെ അറിവു പിശാചിനുള്ളതിൽ നിന്നും ഒട്ടും മെച്ചപ്പെട്ടതായിരിക്കയില്ല. വളരെ അധാർമ്മികനായ വ്യക്തിക്കു പോലും കെമിസ്ട്രി (രസതന്ത്രം) പഠിപ്പിക്കുന്ന മികച്ച അധ്യാപകനാകാൻ സാധിക്കും. നിങ്ങൾ ബുദ്ധിമാനാണെങ്കിൽ കെമിസ്ട്രി പഠിക്കുന്നതു പോലെ നിങ്ങൾക്കു ബൈബിൾ പഠിക്കുവാൻ കഴിയും. കെമിസ്ട്രിയിൽ (രസതന്ത്രത്തിൽ) ഡോക്ടർ ബിരുദം ലഭിക്കുന്നത് പോലെ, വേദശാസ്ത്രത്തിലും ബിരുദം നേടാം. അതു നിങ്ങളുടെ ബുദ്ധിശക്തിയുടെ പരീക്ഷ മാത്രമാണ്. എന്നാൽ തങ്ങളുടെ വ്യക്തിപരമായ ജീവിതത്തിൽ (സ്വകാര്യ ജീവിതത്തിൽ) കെമിസ്ട്രി അധ്യാപകനും വേദശാസ്ത്ര അധ്യാപകനും അധാർമ്മിക നിലവാരത്തിലായിരിക്കാം. അതല്ല രണ്ടു കൂട്ടരും പണം സമ്പാദിക്കുന്നതിനോ, ഭൗതിക അഭിലാഷങ്ങൾക്കോ വേണ്ടി ജീവിക്കുന്നവരുമായിരിക്കും. ദൈവിക വെളിപ്പാടു രണ്ടു പേരിലും കാണുവാൻ സാധിക്കില്ല.

നമ്മുടെ ജീവിതത്തെ വ്യത്യാസപ്പെടുത്തുന്നതെന്താണോ അതാണ് വെളിപ്പാട്. ദൈവത്തെ സേവിക്കണമെങ്കിൽ അതാണ് നമുക്ക് ഏറ്റവും ആവശ്യമായിരിക്കുന്നത്.

ക്രിസ്തീയ ലോകത്തു രണ്ടു വ്യത്യസ്ത പരകോടികളിൽ എത്തിയവരെ കാണുവാൻ കഴിയും. ഒരു കൂട്ടർ പൂർണ്ണമായും ബുദ്ധിപരമായി മാത്രം ചിന്തിക്കുന്നവരും, വെളിപ്പാടിൽ വിശ്വസിക്കാത്തവരുമാണ്. അവർ ആത്മീയമായി മരിച്ചവരായിരിക്കാം. മറ്റൊരു കൂട്ടർ വെളിപ്പാടുകളിൽ വിശ്വസിക്കുന്നവരും അതിന്റെ അത്യുച്ച കോടിയിലെത്തിയവരും ആണ്. വേദപുസ്തകത്തിലില്ലാത്തതും എന്നാൽ തങ്ങൾക്കു ലഭിച്ചതുമായ 'വെളിപ്പാടുകളെ'ക്കുറിച്ച് അവർ സംസാരിക്കുന്നു. അങ്ങനെയുള്ളവർ തീവ്രവാദികളും ദുരുപദേശക്കാരും ആയിരിക്കും.

**അധ്യായം രണ്ട്**

രണ്ടാം അധ്യായത്തിൽ പത്രൊസിന്റെ മുമ്പിൽ പോലും പൗലൊസ് ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തെ ന്യായീകരിക്കുന്നു. നമുക്കെല്ലാവർക്കും ഉണ്ടായിരിക്കേണ്ട ഒരു മനോഭാവം പൗലൊസിൽ ഇവിടെ കാണാം. പൗലൊസ് ഇവിടെ ചെയ്തത് നിങ്ങൾ കാണണം എന്നു ഞാൻ ആഗ്രഹിക്കുന്നു. നാം നേരത്തെ ചിന്തിച്ച അന്നത്തെ

ക്രിസ്തീയതയിലെ തെറ്റായ ഒരു ഊന്നലിനെ, ആരോഗ്യകരമായ ശാസനയിലൂടെ പൗലൊസ് തിരുത്തുന്നു. തനിക്കു ലഭിച്ച ദർശനം മൂലം പൗലൊസ് ആദ്യം അറേബ്യയിലേക്കും പിന്നീട് 14 വർഷങ്ങൾക്കു ശേഷം യെരുശലേമിലേക്കും പോയി (2:2). അറേബ്യയിൽ, ദൈവത്തിന്റെ മർമ്മങ്ങളെക്കുറിച്ചുള്ള വെളിപ്പാട് തനിക്കു ലഭിച്ചു. അതിനു ശേഷം മറ്റൊരു ദർശനത്തിലൂടെ യെരുശലേമിലേക്കു പോകുവാനും, അവിടെയുള്ള സഭയിലെ ആത്മീയ നേതാക്കളോടു താൻ പ്രസംഗിക്കുന്ന സുവിശേഷം സത്യമായതാണോ അതോ യാഥാർത്ഥ്യത്തിൽ നിന്നും താൻ വ്യതിചലിക്കുന്നുണ്ടോ എന്ന് അവരുടെ മുമ്പിൽ പരിശോധിക്കുവാനും ദൈവം പൗലൊസിനോട് ആവശ്യപ്പെടുന്നു. "സഹോദരന്മാരെ ഞാൻ പ്രസംഗിക്കുന്നതും എനിക്കു ലഭിച്ചതുമായ ദർശനം ഇപ്രകാരം ആണ്. നിങ്ങൾ ഇതിനെക്കുറിച്ച് എന്തു വിചാരിക്കുന്നു? ഈ ദർശനത്തെക്കുറിച്ചുള്ള നിങ്ങളുടെ വിലയിരുത്തൽ എങ്ങനെയാണ്?' എന്നു സഭയിലെ ആത്മീയ നേതാക്കളോടു പൗലൊസ് അവിടെ ചോദിക്കുന്നു.

എപ്പോഴെല്ലാം പുതിയ ദർശനം നിങ്ങൾ പ്രാപിക്കുന്നുവോ ആ സന്ദർഭങ്ങളിലെല്ലാം പ്രായമുള്ളതും ആത്മീയരും ആയ സഹോദരനോടോ അഥവാ സഹോദരന്മാരോടോ ഈ ദർശനം തിരുവചനാനുസൃതമാണോ എന്നു പരിശോധിക്കുവാൻ ഞാൻ നിങ്ങളെ ഉത്സാഹിപ്പിക്കുന്നു. നിങ്ങൾക്ക് അറിഞ്ഞു കൂടാത്തതും, നിങ്ങൾ പരിഗണിക്കാത്തതും ആയ തിരുവചനത്തെക്കുറിച്ചുള്ള മറ്റൊരു വീക്ഷണവും ഉണ്ടാകാം. തങ്ങൾക്കു ലഭിക്കുന്ന വെളിപ്പാടുകൾ ദൈവത്തിൽ നിന്നുള്ളവയാണോ എന്ന് ഉറപ്പാക്കുന്നതിന്, മുതിർന്ന സഹോദരന്മാരുടെ അടുക്കൽ ചെല്ലുന്നതു യുവ തലമുറയ്ക്ക് സുരക്ഷിതത്വം നൽകുന്നു. അതു നിങ്ങളെ അസന്തുലിതാവസ്ഥയിൽ നിന്നും തെറ്റായ പഠിപ്പിക്കലുകളിൽ നിന്നും രക്ഷിക്കും.

'നിങ്ങൾ രക്ഷിക്കപ്പെടണമെങ്കിൽ പരിച്ഛേദന ഏല്പിക്കേണ്ടത് ആവശ്യമാണന്ന്'' ആ കാലഘട്ടത്തിലെ ക്രിസ്ത്യാനികളായ യെഹൂദന്മാർ പറഞ്ഞിരുന്നു. ഇന്നും ചില സഭാ നേതാക്കൾ ഇപ്രകാരം പറയാറുണ്ട്. "നിങ്ങൾ സ്നാനം ഏല്പിക്കുന്നതിന് മുമ്പ് നിങ്ങളുടെ ആഭരണം ഉപേക്ഷിക്കണമെന്നും, അതല്ല ഞങ്ങളോടൊരുമിച്ച് അപ്പം നുറുക്കൽ ശുശ്രൂഷയിൽ പങ്കെടുക്കണമെങ്കിൽ നിങ്ങളുടെ വീട്ടിലെ ടെലിവിഷൻ നീക്കണം" എന്നുമിങ്ങനെ. നൂറ്റാണ്ടുകളായി അത്തരത്തിലുള്ള പരീശമനോഭാവം വ്യത്യസ്ത രൂപങ്ങളിൽ ക്രിസ്ത്യാനിത്വത്തിൽ കാണാവുന്നതാണ്. പരീശന്മാരായ നിയമവാദികൾ, രക്ഷയ്ക്കു വേണ്ടിയുള്ള മാനസാന്തരം, ക്രിസ്തുവിലുള്ള വിശ്വാസം എന്നിവയെക്കുറിച്ചുള്ള ലളിതമായ സന്ദേശത്തിൽ ഇപ്രകാരമുള്ള എന്തെങ്കിലും കാര്യങ്ങൾ എപ്പോഴും കൂട്ടു ചേർക്കുന്നതിൽ താൽപര്യപ്പെട്ടിരുന്നു. തങ്ങളുടേതായ ചട്ടങ്ങൾ സഭാ നേതാക്കളിൽ പലരും നൂറ്റാണ്ടുകളായി ദൈവവചനത്തോടു കൂട്ടുചേർക്കാറുണ്ട്. അതുകൊണ്ടാണു പല സഭകളും ഇന്നു ദയനീയമായ അവസ്ഥയിൽ എത്തിയിരിക്കുന്നത്. *(തുടരും)*

(മൊഴിമാറ്റം: **മേഴ്സി റജി**)

ദൈവം യോജിപ്പിച്ചത്

മോളിയും ജോൺ വെസ്‌ലിയും - 6

# പെരുമഴയുള്ള ദിവസത്തിലെ ഇടവിടാത്ത ചോർച്ച



അജയ് ജോർജ്

**ഒരാഴ്ച** കഴിഞ്ഞപ്പോൾ വെസ്‌ലി സമ്മേളനങ്ങൾക്കായി പുറപ്പെട്ടു തുടങ്ങി. വീട്ടിൽ നിന്നും വിട്ടു നിന്ന ആദ്യ ദിവസം തന്നെ ഇങ്ങനെ കുറിക്കുകയുണ്ടായി: 'വിവാഹിതനായ ഒരു മെതഡിസ്റ്റ് പ്രസംഗകന് ദൂരയാത്ര ചെയ്യേണ്ടതുണ്ടെങ്കിൽ ഭാര്യയില്ലാത്ത ഒരാളെപ്പോലെയായിരിക്കുന്നതാണ് നല്ലത്.' ഇതിനു ശേഷമായിരിക്കണം അദ്ദേഹം മോളിക്ക് സ്നേഹനിർഭരമായ ഒരു കത്തും എഴുതി. 'നീ നിന്റെ സർവ്വസ്വവുമായി എന്നെ സ്നേഹിച്ചിരിക്കുന്നുവല്ലോ. നമ്മെ ഇങ്ങനെ ഒരുമിപ്പിച്ച ദൈവത്തിന് എത്ര നന്ദി പറഞ്ഞാൽ മതിയാകും?' എന്നൊക്കെ അതിൽ കാണുന്നുണ്ട്. ഇതോടൊപ്പം തന്നെ ബ്ലാക്ക്‌വെൽ എന്ന ഒരു സ്നേഹിതനും ജോൺ എഴുതുകയുണ്ടായി. മോളിയെപ്പറ്റി അതിൽ പറയുന്നത് ഇങ്ങനെ: 'അവൾക്കു പല ബുദ്ധിമുട്ടുകളുമുണ്ട്. ദൈവം അറിയാത്തതായി അവയിലൊന്നുപോലുമില്ലെങ്കിലും.'

ജോണിന് അറിയാത്തതായിരുന്നെങ്കിലും, മോളിയുടെ ബുദ്ധിമുട്ട് വാസ്തവത്തിൽ ജോൺ തന്നെയായിരുന്നു! തന്റെ കാര്യങ്ങളിൽ ജോണിന് ഒരു താൽപര്യവുമില്ല എന്ന പരാതിയുമായി മോളി ബ്ലാക്ക് വെല്ലിന്റെ അടുത്തു നേരത്തെ തന്നെ എത്തിയിരുന്നു. കല്യാണം കഴിഞ്ഞു നാലു മാസമാകുമ്പോഴേയ്ക്കും ചാൾസ് വെസ്‌ലിയുടെ അടുത്തുപോലും മോളി ചെന്നു. തന്നെപ്പറ്റി യാതൊരുവിധ മതിപ്പുമില്ലാത്തയാളാണ് എന്ന് അറിഞ്ഞുകൊണ്ടു തന്നെ ചാൾസിനെ കണ്ടു പരാതി പറയാൻ ചെന്ന മോളിയുടെ ധൈര്യം അപാരം! ജോണുമായി ഇതേപ്പറ്റി സംസാരിക്കാമെന്നും, കഴിയുമെങ്കിൽ ഇവർ തമ്മിലുള്ള ഒരു സന്ധി സംഭാഷണം തരപ്പെടുത്തി അതിൽ താനും പങ്കു ചേരാമെന്നും ചാൾസ് സമ്മതിച്ചു. ഒത്തുകൂടലും സംഭാഷണവുമൊക്കെ നടന്നു. സന്ധി മാത്രമുണ്ടായില്ല. കുറ്റങ്ങളുടെ നീണ്ട ഒരു പട്ടിക തന്നെ മോളി നിരത്തി. രസമെന്താണെന്നു വച്ചാൽ, അതിൽ ഭർത്താവിന്റെ കുറവുകൾ മാത്രമല്ല മദ്ധ്യസ്ഥനായ ചാൾസിന്റെ 'കുറ്റങ്ങളു'മുണ്ടായിരുന്നു! മഞ്ഞപ്പിത്തമുള്ളയാൾ

കാണുന്നതെല്ലാം മഞ്ഞ എന്നതു പോലെ മോളിയുടെ മുന്നിൽ മറ്റെല്ലാവരും കുറ്റക്കാരായിരുന്നു. വിവാഹം കഴിച്ചു എന്നതു കൊണ്ടു ദൈവം തന്നെ ഏൽപ്പിച്ച ജോലി ഉപേക്ഷിച്ച് ഭാര്യയുടെ താളത്തിനു തുള്ളാൻ തന്നെ കിട്ടുകയില്ലെന്നു ജോൺ തീർത്തു പറഞ്ഞു. ശേഷം ചിന്ത്യം. ഒന്നിനും ഒരു മാറ്റവുമുണ്ടാകയില്ല എന്നു മനസ്സിലാക്കിയ ചാൾസ് നിരാശനും നിസ്സഹായനുമായി അവിടെ നിന്നും ഇറങ്ങിപ്പോന്നു.

തന്റെ ചേട്ടത്തിയമ്മയോട് ഒരിക്കലും നല്ല രീതിയിൽ ആയിരിക്കാൻ ചാൾസിന് കഴിഞ്ഞില്ല. 'പ്രതികാരത്തിന്റെ ആത്മാവ് എന്നിൽ വളരാതിരിക്കേണ്ടതിനായി പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു' എന്നാണ് ചാൾസ് ഒരിക്കൽ മോളിയുടെ 'ആട്ടും തുപ്പും' കേട്ടതിനു ശേഷം പറഞ്ഞത്. നമുക്ക് ഒരാളോട് അതൃപ്തിയോ വിരോധമോ ഉണ്ടെങ്കിൽ നമ്മുടെ സംഭാഷണങ്ങളിൽ അതു പ്രതിഫലിക്കുമല്ലോ. മോളിയോടുള്ള ചാൾസിന്റെ നീരസം ക്രമേണ പ്രസ്ഥാന പ്രവർത്തകരിലേക്കും വ്യാപിച്ചു. ഇതെല്ലാം അറിഞ്ഞ് മോളിക്കു ഹാലിളകി. 'താൻ മെതഡിസ്റ്റുകളുടെ നേതാവിന്റെ ഭാര്യയാണ്. എന്നിട്ടും എല്ലാവരും തനിക്കെതിരെ തിരിഞ്ഞിരിക്കുന്നു' എന്നൊക്കെ ചിന്തിച്ച് വല്ലാതായി.

ജോൺ യാത്ര പോകുമ്പോഴൊക്കെ മോളി വീട്ടിലിരിക്കുകയായിരുന്നല്ലോ ഇത്രയും നാളും. അങ്ങനെയൊരു തീരുമാനമെടുത്തത് മോളി തന്നെയായിരുന്നു. അതിനൊരു മാറ്റം വരുത്തിയാലോ? ഇനി മുതൽ ജോണിനോടൊപ്പം പോകുക എന്നൊരു തീരുമാനം മോളി എടുത്തു. കാര്യങ്ങൾ നേരെയാകാൻ അതു നന്നായിരിക്കും എന്ന് അവർ കരുതി. മോളിയുടെ മനംമാറ്റം കണ്ടു വെസ്‌ലി സന്തോഷിക്കുകയും അവരെ കൂടെ കൊണ്ടുപോകുകയും ചെയ്തു. എങ്കിലും കാര്യങ്ങൾക്കു വലിയ മാറ്റമൊന്നുമുണ്ടായില്ല. ഗ്രേസ് തന്റെ മനസ്സിനിണങ്ങിയ യാത്രാ പങ്കാളിയായിരുന്നു. മോളി ഒരിക്കലും അങ്ങനെയായിരുന്നില്ല. ആളുകൾ വ്യത്യസ്തരാണെന്ന് അറിയാവുന്നതു കൊണ്ട് അദ്ദേഹം ഒരു താരതമ്യത്തിനു മുതിർന്നില്ലെങ്കിലും തനിക്ക് ഉത്തമ സഹായിയായിരുന്ന ഗ്രേസിനെക്കുറിച്ചുള്ള ഓർമ്മകൾ മനസ്സിൽ നിറയുന്നത് തടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. നല്ല റോഡുകളൊന്നുമില്ലാതിരുന്ന അക്കാലത്തു കുതിരപ്പുറത്തു ക്ഷീണമൊന്നും തരിമ്പും വകവയ്ക്കാതെ, വെസ്‌ലി യാത്ര ചെയ്യുന്ന രീതിയിൽ പോവുക എന്നത് ആണുങ്ങൾക്കു പോലും ബുദ്ധിമുട്ടായിരിക്കെ മോളിയുടെ കാര്യം ഊഹിക്കാവുന്നതേയുള്ളു. എന്തിലും ഏതിലും കുറ്റം കണ്ടു പിടിക്കാൻ സമർത്ഥരായ വ്യക്തികൾക്ക് ഈ യാത്രകളിൽ അതിനുള്ള അവസരങ്ങളും കുറവായിരുന്നില്ല.

പിന്നെയും ജോൺ തന്റെ വിശ്വസ്ത സ്നേഹിതൻ ബ്ലാക്ക് വെല്ലിനെഴുതി: 'ഇക്കഴിഞ്ഞ യാത്രയിൽ ഞാനെന്റെ ക്ഷമയുടെ നെല്ലിപ്പലക കണ്ടു. ഞാൻ കാണുന്ന മനുഷ്യരിലോ എനിക്കഭിമുഖീകരിക്കേണ്ടി വരുന്ന സാഹചര്യങ്ങളിലോ എനിക്ക് ഒരതൃപ്തിയുമില്ല. പകരം ആ വെല്ലുവിളികളെല്ലാം എന്നെ ഉത്തേജിപ്പിക്കുകയാണ് പതിവ്. എന്റെ കൂടെയുള്ളവർക്കും അങ്ങനെയൊക്കെ തന്നെ ആയിരിക്കണമെന്നാണ് എന്റെ ആഗ്രഹം. ഞാൻ

ഈർഷ്യപ്പെടാറില്ല. ഏതെങ്കിലും ഒരു കാര്യത്തിൽ അസംതൃപ്തി കാണിക്കാറില്ല. ആവശ്യമില്ലാതെ ദേഷ്യപ്പെടാറുമില്ല. എന്നിട്ടും എന്റെ ചെവിയുടെ അടുത്തിരുന്നു പിറുപിറുക്കുകയും കുറ്റം പറയുകയും ഒക്കെ ചെയ്യുമ്പോൾ എനിക്കത് സഹിക്കാവുന്നതിലും അപ്പുറത്താണ്."

മോളിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ, തിരക്കു പിടിച്ച യാത്രകളുടെ കാഠിന്യം കൂടാതെ, ചിലപ്പോഴുണ്ടാകാറുള്ള ശക്തമായ മഴ അല്ലെങ്കിൽ കൊടുങ്കാറ്റ്, മഞ്ഞുകാലത്തെ മരംകോച്ചുന്ന തണുപ്പ്, ഇതൊന്നും പോരാഞ്ഞ് സുവിശേഷ വിരോധികളുടെ തെറിവിളിയും കളിയാക്കലും, വല്ലപ്പോഴുമെങ്കിലുമുള്ള കല്ലു വലിച്ചെറിയലും ചീമുട്ടയേറും മറ്റുള്ളവർക്കൊപ്പം മോളിയും സഹിക്കണമായിരുന്നു. ഒരിക്കൽ ഒരു മീറ്റിംഗ് കഴിഞ്ഞ് അടുത്ത യോഗസ്ഥലത്തെത്തിയപ്പോൾ കണ്ടത്, തങ്ങളെ സ്വീകരിക്കുവാൻ കാത്തു നിൽക്കുന്ന, ഭംഗിയായി അണിഞ്ഞൊരുങ്ങിയ ഒരു കൂട്ടം തരുണീമണികളെയാണ്. രണ്ടു കാര്യങ്ങളാണ് മോളിയുടെ മനസ്സിലേക്ക് ഓടിയെത്തിയത്. ഒന്ന്: എൺപതു കിലോമീറ്റർ കുതിരപ്പുറത്ത് ഒറ്റയടിക്ക് സഞ്ചരിച്ചശേഷം വസ്ത്രം മാറുകയോ, എന്തിന് മുഖമൊന്നു കഴുകുക പോലും ചെയ്യാതെ നേരെ യോഗത്തിനെത്തിയ തന്നെ കണ്ടാൽ ആളുകൾ എന്തു വിചാരിക്കും? രണ്ടാമത്തേതാണ് ഒട്ടും സഹിക്കാൻ പറ്റാത്തത്. 'സുന്ദരികളെ'ല്ലാവരും താനെന്നൊരു മനുഷ്യജീവി അടുത്തുണ്ടെന്നുപോലും ഓർക്കാതെ അദ്ദേഹത്തിനു ചുറ്റും കൂടിയിരിക്കുന്നു. പോരെ പൂരം! വളരെ ഉണർവുണ്ടാക്കിയ ആ മീറ്റിംഗ് കഴിഞ്ഞ് അതുണ്ടാക്കിയ ആത്മീയ അനുഗ്രഹങ്ങളെപ്പറ്റി ഓർത്തു വെസ്‌ലി സന്തോഷവാനായപ്പോൾ തനിക്കു ലഭിച്ച പരുക്കൻ കിടക്കയെയും പുതച്ചാൽ ചൊറിയുന്ന കമ്പളിയെയും അതിന്മേൽ വാസ്തവമായും ഉണ്ടായിരുന്ന മൂട്ടകളെപ്പറ്റിയും മോളി പരാതി പറയുകയായിരുന്നു.

ഇത്തരം സന്ദർഭങ്ങൾക്കിടയിൽ എപ്പോഴെങ്കിലുമായിരിക്കണം മോളി വെസ്‌ലിയുടെ മുടിക്കു പിടിച്ചു മുറിയിൽ വട്ടം കറക്കി എന്ന കഥ, സംഭവിച്ചെങ്കിൽത്തന്നെ നടന്നത്. മെതഡിസ്റ്റ് പ്രസ്ഥാനത്തിലെ ഒരു പ്രസംഗകന്റെ അഭിപ്രായത്തിൽ: "ഒരു ദിവസം ഞാൻ വടക്കെ അയർലന്റിൽ വച്ച് വെസ്‌ലിയെക്കാണാൻ അദ്ദേഹത്തിന്റെ മുറിയിലേക്ക് പോവുകയുണ്ടായി. അപ്പോൾ മോളി ഒരു ഭദ്രകാളിയെപ്പോലെ കലിതുള്ളി നിൽക്കുന്നതായാണ് കണ്ടത്. ആ സമയം നിലത്തിരിക്കുകയായിരുന്ന വെസ്‌ലിയുടെ മുടിയിൽപ്പിടിച്ച് അവർ വലിച്ചിഴച്ചിട്ടുണ്ടാകണം. എന്തുകൊണ്ടാണെന്നു വച്ചാൽ ആദ്ദേഹത്തിന്റെ തലമുടിയുടെ ഒരു കെട്ട് ചുവടോടെ പറിഞ്ഞു വന്നത് അവരുടെ കയ്യിൽ ഇരിക്കുന്നുണ്ടായിരുന്നു." വിവാഹം കഴിഞ്ഞ് ഏതാണ്ട് ഒന്നരക്കൊല്ലത്തിനു ശേഷമായിരുന്നു ഈ അയർലന്റു യാത്ര എന്നോർക്കണം. എത്ര പെട്ടെന്ന് അവർ പരസ്പരം സ്നേഹമോ ബഹുമാനമോ ഇല്ലാത്തവരായി മാറി എന്നത് അത്ഭുതപ്പെടുത്തുന്നു.

പിന്നീടുണ്ടായ ജീവചരിത്രകാരന്മാരിൽ പലരും ഇതിൽ പകുതിയും ഭാവനയാണെന്ന അഭിപ്രായക്കാരായിരുന്നു. എന്നാൽ ആരും തന്നെ, ഇത് ഒരിക്കലും സംഭവിക്കാൻ

സാദ്ധ്യതയില്ലാത്തതാണെന്ന് പറഞ്ഞ് അവഗണിച്ചതുമില്ല! പെട്ടെന്ന് ദേഷ്യപ്പെടുന്ന ആളായിരുന്നു മോളി എന്ന് എല്ലാവർക്കും അറിയാമായിരുന്നു. അങ്ങനെയുള്ള സമയങ്ങളിൽ യാതൊരു ബോധവുമില്ലാതെ വായിൽ തോന്നിയതെല്ലാം വിളിച്ചു പറയുകയും ചെയ്യും. ഭാര്യയെന്നു പ്രത്യേകം പറയാതെ ഒരു കത്തിൽ വെസ്‌ലി ഇങ്ങനെയഴുതി: 'സഹിക്കുകയല്ലാതെ എന്തു ചെയ്യാൻ? സാമാന്യ ബുദ്ധിയുള്ളവരുമായി ഇടപെടാൻ സാധിച്ചിരുന്നെങ്കിൽ എന്നോർത്തു പോവുകയാണ്.'

ഇങ്ങനെയൊക്കെ കഴിഞ്ഞു പോകവെ, കാറ്റും കോളും ഒഴിഞ്ഞ അവസരങ്ങളും വല്ലപ്പോഴുമൊക്കെ ഉണ്ടായിട്ടുണ്ടെന്നു പറയാതെ വയ്യ. ചില എഴുത്തുകളിൽ നിന്നും നമുക്കത് മനസ്സിലാക്കാം. സ്നേഹവും വാത്സല്യവും തുളുമ്പുന്ന കത്തുകൾ. സാമ്പത്തിക കാര്യങ്ങളിലും മറ്റും മോളിക്കുള്ള സാമർത്ഥ്യം ഒരനുഗ്രഹമായിരുന്നു. തനിക്കില്ലാതിരുന്ന ആ കഴിവിന് ജോൺ അവരെ പ്രശംസിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതെല്ലാം അൽപ സമയത്തേക്കുള്ള വെടിനിർത്തൽ മാത്രമായിരുന്നു. സ്ഥായിയായി ഉണ്ടായിരുന്നത് യുദ്ധം തന്നെ. താൻ സ്ഥലത്തില്ലാതിരിക്കുമ്പോൾ വരുന്ന കത്തുകൾ തുറന്നു നോക്കുന്നതിൽ തനിക്കു വിരോധമൊന്നുമില്ലെന്നു ജോൺ സൂചിപ്പിച്ചിരുന്നു. അങ്ങനെ ജോണിനു വരുന്ന എഴുത്തുകൾ, വിശേഷിച്ച് സ്ത്രീകൾ അയയ്ക്കുന്നത്, വായിച്ച് ഇല്ലാത്ത കാര്യങ്ങൾ സങ്കൽപിച്ചു ഭർത്താവു വരുമ്പോൾ തുടങ്ങാനുള്ള അടുത്ത യുദ്ധത്തിനായി മോളി കോപ്പു കൂട്ടി കാത്തിരുന്നു!

ഇനി മോളിയുടെ പക്ഷത്തു നിന്നു നോക്കിയാൽ ചില കാര്യങ്ങളിൽ ന്യായം ഉണ്ടെന്നു പറയാം. പ്രാധാനപ്പെട്ട ഒരു കാര്യം, വിവാഹത്തിനു ശേഷവും വെസ്‌ലി സ്ത്രീകൾക്കായുള്ള കൗൺസിലിംഗ് ക്ലാസ്സുകൾ നടത്തിയിരുന്നു എന്നതാണ്. പണ്ട് എങ്ങനെ ആയിരുന്നോ അതുപോലെ അദ്ദേഹം സ്നേഹവാത്സല്യത്തോടെ അവരോരുത്തരുടേയും സ്വാകാര്യ പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതു മോളിയെപ്പോലെ ഒരാൾക്കു സൻമനസ്സോടെ കാണാൻ കഴിഞ്ഞില്ല. ജോണാകട്ടെ, ഇതെല്ലാം തന്റെ പ്രസ്ഥാനങ്ങളുടെ അവിഭാജ്യ തുടർ നടപടികളായിട്ടാണ് കണ്ടത്. ഭാര്യയെ പ്രീതിപ്പെടുത്താൻ ഏതെങ്കിലുമൊന്നു മാറ്റി വയ്ക്കുവാൻ അദ്ദേഹം ആഗ്രഹിച്ചുമില്ല. ഇതു മനസ്സിലാക്കിയ മോളി, ജോണിനൊപ്പം ഇങ്ങനെ കഷ്ടപ്പെട്ടു യാത്ര ചെയ്തിട്ടും കാര്യമില്ലെന്നു കണ്ടു. ഉഭയ സമ്മത പ്രകാരം വീട്ടിൽത്തന്നെ ഇരുന്നുകൊള്ളാമെന്നു തീരുമാനിച്ചു. എന്നിട്ടും എന്തെങ്കിലും ഗുണമുണ്ടായോ? ജോണിനു വരുന്ന കത്തുകൾ വായിച്ച് ഇല്ലാത്ത കാര്യങ്ങൾ മനസ്സിൽ മെനഞ്ഞുണ്ടാക്കി മോളി കൂടുതൽ വിഷമിച്ചു. അത്രമാത്രം. *(തുടരും)*

## ബൈബിൾ: നാം അറിയേണ്ട വസ്തുതകൾ - 4

# യോനയും തിമിംഗലവും

ഫ്രാങ്ക് കോയിസ്ട്ര

**ബൈബിളിൽ** ചിലയിടങ്ങളിലെല്ലാം നിഗൂഢമായ അർത്ഥങ്ങളോടുകൂടി ദൃഷ്ടാന്തങ്ങൾ കാണാറുണ്ട്. ഇവയെ തെറ്റു കൂടാതെ വ്യാഖ്യാനിക്കുക എന്നത് വളരെ ശ്രമകരമായ കാര്യമാണ്. ചിലപ്പോൾ ഇവയ്ക്ക് ഒന്നിലധികം അർത്ഥങ്ങൾ കണ്ടെത്തുവാൻ കഴിയും. ഇങ്ങനെയുള്ള ഭാഗങ്ങളെ സൈദ്ധാന്തികമായി വ്യാഖ്യാനിക്കുവാൻ ശ്രമിക്കരുത്. കൂടാതെ ഇത്തരം വേദഭാഗങ്ങളെ ആധാരമാക്കി ക്രിസ്തീയ ഉപദേശങ്ങൾ വിശദീകരിക്കുവാനും ശ്രമിക്കരുത്. ഈ നിയമം പാലിക്കപ്പെടാത്തിടത്തൊക്കെ ഗുരുതരമായ ഉപദേശപ്പിശകുകൾ കടന്നു കൂടിയിട്ടുണ്ട്. തെളിവോടു കൂടിയ പുതിയ നിയമ വേദഭാഗങ്ങളിൽ നിന്നു മാത്രമേ ക്രിസ്തീയ ഉപദേശങ്ങൾ രൂപപ്പെടുത്തുവാൻ പാടുള്ളു. ഇത്തരത്തിൽ രൂപപ്പെടുത്തിയ ഉപദേശങ്ങളുടെ സ്ഥിരീകരണത്തിനായി മാത്രം ദൃഷ്ടാന്തങ്ങളെ ഉപയോഗിക്കുക- വേദവ്യാഖ്യാനത്തിൽ ഈ നയമാണു സ്വീകരിക്കേണ്ടത്.

എന്നാൽ ആധുനിക പാണ്ഡിത്യം ദൃഷ്ടാന്ത ഭാഷയോട് ഒരെതിർപ്പും കാണിക്കുന്നില്ല. തെളിവാർന്ന വേദഭാഗങ്ങളെയാണ് അതെപ്പോഴും എതിർക്കുന്നത്. ഉദാഹരണത്തിന്, ബൈബിളിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങളുടെ രചയിതാവ് മോശെയല്ലെന്നും അവയുടെ രചയിതാവ് മോശെയുടെ മരണത്തിന് ആയിരം വർഷങ്ങൾക്കു ശേഷം ജീവിച്ചിരുന്ന ഏതോ ഒരു അജ്ഞാതനാണ് എന്നും അവർ വാദിക്കുന്നു. അപ്പോൾ ഫലത്തിൽ 'മോശെയുടെ പുസ്തകത്തിൽ മുൾപ്പടർപ്പു ഭാഗത്തു ദൈവം അവനോട്... അരുളിച്ചെയ്ത പ്രകാരം വായിച്ചിട്ടില്ലയോ?' എന്ന് മർക്കൊസ് 12:26-ൽ പറയുന്ന കർത്താവായ യേശുവിന്റെ വാക്കുകളെയാണ് ഇവർ തള്ളിപ്പറയുന്നത്. ഇവിടെ കർത്താവ്, പഞ്ചഗ്രന്ഥങ്ങളിലെ രണ്ടാം പുസ്തകമായ പുറപ്പാടു പുസ്തകത്തെ 'മൊശെയുടെ പുസ്തക'മെന്നാണ് വിളിക്കുന്നത്. കൂടാതെ യോഹന്നാൻ 5:46, 47 വാക്യങ്ങളിൽ യേശുക്രിസ്തു ഇപ്രകാരം പറഞ്ഞിരിക്കുന്നു:, "നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു. അവൻ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു. എന്നാൽ അവന്റെ എഴുത്തു നിങ്ങൾ വിശ്വസിക്കുന്നില്ല എങ്കിൽ എന്റെ വാക്ക് എങ്ങനെ വിശ്വസിക്കും?" ഇതിലും മെച്ചപ്പെട്ട തെളിവന്താണ്?

'ഞാൻ തന്നെ സത്യ'മെന്നു പറഞ്ഞ യേശുക്രിസ്തു വളരെ കൃത്യമായി പറയുകയാണ്, മോശെ തന്നെക്കുറിച്ച് എഴുതിയിട്ടുണ്ടെന്ന്.

പഞ്ചഗ്രന്ഥങ്ങളിലെ അഞ്ചാമത്തെ പുസ്തകമായ ആവർത്തന പുസ്തകം 18:15–18 വാക്യങ്ങളിൽ മോശെ യേശുക്രിസ്തുവിനെക്കുറിച്ച് എഴുതിയിരിക്കുന്നതു കാണുക. പ്രവൃത്തികൾ 3:22, 7:37 എന്നീ വാക്യങ്ങളിൽ ഈ പ്രവചനത്തിന്റെ നിവൃത്തിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. എന്നാൽ നീതിപൂർവ്വകമല്ലാത്ത ആരോപണങ്ങൾ ഒരു വിശ്വാസിയെ അത്ഭുതപ്പെടുത്തുവാൻ ഇടയുണ്ട്.

പഴയനിയമത്തിൽ കാണുന്ന യോനയുടെയും മത്സ്യത്തിന്റെയും-കഥയെ പലരും പരിഹാസത്തോടെയാണ് കാണുന്നത്. ഇവിടെയും ഇതിനെപ്പറ്റിയുള്ള യേശുക്രിസ്തുവിന്റെ അഭിപ്രായത്തെ ഇക്കൂട്ടർ പാടേ അവഗണിക്കുകയാണ്. മത്തായി 12:40–ൽ അവിടുന്നു പറയുന്നത്, "യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും." എന്നാൽ ഇതു ബുദ്ധിക്കു നിരക്കുന്ന ഒരു കാര്യമല്ലെന്നു വിമർശകർ പറയുന്നു. ഇതേസമയം ദൈവത്തിനു സകലവും സാദ്ധ്യമെന്ന് കർത്താവായ യേശു പറയുന്നു (മത്താ. 19:26).

കർത്താവായ യേശുവിന്റെ സാക്ഷ്യവചനങ്ങളെ തിരസ്കരിക്കുമ്പോൾ ദൈവപുത്രനെ അസത്യവാദിയാക്കുകയാണ് അവർ. ഇതു കുറ്റകരമായ ദൈവ നിന്ദയാണെന്ന് പണ്ഡിതന്മാർ കരുതുന്നുണ്ടാവില്ല. എന്നാൽ യേശുവിന്റെ മുന്നറിയിപ്പ് കാണുക. "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്. ഞാൻ സംസാരിച്ച വചനം തന്നേ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും." (യോഹ. 12:48).

യേശു തന്റെ കല്ലറ വാസത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ തെറ്റു പറ്റിയിട്ടുണ്ടെന്ന് ചിലർ പറയാറുണ്ട് (അപ്പൊ. പ്ര. 2:27). രണ്ടു രാത്രികളും ഒരു പകലും മാത്രമേ അവിടുന്നു കല്ലറയിൽ കഴിഞ്ഞുള്ളുവെന്ന് ഇവർ പറയുന്നു. എന്നാൽ ഈ ആരോപണത്തെ ബൈബിൾ നിഷേധിക്കുന്നു. ഒരു സാധാരണ ശബത്തിന് തലേന്നാണ് യേശു ക്രൂശിൽ മരിച്ചത് എന്നാണ് പൊതുവിൽ നമ്മുടെ വിശ്വാസം. എന്നാൽ ഇതു തെറ്റാണ്. യേശു മരിച്ചത് ഒരു പെസഹാ ശബത്തിന് തലേന്നാണ്. ഈജിപ്റ്റിൽ നിന്നുള്ള വിടുതലിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും യിസ്രായേൽ പെസഹാ ആചരിക്കാറുണ്ട് (പുറ. 12:1–14). ലേവ്യ പുസ്തകം 23–ാം അദ്ധ്യായത്തിൽ യഹൂദന്മാർ ആചരിക്കേണ്ട വിശുദ്ധ സഭായോഗങ്ങളെക്കുറിച്ചു പറയുന്നുണ്ട്. ഇതിൽ പെസഹായോട് ബന്ധപ്പെട്ടുള്ള വിശുദ്ധ ശബ്ബത്തിനെക്കുറിച്ചും വിശദീകരിക്കുന്നുണ്ട്. പുതിയ നിയമത്തിൽ ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ കർത്താവിന്റെ ക്രൂശീകരണം നടന്നത് പെസഹാ ശബ്ബത്തിന് മുമ്പാണെന്ന് വ്യക്തമായി പറയുന്നുണ്ട് (മത്താ. 26:2, മർക്കൊ. 14:1, ലൂക്കൊ. 22:1). യോഹന്നാൻ അപ്പൊസ്തലൻ അതിനെ വലിയ ശബ്ബത്ത് എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത് (യോഹ. 19:31). വാർഷികമായി ആചരിക്കുന്ന പെസഹാ ശബ്ബത്ത് തുടങ്ങുന്നത് ബുധനാഴ്ച സൂര്യാസ്തമനത്തിന് ശേഷമാണ്. കൂടാതെ കർത്താവിന്റെ ശരീരം ശനിയാഴ്ച രാത്രി മുഴുവനും കല്ലറയിൽ ഉണ്ടായിരുന്നു എന്നും പറയാൻ കഴിയില്ല (യോഹ. 20:1). ചുരുക്കത്തിൽ, പ്രവാചകനായ

യോനാ മത്സ്യത്തിന്റെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും കഴിഞ്ഞതിന് സമാനമായി മൂന്നു മുഴുവൻ രാത്രിയും മൂന്നു മുഴുവൻ പകലും യേശുവിന്റെ ശരീരം കല്ലറയിൽ ഉണ്ടായിരുന്നു എന്ന് ഇതിൽ നിന്നു നമുക്കു മനസ്സിലാക്കാം.

ബൈബിളിലെ ഏറ്റവും പഴക്കം ചെന്ന പുസ്തകമായ ഇയ്യോബിന്റെ പുസ്തകം, ഒരു പുരാണ കഥയാണെന്ന് കരുതുന്നവരുണ്ട്. എന്നാൽ ഈ പുസ്തകത്തെ ഒരു ചരിത്ര പുസ്തകമായാണ് ബൈബിൾ ചൂണ്ടിക്കാണിക്കുന്നത്. യെഹസ്ക്കേൽ 14:14-ൽ നോഹ, ദാനിയേൽ എന്നിവരോടൊപ്പം ഒരു ചരിത്ര പുരുഷനായാണ് ഇയ്യോബിനെയും അവതരിപ്പിച്ചിരിക്കുന്നത്. യാക്കോബ് 5:11-ൽ ഇയ്യോബിന്റെ സഹിഷ്ണുതയെ നാം മാതൃകയാക്കുവാൻ പറഞ്ഞിരിക്കുന്നു.

ആധുനിക പണ്ഡിതന്മാർ ഉന്നയിക്കുന്ന മറ്റൊരു വാദം യെശയ്യയുടെ പുസ്തകത്തെക്കുറിച്ചാണ്. യെശയ്യായുടെ പ്രവചനത്തിന്റെ അവസാന ഭാഗങ്ങൾ എഴുതിയത് മറ്റൊരു യെശയ്യാവ് ആണെന്ന് ഇവർ പറയുന്നു. അതായത് ഈ പുസ്തകം യെശയ്യാവ് എന്നു പേരുള്ള രണ്ടു പേരുടെ എഴുത്തുകളുടെ സമാഹാരമാണെന്ന് ചുരുക്കം. നമ്മുടെ കർത്താവായ യേശു ഈ പുസ്തകത്തിൽ നിന്നും പലപ്പോഴും വേദഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ടെങ്കിലും ഒരിക്കൽ പോലും രണ്ടു പ്രവാചകന്മാർ ഉള്ളതായി പറഞ്ഞിട്ടില്ല. അപ്പൊസ്തലനായ പൗലൊസും ഒരു യെശയ്യാവിനെക്കുറിച്ചു മാത്രമേ പറയുന്നുള്ളു.

ദാനിയേലിന്റെ പുസ്തകം ചരിത്ര പുരുഷനായ ദാനിയേൽ പ്രവാചകന്റേതല്ലെന്നു വാദിക്കുന്നവരുമുണ്ട്. ബി.സി. 165-ൽ രക്തസാക്ഷി മരണം വരിച്ച ഏതോ അജ്ഞാതനായ ഒരു പുരോഹിതൻ എഴുതിയതാണ് ഈ പുസ്തകമെന്നാണ് ഇവർ പറയുന്നത്. അതായത് ചരിത്ര പുരുഷനായ ദാനിയേൽ, പ്രവചനങ്ങളൊന്നും നടത്തിയിട്ടില്ല എന്നാണിവരുടെ അഭിപ്രായം. എന്നാൽ പ്രവാചകനായ ദാനിയേലിന്റെ വാക്കുകൾ നിവൃത്തിയാകുന്ന ഒരു കാലം വരുമെന്നുള്ള കർത്താവായ യേശുവിന്റെ വാക്കുകൾ ഇവരുടെ വാദഗതികളെ പൂർണ്ണമായും തിരസ്കരിക്കുവാൻ മതിയായതാണ് (മത്താ. 24:15). ഇത്തരത്തിൽ ആധുനിക പാണ്ഡിത്യം ഏറെക്കുറെ മുഴുവൻ പഴയ നിയമ പുസ്തകങ്ങളെയും സംശയത്തോടെയാണ് നോക്കിക്കാണുന്നത്. പുതിയ നിയമത്തിൽ ചരിത്ര സംഭവങ്ങൾ പോലെ വിശദീകരിച്ചിരിക്കുന്ന പഴയ നിയമ ഭാഗങ്ങളെപ്പോലും അവർ വെറുതെ വിടുന്നില്ല. ഉല്പത്തി മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളിൽ പറഞ്ഞിട്ടുള്ള പ്രവചനങ്ങളെയൊക്കെ പരിഹാസത്തോടും അവജ്ഞയോടുമാണ് അവർ നോക്കിക്കാണുന്നത്. ഇവയിൽ ചരിത്രത്തിൽ നിറവേറപ്പെട്ടിട്ടുള്ള പ്രവചനങ്ങളും നിറവേറപ്പെടുവാനിരിക്കുന്നവയെന്ന് പുതിയനിയമം വിശേഷിപ്പിക്കുന്നവയുമുണ്ടെന്നുള്ളത് നാം മറക്കരുത്!

പഴയനിയമത്തെ മാത്രമല്ല പുതിയ നിയമ പുസ്തകങ്ങളെയും ആധുനിക പണ്ഡിതന്മാർ വെറുതെ വിടുന്നില്ല. പുതിയ നിയമ സത്യങ്ങളെയൊക്കെ ഇവർ പരിഹാസത്തോടെയാണ് നോക്കിക്കാണുന്നത്. ക്രിസ്തുവിന്റ കന്യകാ ജനനമെന്ന ഉപദേശപരമായ സത്യത്തെക്കുറിച്ചു തന്നെ ചിന്തിക്കാം. യേശുവിന്റെ പിതാവ് തച്ചനായ യോസേഫാ

ണെന്ന് ചിലർ പറയുമ്പോൾ, അതല്ല, താനൊരു ജാരസന്തതിയാണെന്നു വരെ പറയുന്നവരുണ്ട്. അതുകൊണ്ട് എന്താണ് കുഴപ്പമെന്ന് ചിലർ ചോദിക്കാറുണ്ട്. എന്നാൽ അതുമൂലം വലിയ കുഴപ്പങ്ങൾ ഉണ്ടാകുമെന്നുള്ളതാണ് ഈ ചോദ്യത്തിനുള്ള മുറുപടി. യേശുവിന് ഒരു മാനുഷിക പിതാവ് ഉണ്ടെങ്കിൽ താനും ഒരു പാപിയാണെന്ന് ചിന്തിക്കേണ്ടി വരും. എന്നാൽ അവിടുന്ന് പാപമില്ലാത്തവനായാണ് ക്രൂശിന്മേൽ കയറിയതെന്ന് ബൈബിൾ വ്യക്തമായും പറയുന്നു (എബ്ര. 4:15, 1 പത്രൊ. 2:22, 1യോഹ. 3:5). അവിടുന്ന് ഒരു തെറ്റെങ്കിലും ചെയ്തിരുന്നുവെങ്കിൽ മരണത്തെ തോൽപ്പിച്ച് ജയാളിയാകുവാൻ തനിക്കാവില്ലായിരുന്നു! കൂടാതെ, യേശുവിന് ഒരു മാനുഷിക പിതാവ് ഉണ്ടായിരുന്നെങ്കിൽ, സ്വർഗ്ഗത്തിലെ ദൂതന്റെ വാക്കുകൾ നുണയാണെന്ന് ചിന്തിക്കേണ്ടി വരും, മറിയയെ ഒരു വേശ്യയായി കരുതേണ്ടി വരും; ലോകം ഉണ്ടാകുന്നതിനു മുമ്പേ താൻ പിതാവിനോടൊപ്പം ഉണ്ടായിരുന്നുവെന്നു പറഞ്ഞ യേശുവിനെ ഒരു വഞ്ചകനായി കാണേണ്ടി വരും; ദൈവവചനമെന്നത് ഏറ്റവും വലിയ കള്ളത്തരവും! സുഹൃത്തേ, ദൈവപുത്രനായ യേശുവിന് മനുഷ്യനായ ഒരു പിതാവില്ല, ദിവ്യയായ ഒരു മാതാവുമില്ല. ലോകത്തിൽ ഇതുവരെ നടന്നിട്ടുള്ള ഒരേയൊരു കന്യകാ ജനനത്തെ ശാസ്ത്രീയമായോ തത്ത്വശാസ്ത്രപരമായോ വിശദീകരിക്കുക അസാദ്ധ്യമാണ്. ഈ അത്ഭുത സത്യത്തെ വിശ്വാസത്തോടെ സ്വീകരിക്കുക മാത്രമേ വഴിയുള്ളു. ബൈബിൾ പറയുന്നു: "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" (റോമ. 1:17).

യേശുവിന്റെ ചൊരിയപ്പെട്ട രക്തം മാത്രമാണ് പാപത്തിനുള്ള ഏക പരിഹാരമെന്ന പുതിയ നിയമ ഉപദേശം ആധുനിക പണ്ഡിതന്മാർക്ക് ഇടർച്ചയായ ഒരു കാര്യമാണ്. പഴയ നിയമത്തിൽ ഉടനീളം കാണുന്ന മൃഗബലിയെക്കുറിച്ച് ലേവ്യാ പുസ്തകം 17:11 -ൽ ദൈവം പറഞ്ഞിരിക്കുന്നത് കാണുക. രക്തം ചൊരിഞ്ഞിട്ടുള്ള യാഗത്തിലൂടെയാണ് പാപത്തിന് പ്രായശ്ചിത്തം ചെയ്യേണ്ടതെന്ന് ദൈവം അവരോട് ആവശ്യപ്പെടുന്നു. എന്നാൽ യിസ്രായേലിന്റെ ബലിയർപ്പണ രീതികളെല്ലാം പുരാതന ഈജിപ്റ്റിൽ നിന്നു കടമെടുത്തവയാണന്ന് ചിലർ വാദിക്കുന്നു. പഴയ നിയമ മൃഗബലിക്കു സമാനമായി പുതിയ നിയമത്തിൽ യേശുക്രിസ്തുവിന്റെ ചൊരിയപ്പെട്ട പുണ്യാഹ രക്തത്തെ വിലമതിക്കുന്ന ക്രിസ്തുമതം ഒരു കശാപ്പുശാല മതമായി തീർന്നിരിക്കുന്നുവെന്ന് ഇവർ വിമർശിക്കുന്നു. ചിന്തിച്ചു നോക്കുക! എന്നാൽ യേശുവിന്റെ രക്തത്തെക്കുറിച്ചു ബൈബിൾ വിളിക്കുന്നത് വിലയേറിയ രക്തം എന്നാണ് - എന്തെന്നാൽ നമ്മെ വീണ്ടെടുത്തിരിക്കുന്നത് അതിനാലാണ്. അല്ലെങ്കിൽ അതിനാൽ മാത്രമാണ് (1പത്രൊ. 1:18,19). നമ്മുടെ പാപങ്ങളെ നീക്കം ചെയ്യുന്നത് അതിനാലാണ്. അതിനാൽ മാത്രമാണ്. (1 യോഹ. 1:7). അതിനാലാണ് നമുക്ക് ദൈവസന്നിധിയിൽ പ്രവേശനം ലഭ്യമായത്. അതിനാൽ മാത്രം (എബ്രാ. 10:19). സ്വർഗത്തിൽ നമുക്കു പ്രവേശനം ലഭിക്കുന്നതും അതിനാലാണ്. അതിനാൽ മാത്രമാണ് (വെളി. 7:14). യേശുവിന്റെ ചൊരിയപ്പെട്ട പുണ്യാഹ രക്തം പിശാചിനെതിരെയുള്ള ഒരു ശക്തിയേറിയ ആയുധവുമാണ് (വെ

ളി. 12:11). "അവർ അവനെ (പിശാചിനെ) കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു" എന്നു കാണുന്നു. കൂടാതെ, കുഞ്ഞാടിന്റെ രക്തം സ്വർഗ്ഗത്തിലും ബഹുമാനിക്കപ്പെടുന്നതായി വെളിപ്പാട് 7:9-14 വാക്യങ്ങളിൽ നാം കാണുന്നു. ശ്രദ്ധിക്കുക, ആ സ്വർഗ്ഗീയ സമൂഹത്തിലെ ഓരോ അംഗവും ഇവിടെ ഭൂമിയിൽ കുഞ്ഞാടിന്റെ രക്തത്തെ ബഹുമാനത്തോടും ആദരവോടും നോക്കി കണ്ടവരാണ്. കുഞ്ഞാടിന്റെ ചൊരിയപ്പെട്ട രക്തമാണത്. പുതിയ നിയമത്തിന്റെ കേന്ദ്ര വിഷയമാണ്. അതിനെക്കുറിച്ച് ആരും ലജ്ജിക്കുവാനിടയാവരുത്! അതിനെ വെറുപ്പോടെ കാണുന്ന ഒരു വ്യക്തിക്കും നിത്യതയിൽ സന്തുഷ്ടനായിരിക്കുവാൻ കഴിയില്ല എന്നത് തീർച്ചയാണ്. കുഞ്ഞാടിന്റെ രക്തം നിത്യത മുഴുവനും ആദരിക്കപ്പെടുന്ന ഒന്നായിരിക്കും. ഇവിടെ ഭൂമിയിൽ, പ്രസംഗിക്കപ്പെടുന്ന ഓരോ പ്രസംഗത്തിലും പഠിപ്പിക്കുന്ന ഓരോ സണ്ടേസ്കൂൾ ക്ലാസ്സിലും, ഉച്ചത്തിലോ നിശ്ശബ്ദമായോ ചെയ്യുന്ന ഓരോ പ്രാർത്ഥനയിലും യേശുവിന്റെ രക്തത്തെ നാം ആദരവോടെ സ്മരിക്കേണ്ടതാണ്. യേശുവിന്റെ രക്തത്തെക്കുറിച്ചുള്ള ഓരോ ഗാനവും വിശ്വാസിയുടെ ഉള്ളിൽ വികാരത്തള്ളലുകൾ ഉണ്ടാക്കേണ്ടതാണ്. ക്രിസ്തുവായി ജനിച്ച യേശു (ലൂക്കൊ. 2 11) ജഡത്തിൽ വെളിപ്പെട്ടത് തന്റെ ജനത്തെ അവരുടെ എല്ലാ പാപങ്ങളിൽ നിന്നും രക്ഷിക്കുവാനാണെന്ന് (മത്താ. 1:21) ബൈബിൾ വെളിപ്പെടുത്തുന്നു. ഈ പാപപ്രശ്നത്തിന് പരിഹാരം വരുത്തുക എന്നതായിരുന്നു ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനുള്ള പ്രഥമ കാരണമെന്നുള്ളത് നാം മറക്കരുത്. ക്രൂശിൽ തന്റെ പാവനമായ രക്തം ചൊരിഞ്ഞാണ് അതിനുള്ള പരിഹാരം താൻ ചെയ്തത്. അതിനാൽ, ക്രിസ്തുവിന്റെ മരണത്തെ അവഗണിക്കുന്നത് ദൈവപുത്രനെ ഒറ്റിക്കൊടുക്കുന്നതിന് തുല്യമായ കുറ്റമായി കാണേണ്ടി വരും.

*(തുടരും)*

(മൊഴിമാറ്റം : **ബോബി കുര്യൻ**)

## വരിക്കാർ ദയവായി ശ്രദ്ധിക്കുക

ജീവമൊഴിയുടെ വരിസംഖ്യ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കുന്നവർ നിർബന്ധമായും മാസിക ഇപ്പോൾ ആരുടെ പേരിലാണു വരുന്നത്, ആർക്കു വേണ്ടിയാണു പണം അക്കൗണ്ടിൽ ഇട്ടത് എന്ന വിശദ വിവരങ്ങൾ (മുഴുവൻ വിലാസം, റഫറൻസ് നമ്പർ, ഫോൺ നമ്പർ എന്നിവ സഹിതം) എഴുതി ജീവമൊഴികൾ, കുമാരനല്ലൂർ പി.ഒ., കോട്ടയം-16 എന്ന വിലാസത്തിൽ ഒരു കത്ത് ഇടുകയോ ഈമെയിലിൽ (jeevamozhikal@gmail.com)അറിയിക്കുകയോ ചെയ്യുവാൻ താത്പര്യം.




# THE HUMILITY OF JESUS CHRIST

Sandeep Poonen

## Question:

Why did the angels praise God when Jesus was born? And how do they view the life of Jesus here on earth? Can we learn something from that heavenly viewpoint?

## Answer:

I was recently in Atlanta, and a dear brother in Christ (SabuAthimattathil) shared this question with me. We know that the angels rejoiced when Jesus was born: *Luke 2:13-14 – And suddenly there appeared with the angel a multitude of the heavenly host praising God and saying, "Glory to God in the highest, and on earth peace among men with whom He is pleased."*

But why did the angels rejoice when they were already in the presence of God where there is fullness of joy? This dear brother Sabu shared a beautiful thought on this with me. He felt that the angels must have rejoiced with awe at the sight of God humbling himself. Yes, they had seen God's glory in heaven and that was marvelous. But they broke forth in praise to God here because they saw a **greater glory** of God as it were: *God was now humbling Himself and becoming a human being*.

And I then also thought of this thought in the context of Jesus's humility written in *Philippians 2:5-8 – 5 Have this attitude in yourselves which was also in Christ Jesus, 6 who, although He existed in the form of God, did not regard equality with God a thing to be grasped, 7 but emptied Himself, taking the form of a bond-servant, and being made in the likeness of men. 8 Being found in appearance as a man, He humbled Himself by becoming obedient to the point of death, even death on a cross*.

The angels praised God at the display of Jesus' humility at His birth. But Jesus's demonstration of divine humility here on earth had only just begun when He was born. From what we read in the Philippians, it rose even higher as He lived on this earth and remained obedient to the Father and never did His own will (v8).

Have we seen this greater beauty of Jesus in His constant obedience to the Father (even more beautiful than Jesus being born)? If we truly saw this greater beauty in the life of Jesus, we would probably be utterly serious about a life of obedience.

But even this daily self-denial was not the height of Jesus's humility.

He went even further by accepting death on a cross (v8 – last part). Jesus was willing to identify with the lowest of all humankind (criminals so wretched that they were not killed quietly, but publicly shamed and humiliated in their death). Jesus chose this road, even though it meant being forsaken by His Father.

So when the angels saw this greatest height of humility, they must have marveled even more, having seen nothing like this before. This demonstration of divine humility surely exceeded any of the previous glories of heaven. **The humility of Jesus on Calvary was the most beautiful thing the angels had ever seen**. Yes, they saw their Creator tragically bleeding and shamefully dying on the earth He created on Calvary. But there was a greater grace and a greater rejoicing as the beauty of His humility eclipsed everything else. The humility of the Son of God shone brightest even in the darkness of His physical death.

We read in 1 Peter 1:11-12 that angels LONG to look at the good news of the gospel, which is the sufferings of Jesus and the glories that then follow. Now we humans desire to look at beautiful sunsets or majestic waterfalls or snow-covered mountain peaks. The angels however, who are engulfed by all of heaven's beauty, desire to look at the one thing they find truly beautiful: The beauty of the sufferings of Jesus that help to amplify His glory – i.e., the beauty of His humility!

Have we seen this view of Calvary that captivates the angels? Have we seen the humility of the Son of God that shines brighter than all the blood, sweat, and tears that were shed? This will cause us to rejoice for Calvary and follow Him to Calvary. And following Him to Calvary does not mean physically dying on a cross like He did; it means embracing a life of humility no matter what the cost.

Yes, it was hard for Jesus to suffer physically. But many of His followers have suffered worse physically. And we find nowadays that even fools will offer their physical bodies for meaningless causes and crazed religious ideas. Physical pain and suffering is NOT what separates Jesus in His majesty from all others. His glory is not at all found in the merciless whipping He endured, or the crown of thorns He wore. **The majesty and glory of Calvary is only seen when we look BEYOND all the physical suffering of Jesus, and we see His divine humility**.

So many might weep for His physical sufferings on Calvary, and many might sing because He rose from the dead. But no matter what, we MUST worship Jesus in view of His increasing humility from birth to death.

**Calvary was the grand culmination of Jesus' staunch commitment to humility here on earth. It started with His birth, increased with every little act of obedience in His daily life, and finally reached a climax in His shameful death**.

*"Learn from Me, for I am humble in heart" (Matthew 11:29).*

*(please mail your genuine doubts to: sandeep@poonen.org)*

*4-ാം പേജിൽ നിന്ന് തുടർച്ച*

## വെളിപ്പാടിന്മേൽ പണിയപ്പെടുന്ന സഭ

ഏറെ സ്വയ ബലത്തോടെ ഇറങ്ങി പുറപ്പെട്ടവനായിരുന്നു (പുറ. 2:11,12). എന്നാൽ മുൾപ്പടർപ്പിലെ ദൈവിക പ്രത്യക്ഷതയുടെ മുൻപിൽ ബലം തകർന്നവനായും യിസ്രായേലിനെ നയിപ്പാൻ തനിക്കു കഴിവില്ല എന്ന് ഏറ്റു പറയുന്ന (പുറ. 4:10,13) അതി സൗമ്യനായും അവൻ തീരുന്നു!

ഉസ്സിയാവു മരിച്ച ആണ്ടിൽ ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ കർത്താവിനെ ഇരിക്കുന്നവനായി കണ്ട യെശയ്യാവിന്റെ ജീവിതത്തിൽ എന്താണു സംഭവിച്ചത്? അതുവരെ മറ്റുള്ളവർക്കെല്ലാം 'അയ്യോ കഷ്ടം!' എന്നു പറഞ്ഞിരുന്ന യെശയ്യാവ് ദൈവത്തിന്റെ വെളിപ്പാടു ലഭിച്ചു കഴിഞ്ഞപ്പോൾ 'എനിക്ക് അയ്യോ കഷ്ടം' എന്നു വിലപിക്കുന്നു (6:5). ഈ വെളിപ്പാടിനും ഏറ്റു പറച്ചിലിനും ശേഷം മാത്രമാണ് പഴയ നിയമ സഭയായ യിസ്രായേലിനെ പണിയാനായി ദൈവം അവനെ അയയ്ക്കുന്നത് എന്നതും ശ്രദ്ധിക്കുക (6:8,9). യിരെമ്യാവിന്റെയും (1:4-7), യെഹസ്കേലിന്റെയും (1:26-2:2) എല്ലാം അനുഭവം ഇതായിരുന്നുവല്ലോ.

പുതിയ നിയമത്തിലേക്കു വരുമ്പോൾ ദൈവത്തെ ദൈവമായിരിക്കുന്ന നിലയിൽ കണ്ടപ്പോൾ പൗലൊസിനും ആ വെളിച്ചത്തിനു മുൻപിൽ സ്വന്തം കുറവുകളെക്കുറിച്ചുള്ള ബോധ്യമാണ് ലഭിച്ചതെന്നു കാണാം. പൗലൊസ് വാസ്തവത്തിൽ ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് 'അനിന്ദ്യൻ' ആയിരുന്നു (ഫിലി. 3:6). എന്നാൽ ദമസ്കോസിന്റെ പടിവാതില്ക്കൽ ദൈവത്തെ കണ്ടവനും ജീവിതത്തിൽ മുന്നോട്ട് ആവർത്തിക്കുന്ന ആ പ്രത്യക്ഷതയുടെ മുൻപിൽ ജീവിച്ചവനുമായ പൗലൊസ് (പ്രവൃ. 26-ന്റെ 16-ാം വാക്യം ശ്രദ്ധിക്കുക- 'നീ എന്നെ കണ്ടതിനും ഞാൻ നിനക്കു പ്രത്യക്ഷൻ ആവാനിരിക്കുന്നതിനും...') തുടർമാനം നുറുക്കത്തിനും ആത്മാവിലെ ദാരിദ്ര്യത്തിലുമാണു ജീവിച്ചത്. 'അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ' എന്നായിരുന്നു അവന്റെ നിലവിളി (റോമ. 7:24). 'ഞാൻ പാപികളിൽ ഒന്നാമൻ' എന്നായിരുന്നു അവന്റെ ഏറ്റു പറച്ചിൽ (1 തിമൊ. 1:15).

നസറെത്തിലെ യേശു, ദൈവപുത്രൻ എന്നതായിരുന്നു അന്നു പത്രൊസിനെയും പൗലൊസിനെയും സംബന്ധിച്ച് സ്വാഭാവികമായി ഉൾക്കൊള്ളാനാകാത്തതും സ്വർഗം തന്നെ നൽകുന്ന വെളിപ്പാടിലൂടെയല്ലാതെ ഏറ്റെടുക്കാനാവാത്തതുമായ സത്യം. എന്നാൽ ഇന്നോ? ഇന്നതിന്റെ മറുവശം - ദൈവപുത്രൻ, നസറേത്തിൽ യേശുവായി ജീവിച്ചു എന്നതാണു ഇന്നു സകലർക്കും ഒരു വെളിപ്പാടായി ലഭിക്കേണ്ടത്.

സത്യത്തിൽ യേശു ദൈവമാണ്, ദൈവം ജഡത്തിൽ വെളിപ്പെട്ടു എന്നീ രണ്ടു സത്യങ്ങളും - യേശുവിന്റെ ദൈവത്വവും മനുഷ്യത്വവും - ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയുടെ പണിക്ക് ഇതു രണ്ടും ഒരു പോലെ ആവശ്യമാണെന്നു ദൈവവചനം പറയുന്നു ('അവൻ ജഡത്തിൽ വെളിപ്പെട്ടു... തേജസ്സിൽ എടുക്കപ്പെട്ടു' - 1 തിമൊ. 3:16). ഈ രണ്ടു വെളിപ്പാടുകളും നമുക്കു വേണം.

എന്നാൽ പത്രൊസ്, പൗലൊസ് തുടങ്ങിയ ഒന്നാം നൂറ്റാണ്ടിലെ ഭക്തന്മാരിൽ നിന്നു വ്യത്യസ്തമായി നസ

റേത്തിലെ യേശു ദൈവമാണെന്നു വിശ്വസിക്കാൻ ഇന്നു നമുക്കു വലിയ പ്രയാസമില്ല. കാരണം നാം ജനിച്ചപ്പോൾ മുതലേ യേശുവിനെ ദൈവമായി കാണുകയും ആരാധിക്കുകയും ചെയ്യുന്ന ഒരു ക്രിസ്തീയ ലോകത്തിന്റെ സാന്നിധ്യം നമുക്കു ചുറ്റും ഉണ്ട്. എന്നാൽ സാക്ഷാൽ ദൈവമായവൻ നമുക്കു തുല്യനായെന്നും അവിടുന്നു സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടെങ്കിലും നിമിഷാർധ നേരം പോലും പാപത്തിൽ വീണുപോകാഞ്ഞതിനാൽ പാപം കർതൃത്വം നടത്താത്ത ഒരു ജീവിതം നമുക്കും സാധ്യമാണെന്നുമുള്ള യേശുവിന്റെ മനുഷ്യത്വവുമായി ബന്ധപ്പെട്ട സാധ്യതകളാണ് ഇന്നു നമുക്കു പലർക്കും ഒരു വെളിപ്പാടായി ലഭിക്കേണ്ടത്.

ഈ വെളിപ്പാടും ദൈവത്വത്തെക്കുറിച്ചുള്ള വെളിപ്പാടിനെപ്പോലെ നമ്മെ ഒരു നിലവിളിയിലേക്കും 'അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ' എന്ന ഏറ്റു പറച്ചിലിലേക്കുമാണു നയിക്കുന്നത്. കാരണം 'അവിടുന്നു നമുക്കു തന്റെ കാൽച്ചുവടുകളെ പിൻതുടരുവാൻ ഒരു മാതൃക വച്ചേച്ചു പോയി' (1 പത്രോ. 2:21). 'അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു' (1 യോഹ. 2:6) എന്നും വചനം നമ്മോടാവശ്യപ്പെട്ടിരിക്കുമ്പോൾ അതു പൂർണമായി കഴിയുന്നില്ലല്ലോ എന്നതാണ് ആ നിലവിളി. ആ നിലവിളിയുള്ളവർ പരിശുദ്ധാത്മാവിൽ ആശ്രയിക്കുകയും പൂർണതയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യും. പക്ഷേ അപ്പോഴും അവർ സ്വയം വിലയിരുത്തുന്നത് 'ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല, ലഭിച്ചു കഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല... അതു പിടിക്കാമോ എന്നു വച്ച് ആയുന്നതേയുള്ളു' എന്നായിരിക്കും (ഫിലി. 3:12,13).

ഈ വെളിപ്പാടിലാണു ദൈവസഭ പണിയുന്നത്. ലൂക്കൊസ് 18-ൽ (9-14) ദൈവാലയത്തിൽ എത്തിയ രണ്ടു പേരെക്കുറിച്ചു നാം വായിക്കുന്നു- പരീശനും ചുങ്കക്കാരനും. അവരിൽ ആരുടെ മനോഭാവമാണു സത്യത്തിൽ ഒരു സഭയെ പണിയുന്നത്? സംശയമില്ല, ചുങ്കക്കാരന്റെ മനോഭാവം- 'പാപിയായ എന്നോടു കരുണയുണ്ടാകണമേ.' അവനു പൂർണതയില്ലാതെ ദൈവാലയത്തിൽ വരുന്ന മറ്റുള്ളവരെക്കുറിച്ചു പരാതിയില്ല. കാരണം അവൻ യേശുവിലേക്കു നോക്കി സ്വന്ത കുറവുകളെക്കുറിച്ചാണു ബോധ്യപ്പെടുന്നത്. അവൻ സ്വയം വിധിക്കുന്നു. മറ്റാരെയും കുറ്റപ്പെടുത്തുന്നില്ല. അതുകൊണ്ട് അവന്റെ അടുത്തേക്ക് ആർക്കും വരാം. കൂട്ടായ്മയിൽ ഒന്നിച്ചു പണിയപ്പെടാം. അതേ സമയം പരീശനോ? അവൻ ആളുകളെ ബഹുകാതം അകറ്റി നിർത്തുന്നു! അവനു സഭ പണിയാൻ കഴിയുകയില്ല.

നമുക്കിന്ന് സമ്പൂർണമായ ഒരു വെളിപ്പാടാണാവശ്യം - കർത്താവിന്റെ ദൈവത്വത്തെക്കുറിച്ചും മനുഷ്യത്വത്തെക്കുറിച്ചും. ദൈവത്തെ ദൈവമായിരിക്കുന്ന അവസ്ഥയിൽ പൂർണമായി നാം കാണണം. എങ്കിൽ പിന്നെ നാം 'ജീവിച്ചിരിക്കയില്ല.' അതു നമ്മെ ഒരു 'ഇരട്ട നിലവിളി'യിലേക്കു നയിക്കും. ആ നിലവിളിയുള്ളവർക്ക് എളുപ്പത്തിൽ ചേർന്നു നില്ക്കാനും അങ്ങനെ സഭയുടെ പണിയിൽ പങ്കാളിയാകാനും കഴിയും.

ഉവ്വ്, സഭ ദൈവത്തെക്കുറിച്ചുള്ള പൂർണമായ ഒരു വെളിപ്പാടിന്മേലാണു പണിയപ്പെടുന്നത്. ■



# GIRDED WITH GLADNESS

David Wilkerson

There is only one way to cheer up your heart and stay in gladness. "My soul thirsteth for God, for the living God. . . . My tears have been my meat day and night. . . . I pour out my soul in me. . . . Why art thou cast down, O my soul? And why art thou disquieted in me? Hope thou in God: for I shall yet praise him for the help of his countenance" (Psalm 42:2-5). This is God's message to all who are "cast down"—all those who are sad, defeated, low, blue, discouraged and joyless.

Why am I depressed? Why am I gloomy and sad? Why am I overwhelmed? Why do I mourn? David does not even try to answer these questions in this psalm. All he can say is, "Hope in God! He is the help of my countenance."

To those who patiently, expectantly wait on God, "the Lord will command his lovingkindness in the daytime, and in the night his song shall be with me" (42:8).

God has given clear warning that it is a most serious matter to Him when we do not serve Him with gladness. In Deuteronomy 28, we learn of all the curses and diseases that overtake the unbelieving: "All these curses shall come upon thee. . . . Because thou servedst not the Lord thy God with joyfulness, and with gladness of heart, for the abundance of all things" (28:45-47).

God says, "You have focused on some little hurt, some wrongful thing, and in doing so you have forgotten all the blessings and wonderful things I have done for you!"

Christ will turn your hopelessness into rejoicing and clothe you with gladness—if you will release your faith to Him. "Thou hast turned for me my mourning into dancing: thou hast put off my sackcloth, and girded me with gladness" (Psalm 30:11). Saints, rejoice in the God of hope—and live!

JEEVAMOZHIKAL RNI/KERBIL/-2003/21404 Date of Publication 28-04-2015
May 2015 www. jeevamozhikal.org
Annual Subscription Rs.100/-

# എവിടെ പ്രസിദ്ധൻ?

ആഫ്രിക്ക എന്ന 'ഇരുണ്ട ഭൂഖണ്ഡ'ത്തെ സുവിശേഷത്തിന്റെ വെള്ളി വെളിച്ചത്തിലേക്ക് ആനയിച്ച മിഷനറി എന്ന നിലയിൽ ചരിത്രത്തിൽ ഇടം പിടിച്ച ഡേവിഡ് ലിവിങ്സ്റ്റണ് ഒരു സഹോദരൻ ഉണ്ടായിരുന്നു - ജോൺ ലിവിങ്സ്റ്റൺ.

സ്കോട്ലണ്ടിൽ ഇരുവരും അവരുടെ ബാല്യ, കൗമാരങ്ങൾ പിന്നിട്ടപ്പോൾ തന്നെ ജോൺ ലിവിങ്സ്റ്റൺ പറയുമായിരുന്നു: "എനിക്കു പണം നേടണം. ഞാൻ കാനഡയിൽ പോയി പണം ഉണ്ടാക്കും."

വളർന്നപ്പോൾ താൻ പറഞ്ഞതു പോലെ ജോൺ ലിവിങ്സ്റ്റൺ കാനഡയിലേക്കു പോയി. പണം ധാരാളം സമ്പാദിച്ചു. 5,00,000 ഡോളറിന്റെ എസ്റ്റേറ്റുകൾ; ലക്ഷക്കണക്കിനു ഡോളറുകളുടെ ഇൻഷുറൻസ് ഇതെല്ലാം സ്വന്തമാക്കി. ഒടുവിൽ അദ്ദേഹം മരിച്ചു. പത്രത്തിൽ ഒരു ചെറിയ വാർത്ത വന്നു. ഇന്ന് അദ്ദേഹത്തെ ആരോർക്കുന്നു!

എന്നാൽ ഡേവിഡ് ലിവിങ്സ്റ്റൺ ആഫ്രിക്കയിൽ ഒരു കുടിലിൽ മുട്ടുകുത്തി പ്രാർഥിച്ചു കൊണ്ടിരിക്കുമ്പോൾ മരിച്ചു പോയി. പക്ഷേ അദ്ദേഹം ഇന്നും ഓർക്കപ്പെടുന്നു - ഇവിടെയും, അവിടെയും.

മറ്റൊരു കഥ ഇങ്ങനെ: വില്യം കെല്ലി ചെറുപ്പമായിരുന്നപ്പോൾ ദൈവത്തിനായി ജീവിക്കാൻ തീരുമാനിച്ചു. അദ്ദേഹം പ്രശസ്തനായ വേദപണ്ഡിതനായി ത്തീർന്നു. അദ്ദേഹത്തിന്റെ ഒരു ബന്ധു ഡബ്ലിനിലെ പ്രശസ്ത യൂണിവേഴ്സിറ്റിയിൽ അഡ്മിഷന് ആഗ്രഹിച്ചപ്പോൾ അതിനായി ആ ബന്ധുവിനു വേണ്ട പഠനവും പരിശീലനവും നൽകിയതു വില്യം കെല്ലിയാണ്. ഒടുവിൽ ബന്ധുവിനു അവിടെ നല്ല റാങ്കോടെ പ്രവേശനം കിട്ടി. ഈ വിവരം മനസ്സിലാക്കിയ യൂണിവേഴ്സിറ്റി അധികൃതർ കെല്ലിയെത്തന്നെ ആ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തി പ്രശസ്തനായ പ്രഫസറായി മാറാൻ ക്ഷണിച്ചു. അദ്ദേഹം മടിച്ചു. അപ്പോൾ അക്ഷമനായ ഒരു പ്രഫസർ ഇങ്ങനെആക്രോശിച്ചു: "കെല്ലി, നിങ്ങൾ ലോകത്തിൽ പ്രശസ്തനാകാനുള്ള അവസരം എന്തിനു പാഴാക്കുന്നു?" കെല്ലിയുടെ മറുപടി: "നിങ്ങൾ ഏതു ലോകത്തിന്റെ കാര്യമാണു പറയുന്നത്?"

അതെ, കെല്ലി ഈ ലോകത്തിനു മുൻപിൽ ഭോഷനായി. പക്ഷേ ദൈവരാജ്യത്തിൽ പ്രശസ്തനായി - 'കർത്താവിൽ പ്രസിദ്ധനായ രൂഫോസിനെപ്പോലെ' (റോമർ 16:13).

നിങ്ങളുടെ പ്രസിദ്ധി എവിടെയാണ്?

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.